


11497

# സമൃദ്ധിയിലേക്കുള്ള സോപാനം

പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ



12490 11497

# സമൃദ്ധിയിലേക്കുള്ള

# സോപാനം

പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ

സമൃദ്ധിയിലേക്കുള്ള സോപാനം–പുതിയ ഇരുപതിനപരിപാടിയുടെ സവിശേഷതകൾ

11497



'സത്യമേവ ജയതേ'
അതാണ് നമ്മുടെ ദേശീയ ലക്ഷ്യം;
സത്യം മാത്രം വിജയിക്കുന്നു.
നമ്മുടെ ദൈനംദിന ജീവിതത്തിൽ മറ്റൊരു ലക്ഷ്യംകൂടി—
'ശ്രമ ഏവ ജയതേ'.

സത്യദീക്ഷയും ആത്മാർത്ഥമായ അദ്ധ്വാനവുമാണ് പരസ്പര
ആദരവിന്റെയും പുരോഗതിയുടെയും ഐശ്വര്യത്തിന്റെയും
അടിത്തറ. നമ്മുടെ സമ്പദ് വ്യവസ്ഥ മുന്നോട്ടേക്കാണ്.
ജനലക്ഷങ്ങളുടെ ജീവിതഭാരം കുറയ്ക്കുവാനുള്ള കർത്തവ്യം നമ്മിൽ
നിക്ഷിപ്തമാണ്.
ഈ പരിപാടി നിങ്ങൾക്കോരോരുത്തർക്കുമുള്ളതാണ്—
നാം സേവനമർപ്പിക്കുവാനും വളർത്തുവാനും കെട്ടിപ്പടുക്കുവാനും
ആഗ്രഹിക്കുന്ന രാഷ്ട്രത്തിനുള്ളതുമാണ്.
ഈ പരിപാടി വിജയിപ്പിക്കുവാൻ നിങ്ങളുടെ
ആത്മാർപ്പണത്തോടെയുള്ള സഹകരണം ഞാൻ തേടുന്നു.

ഇന്ദിരാഗാന്ധി
പ്രധാനമന്ത്രി



പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഈ ജനുവരി 14—ാം തീയതി പ്രഖ്യാപിച്ച പുതിയ ഇരുപതിനപരിപാടി, രാഷ്ട്രത്തിന്റെ സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് വ്യക്തമായ ലക്ഷ്യവും ഉത്സാഹവും നൽകിയിരിക്കുകയാണല്ലോ. ഇന്ത്യയുടെ സാമ്പത്തിക പുനഃസംവിധാനത്തിന് കരുത്തും ക്രിയാത്മകതയും നൽകിയ ഇരുപതിനപരിപാടിയുടെ നടത്തിപ്പിലുണ്ടായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ, മാറ്റങ്ങളോടെയാണ് പുതിയ കർമ്മ പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നത്.

ഈ പരിപാടിയിലെ എല്ലാ ഇനങ്ങളും ആറാം പദ്ധതിയിൽ ഉൾപ്പെട്ടവതന്നെയാണ്. എന്നാൽ അതിൽത്തന്നെ അവശജനങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും പെട്ടെന്ന് ആശ്വാസവും പ്രയോജനവും സിദ്ധിക്കുന്ന ഇനങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിരിക്കുകയാണ് ഇരുപതിനപരിപാടിയിൽ. പാവപ്പെട്ട കർഷകനു ഭൂമി, വെള്ളം, മെച്ചപ്പെട്ട കൂലി, പ്രവർത്തന സ്വാതന്ത്ര്യം, കുടിക്കാൻ ശുദ്ധജലം വൈദ്യുതി, വിദ്യാഭ്യാസത്തിനും ആരോഗ്യരക്ഷയ്ക്കുമുള്ള സൗകര്യങ്ങൾ, തൊഴിൽ അവസരങ്ങൾ, സാമൂഹ്യവിരുദ്ധ ശക്തികളിൽനിന്നു സംരക്ഷണം എന്നിവ അടിയന്തിരമായി ലഭ്യമാക്കിക്കൊടുക്കാനുള്ള ഒരു സമഗ്ര പരിപാടിയാണിത്.

ആസൂത്രിതാടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനം തുടങ്ങി കാൽ നൂറ്റാണ്ടു കഴിഞ്ഞിട്ടും സമൂഹത്തിലെ അനേകായിരം അവശരും ആർത്തരും ആയ പാവപ്പെട്ടവർ ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെയാണ് എന്ന സത്യം വേദനാജനകമാണ്. സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയുടെ ഗുണഫലങ്ങൾ അവരും അനുഭവിക്കുന്നുണ്ടെങ്കിലും ജീവിതത്തിന്റെ പ്രാഥമിക സൗകര്യങ്ങൾ സുസ്ഥിരമായും സുലഭമായും അവർക്കു കിട്ടുവാനുള്ള സാഹചര്യം ഇനിയും പൂർണ്ണമായി ഇവിടെ ഉണ്ടായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. അതിലേക്കുള്ള തീവ്രയത്നം നാം ആരംഭിച്ചിരിക്കുകയാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ളവരുടെ ആത്മാർത്ഥമായ പങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമെ ഈ യത്നം വിജയിക്കുകയുള്ളു.

ഇന്ത്യയിലെ ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് പല ഇനങ്ങളിലും കേരളം ഇതിനകം കാര്യമായ പുരോഗതി നേടിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യരക്ഷ, കാര്യക്ഷമവും വ്യാപകവുമായ പൊതുവിതരണസമ്പ്രദായം, വൈദ്യുതി വികസനം, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ക്ഷേമപരിപാടി, കുടുംബാസൂത്രണം, ചേരി നിർമ്മാർജ്ജനം, ഭൂവുടമാസമ്പ്രദായത്തിലെ പൊളിച്ചെഴുത്ത്, കൃഷിത്തൊഴിലാളികൾക്കു മെച്ചപ്പെട്ട കൂലി, പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ക്ഷേമം, ഭവന നിർമ്മാണം എന്നീ രംഗങ്ങളിലെല്ലാം നമ്മുടെ നേട്ടങ്ങൾ അഭിമാനകരമാണ്. എന്നാലും നമ്മുടെ ആവശ്യങ്ങളും ലക്ഷ്യവുമായി താരതമ്മ്യപ്പെടുത്തുമ്പോൾ നാം ഇനിയും ഏറെ സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് ബോധ്യമാകും.

ആ ലക്ഷ്യം പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിവരിക്കുന്ന ഈ പുസ്തകം ദുർബല വിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങളിൽ എല്ലാ തുറകളിലുംപെട്ട ജനങ്ങളുടെ ക്രിയാത്മക സഹകരണം നേടുന്നതിന് സഹായകമാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

കെ. കരുണാകരൻ
മുഖ്യമന്ത്രി

I

# വയലുകൾക്ക് വെള്ളം

**കാലവർഷത്തിന്റെ കാരുണ്യം കലർന്ന കടാക്ഷത്തിൽ ആശ്വാസം കൊള്ളുന്ന കേരളത്തിലെ കർഷകന്റെ പാടത്ത് വെള്ളം മുടങ്ങാതെ എത്തിക്കുന്ന തോടുകളുടെയും നീർച്ചാലുകളുടെയും വ്യാപ്തി വർദ്ധിപ്പിക്കുന്നു.**

തുലാവർഷവും ഇടവപ്പാതിയും മുറ തെറ്റാതെ വന്നു പോകുന്ന കേരളം നദികളുടെയും, കായലുകളുടെയും നാടാണ്. അതിവർഷവും അനാവർഷവും ഇവിടെ സാധാരണമല്ലെങ്കിലും ഇടയ്ക്കിടെ കാലവർഷം ഒളിച്ചു കളിക്കാറുണ്ട്. എന്നാലും ജലാശയങ്ങളിലും ഭൂഗർഭങ്ങളിലും ഉള്ള വെള്ളം കർഷകന് കണിശമായി എത്തിക്കേണ്ട മാർഗം വികസിപ്പിക്കുക എന്നതാണ് ജലവിഭവ വിനിയോഗം സംബന്ധിച്ച പ്രധാന പ്രശ്നം. കുന്നും മലയും താഴ്വരകളും അടിവാരവും ആയിക്കിടക്കുന്ന ഭൂപ്രകൃതിയും, അതിരും വരമ്പുംകോരി ചെറുകഷണങ്ങളാക്കി തിരിച്ചിട്ടിരിക്കുന്ന കൃഷിയിടവും ആണ് കേരളത്തിൽ ജലസേചന സൗകര്യം വികസിപ്പിക്കുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ. എന്നാലും വൻകിട പദ്ധതികളും ഇടത്തരം-ചെറുകിട പദ്ധതികളും ചേർന്ന് സൃഷ്ടിച്ച വിപുലമായ ജലസേചന സംവിധാനം 2.96 ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് കൃഷിക്ക് വെള്ളം എത്തിക്കുന്നു. മലമ്പുഴ, ചാലക്കുടി, പീച്ചി, നെയ്യാർ, പോത്തുണ്ടി, ഗായത്രി, വാളയാർ, വാഴാനി, മംഗലം, ചീരക്കുഴി, പമ്പ, പെരിയാർവാലി, ചിത്തിരപ്പുഴ, മൂലത്തറ, കാഞ്ഞിരപ്പുഴ, കുററ്യാടി, പഴശ്ശി തുടങ്ങിയ പദ്ധതികളാണ് ഈ കൃത്യം പ്രധാനമായുംനിർവഹിക്കുന്നത്. എന്നാൽ വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ ശൃംഖല വിപുലപ്പെടുത്തി ജലം ലഭ്യമാക്കാവുന്ന 14 ലക്ഷം ഹെക്ടർ കൃഷിഭൂമിയുണ്ട് ഇനിയും ഇന്നാട്ടിൽ.

കുറഞ്ഞ മൂലധന നിക്ഷേപവും താരതമ്യേന മെച്ചപ്പെട്ട പ്രയോജനവും മൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് പ്രത്യേക പ്രാധാന്യം നല്കിയിട്ടുണ്ട്. ചെറുകിട ജലസേചന പദ്ധതികൾ മുഖേന 11 ലക്ഷം ഹെക്ടർ സ്ഥലത്ത് വെള്ളമെത്തിക്കാമെന്ന് കണക്കാക്കപ്പെടുന്നു. 1981 മാർച്ച് അവസാനം വരെ മൊത്തത്തിൽ 1530004 ഹെക്ടർ പ്രദേശത്ത് ചെറുകിട ജലസേചന പദ്ധതികളുടെ പ്രയോജനം ലഭിച്ചു.

1980-81 ൽ മാത്രം ഈ പദ്ധതികളിലൂടെ 10888 ഹെക്ടർ പ്രദേശത്ത് കൂടുതലായി ജലസേചനസൗകര്യമേർപ്പെടുത്താൻ കഴിഞ്ഞു. ഈ കാലയളവിൽ പതിനൊന്നു വൻകിട പദ്ധതികളും രണ്ട് ഇടത്തരം പദ്ധതികളും 25 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും 112 ഏലാ വികസന പദ്ധതികളും പൂർത്തിയാക്കി. ഇവയുടെ ജലസേചന വ്യാപ്തി മൊത്തം 112400 ഹെക്ടറാണ്.

കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ചെറുകിട ജലസേചനപദ്ധതികളുടെ പ്രാധാന്യമേറുന്നു. ജലസേചനത്തിനുള്ള തലച്ചിറകളുടെ നിർമ്മാണവും പുതുക്കിപ്പണിയും നടത്തുക, പ്രകൃതിദത്തമായ ജലവാഹിനികളെ തിരിച്ചുവിടുന്നതിനുള്ള ചാലുകൾ ഉണ്ടാക്കുകയും പുതുക്കുകയും ചെയ്യുക, ഉപ്പുവെള്ളം ശുദ്ധീകരിക്കുന്നതിനും കായൽജലം വറ്റിക്കുന്നതിനും തോടുകളും ചാലുകളും മെച്ചപ്പെടുത്തി സംരക്ഷിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് പ്രധാനം.

ആറാം പദ്ധതിയിൽ സംസ്ഥാനത്തെ ചെറുകിട ജലസേചനത്തിനുവേണ്ടി 3300 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ രണ്ടു വർഷംകൊണ്ട് 970 ലക്ഷം രൂപാ വിവിധ ജലസേചന പദ്ധതികൾക്കായി ചെലവഴിച്ചു.

സംസ്ഥാനത്ത് ഇപ്പോൾ 18 ജലസേചന പദ്ധതികളുടെ പ്രവർത്തനം വിവിധ കാലഘട്ടങ്ങളിലായി നടന്നു വരുന്നുണ്ട്. ഇവയിൽ ഏഴ് പദ്ധതികൾ മൂന്നാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ പ്രവർത്തിച്ചുവരികയാണ്. നിലവിലുള്ള പദ്ധതികൾ ഏറ്റവും വേഗം പൂർത്തിയാക്കുക എന്ന കാര്യത്തിന് പരമാവധി മുൻഗണന നല്കുക എന്ന നയം അവലംബിച്ച് ആറാം പദ്ധതിയുടെ അവസാനത്തിനു മുമ്പ്, കല്ലട ഒഴികെയുള്ള ജലസേചന പദ്ധതികൾ പൂർത്തിയാക്കുന്നതാണ്. 1982-83 ലേക്ക് ജലസേചന പദ്ധതികൾക്ക് വേണ്ടി 51 കോടി രൂപായാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക 60.30 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. ഈ വർഷം 18,188 ഹെക്ടർ സ്ഥലത്തുകൂടി ജലസേചന പദ്ധതികൾ വ്യാപിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കല്ലട പദ്ധതിക്കു വേണ്ടിയുള്ള വകയിരുത്തൽ 26 കോടി രൂപയാണ്. ഈ പദ്ധതിക്ക് ലോകബാങ്കിന്റെ സഹായവും ലഭിയ്ക്കുന്നതാണ്.

മണ്ണിൽനിന്ന് പരമാവധി വിളവുണ്ടാക്കുന്നതിന് സഹായകമായ രീതിയിൽ ജലസേചന സൗകര്യം വികസിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇരുപതിന പരിപാടിയിലെ മുഖ്യമായ ഇനം.



# 2

# വിളവ്..........കനത്ത വിളവ്

**പയർ, എള്ള്, നിലക്കടല, ഉഴുന്ന് എന്നിവയുടെ ഉല്പാദനത്തിൽ നാം വേണ്ടത്ര ശ്രദ്ധിക്കുന്നുണ്ടോ? നാളികേരക്കൃഷിയിൽ ശാസ്ത്രീയ സമീപനവും സജീവ താത്പര്യവും വേണ്ടേ? ഇരുപതിനപരിപാടി അതിലേക്ക് ഉത്തേജനം നൽകുന്നു.**

1982 ഉത്പാദനക്ഷമതയുടെ വർഷമാണ്; പാടത്തും പണിശാലയിലും പരമാവധി ഉത്പാദനം കൈവരിക്കാൻ സംഘടിതശ്രമം നടക്കുന്ന വർഷം. 8,016 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷിയുള്ള കേരളത്തിൽനിന്ന് ഇക്കൊല്ലം 14.47 ലക്ഷം ടൺ ഉത്പാദിപ്പിക്കാൻ നാം നിശ്ചയിച്ചിരിക്കുകയാണല്ലോ. എന്നാൽ അതോടൊപ്പം പയർവർഗ്ഗങ്ങളുടെയും എണ്ണക്കുരുക്കളുടെയും ഉത്പാദനത്തിലും പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദൈനംദിന ജീവിതത്തിനാവശ്യമായ ധാന്യവും, എണ്ണയും മറ്റും സുലഭമായി കിട്ടുന്നതിനും, നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ഈ നീക്കം ആവശ്യമാണ്. അതുകൊണ്ടാണ് ഈ സാമ്പത്തികതീവ്രയത്നസംരംഭത്തിൽ ഇവയുടെ ഉത്പാദനത്തിനും മുൻഗണന കൊടുത്തിരിക്കുന്നത്.

കൊയ്ത്തു കഴിഞ്ഞ കണ്ടങ്ങളിൽ പയറും ഉഴുന്നും മുതിരയും എള്ളും മറ്റും ഇടവിളയായി കൃഷി ചെയ്യുന്ന പതിവ് പണ്ടേ മലയാളികൾക്ക് പരിചിതമാണല്ലോ. എന്നാൽ അവ ശ്രദ്ധയോടും വാശിയോടും ശാസ്ത്രീയമായി ചെയ്യുവാനുള്ള താത്പര്യം കൃഷിക്കാരിൽ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

പയറുവർഗ്ഗങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് പുതിയ ഇരുപതിന പരിപാടിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ, കൊയ്ത്തൊഴിഞ്ഞ നെൽപ്പാടങ്ങളിലും പറമ്പുകളിലും പലയിനം പയർവർഗ്ഗങ്ങൾ പണ്ടുപണ്ടേ കൃഷിചെയ്തു വരുന്നുണ്ട്. ഇക്കാര്യത്തിൽ ഊർജ്ജിത ശ്രമം ഈ വർഷം നടക്കും.

1980.81 വർഷത്തിൽ കേരളത്തിൽ മൊത്തം 34932 ഹെക്ടർ സ്ഥലത്തുനിന്ന് മൊത്തം 23486 ടൺ പയർവർഗ്ഗങ്ങൾ ഉത്പാദിപ്പിക്കുകയുണ്ടായി. കഴിഞ്ഞ വർഷം മുപ്പത്തയ്യായിരത്തോളം ഹെക്ടർ ഭൂമിയിൽനിന്ന് നമ്മുടെ കൃഷിക്കാർ ഇരുപതിനായിരത്തോളം ടൺ പയർവർഗ്ഗം കൊയ്തെടുത്തുവെന്നാണ് കണക്ക്.

ഈ വർഷം (1982.83) ൽ 54241 ഹെക്ടർ സ്ഥലത്തുനിന്ന് 35930 ടൺ പയർ വർഗ്ഗങ്ങൾ ഉത്പാദിപ്പിക്കണമെന്നാണ് നിശ്ചയിച്ചിരുന്നത്. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ യഥാർത്ഥ ഉത്പാദനത്തെയും ലഭ്യമായ കൃഷിയിടത്തിന്റെ വ്യാപ്തിയെയും അടിസ്ഥാനമാക്കി 1982.83.ൽ പയർ വർഗ്ഗങ്ങളുടെ ഉത്പാദന ലക്ഷ്യം പുതുക്കി നിശ്ചയിച്ചു. ഇതനുസിച്ച് ഉത്പാദനം 33750 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കണം. തദനുസരണം ഇക്കൊല്ലം 10,000 ഏക്കർ സ്ഥലത്തു കൂടി പയർ കൃഷി വ്യാപിപ്പിക്കും. മേൽത്തരം വിത്തുകൾ വിതരണം ചെയ്തും മാതൃകാ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കിയും, കീടസംരക്ഷണ പ്രവർത്തനങ്ങൾ വഴിയും ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും നിലവിലുള്ള പയർവർഗ്ഗ കൃഷി സമ്പ്രദായം പരമാവധി മെച്ചപ്പെടുത്തി, പയർ ഉത്പാദനം ഹെക്ടറൊന്നിന് (നിലവിലുള്ള) 690 കിലോഗ്രാമിൽനിന്ന് 750 കിലോഗ്രാമായി വർദ്ധിപ്പിക്കാം.

## നാളീകേരം

കേരവൃക്ഷങ്ങളുടെ നാടായ കേരളത്തിൽ ഒരു മുഖ്യ കാർഷികോത്പന്നമായ കേരത്തിന്, വൻതോതിൽ എണ്ണ ഉത്പാദിപ്പിക്കുവാനുള്ള പ്രധാന വിഭവം നാളീകേരം തന്നെയാണ്.

1980.81–ൽ 6.66 ലക്ഷം ഹെക്ടർ സ്ഥലത്തു നിന്നും 3036 ദശലക്ഷം നാളീകേരം ഉല്പാദിപ്പിക്കുകയുണ്ടായി. ആറാം പദ്ധതിക്കാലത്ത് നാളീകേരത്തിന്റെ ഉല്പാദനലക്ഷ്യം 3333 ദശലക്ഷവും ഉല്പാദനക്ഷമതാ വർഷത്തെ (1982.83) ലക്ഷ്യം 3205 ദശലക്ഷവുമാണ്.

നാളീകേരോല്പാദനം ഈ തോതിൽ വർദ്ധിപ്പിക്കാൻവേണ്ടി പുതിയ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

* രോഗം ബാധിച്ചതും ആദായകരമല്ലാത്തതുമായ തെങ്ങുകൾ വെട്ടി മാറ്റി നല്ല തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുക.

* വികസന ഏജൻസികൾ മുഖേന ജലസേചന സൗകര്യങ്ങൾ വ്യാപകമാക്കുക.

* പഴയ തെങ്ങിൻ തോപ്പുകളിൽ പുതിയ തൈകൾ നട്ടു പിടിപ്പിക്കാനും, പുതുതായി തെങ്ങിൻതോപ്പുകൾ വച്ചുപിടിപ്പിക്കാനും ആവശ്യമായ മേല്ത്തരം

തെങ്ങിൻ തൈകളും നല്ല ഇനത്തിൽപ്പെട്ട തൈകളും വിതരണം നടത്തുക.

* 'കോക്കനട്ട് പാക്കേജ് യൂണിറ്റു'കൾ മുഖേന മെച്ചപ്പെട്ട കൃഷി രീതികൾ സ്വീകരിക്കുക.

* സമഗ്രമായ നാളീകേര വികസന പരിപാടി—'കോംപണൻറ് പ്രോഗ്രാം'—നടപ്പാക്കുക.

രോഗബാധിതവും ആദായകരമല്ലാത്തതുമായ തെങ്ങുകൾ വെട്ടിമാറ്റി, മേല്ത്തരം തൈകൾ വച്ചുവിടിപ്പിക്കുക, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക, പച്ചിലവളച്ചെടികൾ വളർത്തിയും മണ്ണിൻെറ വളക്കൂറ് വർദ്ധിപ്പിച്ചും മഗ്നീഷ്യം സൽഫേറ്റ് ഉപയോഗിച്ചും എക്കൽ പ്രയോജനപ്പെടുത്തിയും മണ്ണിൻെറ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുക, ചെറുകിട തെങ്ങിൻ തോപ്പുകൾക്ക് 10 ശതമാനം വളം സബ്സിഡി ഏർപ്പെടുത്തുക എന്നിവ സമഗ്രമായ നാളീകേര വികസന പരിപാടിയിൽപ്പെടും.



നിലവിലുള്ള തെങ്ങിൻ തോപ്പുകളിലും പുതുതായി വച്ചുപിടിപ്പിക്കുന്ന തെങ്ങിൻ തോപ്പുകളിലും, കഴിഞ്ഞ പത്തു വർഷക്കാലയളവിൽ ഡിപ്പാർട്ടുമെൻറ് വിതരണം ചെയ്തിട്ടുള്ള തെങ്ങിൻ തൈകളുടെ എണ്ണവും ഗുണമേൻമയും കണക്കിലെടുത്തും, സംസ്ഥാന ഗവൺമെൻറിൻെറയും, ഭൂപണയ ബാങ്ക്, കമ്മേർസ്യൽ ബാങ്ക് എന്നിങ്ങനെയുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെയും പ്രയത്നഫലമായി കഴിഞ്ഞ പത്തു വർഷക്കാലത്ത് കൂടുതലായി തെങ്ങു കൃഷി നടപ്പാക്കിയ പ്രദേശങ്ങളെ അടിസ്ഥാനമാക്കിയുമാണ് മേൽപറഞ്ഞ നാളീകേര അധികോല്പാദന പരിപാടി ആവിഷ്ക്കരിച്ചിട്ടുള്ളത്.

കേരളത്തിൽ പല ഭാഗങ്ങളിലും നിലക്കടല കൃഷി ഏറെക്കാലമായി വിജയകരമായി നടപ്പാക്കിവരുന്നുണ്ട്. 1981-82-ൽ 13048 ഹെക്ടർ സ്ഥലത്തുനിന്നും 11201 ടൺ നിലക്കടല ലഭിച്ചു. 1982-83-ലെ നിർദ്ദിഷ്ട ലക്ഷ്യം 20,000 ടൺ ആണ്. കൃഷിയിടത്തിൻെറ വ്യാപ്തി വർദ്ധിപ്പിച്ചും മരച്ചീനി വിളകളിൽ ഇടവിളയായി നിലക്കടല കൃഷിചെയ്തും ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിപാടി. 1982-83 ൽ 'ഏരിയാ എക്സ്പാൻഷൻ പ്രോഗ്രാം' പ്രകാരം രണ്ടു രൂപ സബ്സിഡി അനുവദിച്ച് നിലക്കടല വിത്തുകൾ വിതരണം ചെയ്യുവാനും പരിപാടിയുണ്ട്.

## എള്ള്

17271 ഹെക്ടർ സ്ഥലത്തുനിന്നും കഴിഞ്ഞകൊല്ലം മൊത്തം 4718 ടൺ എള്ള് ഉല്പാദിപ്പിച്ചു. 1981-82 ലെ ഉല്പാദന ലക്ഷ്യം 5000 ടണ്ണാണ്. ഈ സാമ്പത്തിക വർഷത്തിൽ 6000 ടണ്ണ്.

ഹെക്ടറൊന്നിന് 300 കിലോഗ്രാം എന്ന കണക്കിൽ 745 മെട്രിക് ടൺ എള്ള് കൂടുതലായി ഉല്പാദിപ്പിക്കുന്നതിന്, 2470 ഹെക്ടർ സ്ഥലത്തുകൂടി 1982-83 ൽ എള്ളു കൃഷി വ്യാപിപ്പിക്കും. ഹെക്ടറൊന്നിന് 15 കിലോഗ്രാം (അഞ്ച് ശതമാനം) വീതം കൂടുതലായി ഉല്പാദിപ്പിച്ച് ഉല്പാദനലക്ഷ്യം നേടാനാവശ്യമായ 260 ടൺ എള്ള് കൂടുതൽ ഉല്പാദിപ്പിക്കാൻവേണ്ടി മെച്ചപ്പെട്ട കൃഷി സമ്പ്രദായങ്ങൾ സ്വീകരിക്കും.

## മറ്റു ചില പ്രധാന വിളവുകൾ

കുരുമുളക് ഉല്പാദനം, 1980-81 ലെ 29,000 ടണ്ണിൽ (107000 ഹെക്ടർ) നിന്ന് 1982-83 ൽ, 30,000 ടണ്ണായി വർദ്ധിപ്പിക്കാനും, കശുഅണ്ടി ഉല്പാദനം, 1980-81ൽ 83,000 ടൺ ആയിരുന്നത് (1,42,095 ഹെക്ടർ 1982-83 ൽ, 85,000 ടണ്ണായി വർദ്ധിപ്പിക്കാനും, പരുത്തി ഉല്പാദനം 1981-82 ലെ 8305 കെട്ടിൽ (170 കിലോഗ്രാം) നിന്ന് 1982-83 ൽ 14,000 കെട്ടുകളായി വർദ്ധിപ്പിക്കാനും കരിമ്പിൻെറ ഉല്പാദനം 1981-82 ലെ 485680 ടണ്ണിൽ (8541 ഹെക്ടർ) നിന്ന്, 1982-83 ൽ 6,25,000 ടണ്ണായി വർദ്ധിപ്പിക്കാനും ഇക്കൊല്ലം പരിപാടികളാവിഷ്ക്കരിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ഉല്പാദനവർദ്ധനവിന് അനുസരണമായി സ്ഥാപനപരവും സേവനപരവുമായ സൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. മണ്ണ് പരിശോധന, രാസവളപ്രയോഗ പരിപാടി, രാസവളത്തിൻെറ വിനിയോഗം ഊർജ്ജിതപ്പെടുത്തൽ, അഗ്രിഹോർട്ടീകൾച്ചറൽ സൊസൈറ്റികൾ, കിഴങ്ങു വർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗച്ചെടികളുടെ വികസനം, പച്ചക്കറി വർഗ്ഗങ്ങളുടെ വർദ്ധനവ് എന്നിങ്ങനെ പല പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നു.

## കരക്കൃഷി

കരക്കൃഷി വികസനമാണ് മറ്റൊരു പദ്ധതി. ഓരോതരം കരഭൂമിയ്ക്കും അനുയോജ്യമായ വിളവുകൾ ഏതെന്ന് കണ്ടു പിടിക്കാനും സാങ്കേതിക രീതികൾ വികസിപ്പിക്കാനും, സാധന-സാമഗ്രികൾ ലഭ്യമാക്കാനും പ്രത്യേക പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്ട് ജില്ലയിൽ അട്ടപ്പാടിയിലും കൊഴിഞ്ഞാമ്പാറയിലുമാണ് ഈ കൃഷി രീതിയ്ക്ക് പ്രാമുഖ്യം നല്കിയിട്ടുള്ളത്.

കൊഴിഞ്ഞാമ്പാറയിൽ, 6526 ഏക്കർ സ്ഥലത്ത് നെല്ലും, 12109 ഏക്കറിൽ നിലക്കടലയും, 1354 ഏക്കർ സ്ഥലത്ത് കരിമ്പും, 7528 ഏക്കറിൽ പരുത്തിയും, 6397 ഏക്കറിൽ മറ്റു വിളവുകളും ഉൾപ്പെടെ മൊത്തം 33914 ഏക്കറിൽ കരക്കൃഷിയിറക്കും.

65,000 ഹെക്ടർ കരപ്രദേശം കൃഷിയോഗ്യമായിട്ടു കേരളത്തിലുണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. അനുയോജ്യമായ വിത്തിനങ്ങളുപയോഗിച്ച് ആ പ്രദേശത്ത് കരനെല്ല് കൃഷിചെയ്യാനും പരിപാടിയുണ്ട്.

സാമൂഹ്യമായും സാമ്പത്തികമായും പിന്നണിയിൽ കിടക്കുന്ന ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഗുണകരമായ പ്രത്യേക കാർഷിക പരിപാടികളും ഇക്കൊല്ലം നടപ്പാക്കുന്നുണ്ട്. വാർഷിക പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള കാർഷിക വികസനത്തിന് 105.96 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഉല്പാദനക്ഷമതാ വർഷത്തിൽ (1982) പട്ടികജാതിക്കാർക്കു വേണ്ടിയുള്ള കാർഷിക വികസന പരിപാടികൾക്ക് 88.30 ലക്ഷം രൂപയും പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള 'സ്പെഷ്യൽ കാംപോണെൻറ്' പരിപാടികൾക്കായി 11.77 ലക്ഷം രൂപയും അങ്ങിങ്ങായി വേർതിരിഞ്ഞു പാർക്കുന്ന പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി 5.89 ലക്ഷം രൂപയും ഈ ഇനത്തിൽ ചെലവാക്കപ്പെടും.

## ഗ്രാമങ്ങളെ ദത്തെടുക്കൽ:

കാർഷികോല്പാദന വർദ്ധനവിന് വമ്പിച്ച സാധ്യതകളുള്ള ഗ്രാമങ്ങളെ തെരഞ്ഞെടുത്ത് ഡിപ്പാർട്ടുമെൻറിൻെറ പരിപാടികൾ പ്രത്യേക ശ്രദ്ധയോടെ നടപ്പാക്കിവളർത്തിയെടുക്കണമെന്ന് കേന്ദ്രഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കാർഷിക പരിശീലന കേന്ദ്രങ്ങളുടെ കീഴിലായിരിക്കണമവയെന്നും സൂചിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, തൃശൂർ, പാലക്കാട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിൽ കർഷക പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ട്. ഓരോ കർഷക പരിശീലന

കേന്ദ്രവും, താഴെപ്പറയുന്ന വിളവുകൾ വർദ്ധിപ്പിക്കാൻ വേണ്ടി മൂന്നു ഗ്രാമങ്ങൾ വീതം ദത്തെടുക്കുന്നതാണ്.

തിരുവനന്തപുരം : മരച്ചീനി, പച്ചക്കറി വർഗ്ഗങ്ങൾ, നെല്ല്, കുരുമുളക്, കപ്പലണ്ടി, തെങ്ങ്, മധുരക്കിഴങ്ങ്, പയർ വർഗ്ഗങ്ങൾ.

കൊല്ലം : കുരുമുളക്, എള്ള് ഏത്തവാഴ, ചെറുകിഴങ്ങു വർഗ്ഗങ്ങൾ, നെല്ല്, പൈനാപ്പിൾ, പയറു വർഗ്ഗങ്ങൾ,

തൃശൂർ : നെല്ല്, ഏത്തവാഴ, അടയ്ക്ക, പൈനാപ്പിൾ, ചൈനീസ് പൊട്ടറ്റോ.

പാലക്കാട് : നെല്ല്, പയർ വർഗ്ഗങ്ങൾ, കരിമ്പ്, പരുത്തി, നിലക്കടല, തിന (മൈനർ മില്ലറ്റ്).

കണ്ണൂർ : മധുരക്കിഴങ്ങ്, പച്ചക്കറിവർഗ്ഗങ്ങൾ, മാങ്ങ, പൈനാപ്പിൾ, പയറുവർഗ്ഗങ്ങൾ, കുരുമുളക്, തിന.

ഗ്രാമത്തിന്റെ മൊത്തത്തിലുള്ള കാർഷികോല്പാദനപുരോഗതി, ഗ്രാമീണരുടെ വരുമാനവർദ്ധനവ്, അയൽ ഗ്രാമങ്ങൾക്ക് മാതൃകയാകുംവിധം ഗ്രാമത്തിന്റെ പരമാവധി വികാസം ഉറപ്പു വരുത്തുക എന്നിവയാണ് ഗ്രാമങ്ങളെ ദത്തെടുക്കലിന്റെ ലക്ഷ്യം.

## മാനദണ്ഡം

കാർഷിക-വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളുടെ സാമീപ്യം, ഗതാഗതസൗകര്യം എന്നിവ ദത്തെടുക്കുന്നതിന് പ്രേരകങ്ങളാണ്. 100 മുതൽ 200 വരെ കർഷക കുടുംബങ്ങൾ—ഭൂരിഭാഗവും ചെറുകിട ഇടത്തരം കൃഷിക്കാർ—ഉള്ളതും, സ്ക്കൂളോ ബാങ്കോ സഹകരണസ്ഥാപനമോ, സഹകരണ പ്രസ്ഥാനമോ നിലവിലുള്ളതുമായിരിരിക്കണം പ്രസ്തുത ഗ്രാമങ്ങൾ. കാർഷിക വിളകൾ മൃഗസംരക്ഷണം, മത്സ്യബന്ധനം, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും കേന്ദ്ര-സംസ്ഥാന പരിപാടികൾ നടപ്പാക്കപ്പെടുന്നവയും ആയിരിക്കണം. അവിടെ ഒരു നല്ല വികസന ഏജൻസി ഉണ്ടായിരിക്കണം. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, കോഴിവളർത്തൽ എന്നിവയിലേതെങ്കിലും വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകളേറെയുണ്ടായിരിക്കണം.



# 3

# ഗ്രാമീണർക്ക് തൊഴിൽ

**തൊഴിലില്ലാത്തവരും, വല്ലപ്പോഴും ഒരിക്കൽ കൂലിപ്പണി കിട്ടുന്നവരുമായ പാവപ്പെട്ട ഗ്രാമീണർക്ക് തൊഴിലവസരം ഉണ്ടാക്കിക്കൊടുക്കാനുള്ള ദേശീയ പരിപാടി.**

നമ്മുടേത് ഒരു കാർഷിക സമ്പദ്‌വ്യവസ്ഥയാണല്ലോ. കേരളത്തിലെ കർഷകരിൽ 75 ശതമാനത്തോളം പേർക്ക് കൈവശമുള്ളത് ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷിഭൂമിയാണ്. അതിൽ കഠിനാധ്വാനം ചെയ്തു ലഭിക്കുന്ന വിളകൾ മാത്രമാണ് ബഹുഭൂരിപക്ഷത്തിന്റേയും ഉപജീവനമാർഗ്ഗം. അംഗസംഖ്യ കൂടുതലുള്ള കുടുംബങ്ങളാണെങ്കിൽ കൂലിപ്പണിക്കു പോകാനും അവർ നിർബന്ധിതരായിത്തീരുന്നു. കൃഷിപ്പണി ലഭിക്കുന്നതാകട്ടെ വർഷത്തിൽ ഒരു ചുരുങ്ങിയ കാലയളവിൽ മാത്രം. ഇതുതന്നെയാണ് ഗ്രാമങ്ങളിലെ മറ്റു അവശ വിഭാഗങ്ങളുടേയും സ്ഥിതി. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ഈ അധഃസ്ഥിതരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തേണ്ടത് ഏതൊരു ജനാധിപത്യ ഗവൺമെൻറിന്റേയും കടമയാണ്. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് ഗ്രാമീണ വികസന പരിപാടി ആസൂത്രണം ചെയ്തതും അതിന് ഇരുപതിന സാമ്പത്തിക പരിപാടിയിൽ മുൻഗണന നൽകിയതും.

## സാർവത്രികമായ വികസനത്തിനുവേണ്ടി

ചെറുകിട—ഇടത്തരം കർഷകർ, കർഷകത്തൊഴിലാളികൾ, ഗ്രാമീണ കരകൗശല ജോലിക്കാർ, പട്ടികജാതി—പട്ടിക വർഗ്ഗക്കാർ തുടങ്ങിയ അവശ വിഭാഗങ്ങളാണ് ഈ പരിപാടിയുടെ ഗുണഭോക്താക്കൾ. ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ ഇവർക്ക് നിത്യേന ജോലി ലഭ്യമാക്കുക, അവരുടെ ജീവിതനിലവാരം ഉയർത്തുക, വിവിധ ജോലികളിൽ പരിശീലനം നൽകുക, ഋണ വിമുക്തരാക്കുക, ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുക, വായ്പക്ക് സബ്സിഡി നൽകുക, എല്ലാറ്റിനും ഉപരിയായി അവരെ രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുക എന്നിവയാണ് സംയോജിത ഗ്രാമവികസന പദ്ധതിയുടെ ഉദ്ദേശ്യം. കഴിഞ്ഞ കാലങ്ങളിൽ ഏതെങ്കിലും പരിപാടികൾ പ്രാവർത്തികമാക്കുമ്പോൾ 'ടാർഗറ്റ്' നേടുക എന്നതു മാത്രമായിരുന്നു സമീപനം. അവയുടെ ഗുണഫലം ചില വ്യക്തികളിലും തെരഞ്ഞെടുക്കപ്പെട്ട ഏതാനും സ്ഥലങ്ങളിലും മാത്രമായി ഒതുങ്ങി നിൽക്കുകയും ചെയ്തിരുന്നു. കുടുംബങ്ങളുടെ മൊത്തത്തിലുള്ള സാമ്പത്തിക ഉന്നമനത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. ഈ പുതിയ പദ്ധതിയിലാകട്ടെ കുടുംബത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കാണ് ആദ്യപരിഗണന നല്കിയിരിക്കുന്നത്. കൈവശഭൂമിയുടെ വിസ്തൃതി പരിമിതവും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ സഹായകവുമല്ലാത്ത തരത്തിലുമാണെങ്കിൽ ഉപതൊഴിലുകൾ മുഖേന അവരുടെ സാമ്പത്തിക നിലവാരം ഉയർത്തുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

## കഴിഞ്ഞവർഷം

ദേശീയ തൊഴിൽദാന പരിപാടിയനുസരിച്ച് കഴിഞ്ഞവർഷം കേരളത്തിൽ 128.32 ലക്ഷം മനുഷ്യപ്രയത്ന ദിവസത്തിനുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കി. ഇതിൽ തൊഴിൽരഹിതർക്കും അർദ്ധതൊഴിൽരഹിതർക്കും 128.32 ലക്ഷം തൊഴിൽദിനമാണ് കിട്ടിയത്. ഈ പദ്ധതിക്കായി 17.08 കോടി രൂപ ചെലവഴിച്ചു. നേട്ടങ്ങളുടെ പട്ടികയാകട്ടെ ബൃഹത്തും. ഗ്രാമങ്ങളിൽ 5833 കിലോമീറ്റർ റോഡ് നിർമ്മിച്ചതിനു പുറമെ 2631 കിലോമീറ്റർ റോഡുകളിൽ അറ്റകുറ്റപണികൾ നടത്തുകയും ചെയ്തു. ചെറുകിട ജലസേചന സൗകര്യം 2904 ഹെക്ടർ ഭൂമിക്ക് ഏർപ്പെടുത്തുകയുണ്ടായി. എൺപത്തിമൂന്ന് കലുങ്കുകളും 19 വിദ്യാലയമന്ദിരങ്ങളും പതിനൊന്ന് ബാലവാടികൾക്കും 7 മഹിളാസമാജങ്ങൾക്കും രണ്ടു ഡിസ്പെൻസറികൾക്കും ആവശ്യമായ കെട്ടിടങ്ങളും നിർമ്മിക്കുവാൻ കഴിഞ്ഞു. കൂടാതെ കളിസ്ഥലങ്ങൾ, ചെറിയ സ്റ്റേഡിയങ്ങൾ, പൊതു കക്കൂസുകൾ, വെയിറ്റിംഗ് ഷെഡുകൾ എന്നിവയും നിർമ്മിച്ചു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 1,75,610 കുടുംബങ്ങളുടെ സ്ഥിതിഗതികളെക്കുറിച്ച് വിശദമായ പഠനം നടത്തി അവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ തയ്യാറാക്കുകയും അവ ബാങ്കുകളുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. തൻമൂലം 96,832 കുടുംബങ്ങൾക്ക് ബാങ്കുകളിൽ നിന്നും 22.74 കോടി രൂപ വായ്പയായും 6.10 കോടി രൂപ സബ്സിഡിയായും ലഭിക്കുകയുണ്ടായി. ഇതിൽ എഴുപത്തിമൂന്നു ലക്ഷം രൂപ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കാണ് ലഭിച്ചത്.

## ഹരിജനക്ഷേമം

ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടിക്കുവേണ്ടി മാറ്റിവെയ്ക്കപ്പെട്ടിട്ടുള്ള തുകയുടെ 22 ശതമാനവും ഹരിജനക്ഷേമത്തിനു വേണ്ടിയുള്ളതാണ്. സാമൂഹ്യ ഭവന നിർമ്മാണ പരിപാടി പ്രകാരം 275 വീടുകൾ ഗിരിവർഗ്ഗക്കാർക്കായി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഈരാറ്റുപേട്ടയും വയനാടുമാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്ര

ങ്ങൾ. സാമൂഹ്യ വനവൽക്കരണ പരിപാടിയും അവശ വിഭാഗങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 350 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് തണൽവൃക്ഷങ്ങൾ നട്ടുപിടുപ്പിച്ചു. ഇതിനാവശ്യമായ തൈകൾ നട്ടുവളർത്തുന്നതിന് 17,548 തടങ്ങളിൽ 110 ലക്ഷം രൂപ ചെലവഴിച്ച് തൈകൾ ഉല്പാദിപ്പിക്കുകയുണ്ടായി.

ഇക്കഴിഞ്ഞ ജൂൺ മാസാവസാനം വരെ ഗ്രാമീണർക്ക് 28,75,000 തൊഴിൽദിനങ്ങളിൽ ജോലിക്കുള്ള അവസരം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിൽ ലഭിച്ചവരിൽ 7,04,000 പേർ പട്ടികജാതിക്കാരും 1,76,000 പേർ പട്ടികവർഗ്ഗക്കാരുമാണ്.

## സ്വയം തൊഴിൽ കണ്ടെത്തൽ

കാർഷികവൃത്തിയും കരകൗശലപ്പണികളും കൊണ്ടു മാത്രം ജീവനോപായം കണ്ടെത്താൻ കഴിയാത്തവർ ലക്ഷക്കണക്കിനുണ്ട്. അതിനു പുറമെയാണ് തൊഴിൽരഹിതരുടെ നീണ്ടനിര. അവരെ സഹായിക്കുന്നതിനു വേണ്ടിയാണ് സ്വയം തൊഴിൽ കണ്ടെത്താൻ ഗ്രാമീണ യുവജനതയെ പ്രാപ്തരാക്കുന്നതിനുള്ള ഒരു പദ്ധതി പ്രാവർത്തികമാക്കിപ്പോരുന്നത്. ഈ പദ്ധതിയനുസരിച്ച് കഴിഞ്ഞവർഷം 3432 പേർക്ക് തൊഴിൽ പരിശീലനം നൽകുവാൻ തുടങ്ങി. അതിൽ 743 പേര് പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. ഇവരിൽ ഏറിയപങ്കും ഹരിജനങ്ങളാണ്. സ്വന്തമായി ഏതെങ്കിലും ഒരു തൊഴിൽ ആരംഭിക്കുന്നതിനുള്ള എല്ലാവിധസഹായവും ഗവൺമെൻറ് നൽകുന്നുണ്ട്, ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പകൾക്ക് ഗ്യാരണ്ടി പോലും നൽകാൻ ഗവൺമെൻറ് സന്നദ്ധമായി.

സംയോജിത ഗ്രാമവികസന പരിപാടിയനുസരിച്ച് ഇക്കൊല്ലം 16,143 കുടുംബങ്ങൾക്ക് ധനസഹായം ഉൾപ്പെടെയുള്ള എല്ലാവിധ പ്രോത്സാഹനവും നൽകുകയുണ്ടായി. പ്രസ്തുത സഹായത്തിന് അർഹരായവരിൽ നല്ലൊരു വിഭാഗം ഹരിജന സമുദായങ്ങളിൽപ്പെടുന്നവരാണ്. ഈ വർഷം വിവിധ തൊഴിലുകളിൽ 13,000 പേർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.



# 4

# കൃഷിഭൂമി കൃഷിക്കാരന്

**ഭൂവുടമാസമ്പ്രദായം പൊളിച്ചെഴുതി സമഗ്രമായ നിഃശബ്ദ വിപ്ലവത്തിന് തുടക്കം കുറിച്ച കേരളത്തിൽ അദ്ധ്വാനിക്കുന്നവൻ കൃഷിഭൂമിയുടെ ഉടമയായിത്തീർന്നിരിക്കുന്നു. മിച്ചഭൂമി അവശരായ കൃഷിക്കാരെ ഏല്പിച്ചുകൊടുക്കാനുള്ള പ്രവർത്തനത്തിന് ആക്കംകൂട്ടുന്നു.**

പാരമ്പര്യവും മാമൂലും ആയിരുന്നു ഏറെക്കാലം കേരളത്തിൽ കുടിയായ്മാ ബന്ധങ്ങളെ നിയന്ത്രിച്ചിരുന്നത്. കഴിഞ്ഞ ഒന്നുരണ്ടു ശതാബ്ദങ്ങളിൽ പാരമ്പര്യങ്ങൾ തകരുകയും വർഗ്ഗബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടക്കുകയും ചെയ്തു. രാഷ്ട്രീയ മുന്നേറ്റവും സ്വാതന്ത്ര്യ സമരവും ട്രേഡ് യൂണിയൻ പ്രസ്ഥാനവും കർഷകരുടെ അവകാശ സമരങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചു. തൻമൂലം കുടിയായ്മാ ബന്ധങ്ങൾ നിയമം മുഖേന നിയന്ത്രിക്കാൻ നാം ബാധ്യസ്ഥരായിത്തീർന്നു. അങ്ങനെ കേരളത്തിലൊട്ടാകെ കുടിയായ്മ—കുടികിടപ്പുകാരുടെ അവകാശങ്ങൾ വ്യക്തമായി നിർവചിച്ചുകൊണ്ട് അനവധി ഭൂപരിഷ്കരണങ്ങൾ പ്രാബല്യത്തിൽ വന്നു. കേരള നിയമസഭ രൂപം നല്കിയ ഭൂപരിഷ്കരണ നിയമങ്ങൾ ജൻമി സമ്പ്രദായത്തെ പഴംകഥയാക്കി മാറ്റുകയും മണ്ണിൽ പണിയെടുക്കുന്നവർക്ക് ഭൂവുടമാവകാശം ചാർത്തിക്കൊടുക്കുകയും ചെയ്തു.

## കുടിയാൻമാർക്ക് ജൻമാവകാശം

ഭൂപരിധി ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പ്രധാനപ്പെട്ട വ്യവസ്ഥകൾ 1970 ജനുവരി ഒന്നു മുതലാണ് പ്രാബല്യത്തിൽ വന്നത്. അതേവരെ സംസ്ഥാനത്തെ കുടിയാൻമാർ 18 കോടി രൂപ പ്രതിവർഷം പാട്ടമായി നല്കിയിരുന്നു. പ്രസ്തുത തീയതിക്കു ശേഷമാകട്ടെ അവർ കൈവശഭൂമിയുടെ ഉടമകളായിത്തീർന്നുവെന്നു മാത്രമല്ല, പാട്ടം നല്കേണ്ട ബാധ്യതയിൽനിന്ന് പൂർണ്ണമായും വിമുക്തരാവുകയും ചെയ്തു. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു നടത്തിയ ഒരു പഠനത്തിൽ സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം കുടിയായ്മാ കുടുംബങ്ങൾ ഉണ്ടായിരുന്നുവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇക്കഴിഞ്ഞ മാർച്ച് അവസാനംവരെ കുടിയാൻമാരിൽ ജൻമാവകാശത്തിനുള്ള 37,24,651 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ തീരുമാനമെടുത്ത 37,15,665 കേസുകളിൽ 30,86,815 എണ്ണവും അനുവദിക്കുകയുണ്ടായി. ഇവയ്ക്കു പുറമെ പതിനായിരത്തോളം തർക്കങ്ങളിൻമേൽ കോടതികൾക്കു പുറത്തുവച്ച് തീരുമാനമുണ്ടായി. ജൻമിമാരും കുടിയാൻമാരും തമ്മിൽ നേരിട്ടു നടന്ന കൂടിയാലോചനകൾ മുഖേന നാലു ലക്ഷത്തിൽപ്പരം കുടിയാൻമാർക്ക് അവരുടെ ഭൂമികളിൻമേൽ ജൻമാവകാശവും ലഭിച്ചു.

സംസ്ഥാനത്ത് നാലു ലക്ഷം കുടികിടപ്പുകാർ ഉണ്ടായിരുന്നുവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കഴിഞ്ഞ മാർച്ച് അവസാനം വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം 4,45,977 ആണ്. ഇതിൽ തീരുമാനമെടുത്ത 4,42,134 കേസുകളിൽ 2,73,118 എണ്ണം കോടതികൾ മുഖേനയും, 291 എണ്ണം കോടതികൾക്കു വെളിയിൽ വച്ചും അനുവദിക്കുകയുണ്ടായി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 66 ലാൻഡ് ട്രൈബ്യൂണലുകൾ മുഖേന അവശേഷിക്കുന്ന കുടിയായ്മാ-കുടികിടപ്പു പരാതികളിൻമേൽ സമീപകാലത്ത് തീരുമാനമെടുക്കാൻ കഴിയും.

## മിച്ചഭൂമി വിതരണം

സംസ്ഥാനത്ത് ഒന്നര ലക്ഷം ഏക്കർ മിച്ചഭൂമി ഉണ്ടാകുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇക്കഴിഞ്ഞ ഏപ്രിൽ അവസാനം വരെ ഭൂവുടമകൾ 41,275 ഭൂപരിധി റിട്ടേണുകൾ സമർപ്പിക്കുകയും ഗവൺമെൻറുതന്നെ നേരിട്ട് 26,005 കേസുകൾ സമർപ്പിക്കുകയും ചെയ്തു. അങ്ങനെ മൊത്തത്തിലുള്ള 67,387 കേസുകളിൽ 65,534 എണ്ണത്തിലും തീർപ്പുകല്പിച്ചു കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ കാലയളവുവരെ 1,20,970.32 ഏക്കർ ഭൂമി ഗവൺമെൻറിനെ ഏല്പിക്കുവാൻ ഉത്തരവായി. അതിൽ 80,831 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. നിരവധി കോടതി വ്യവഹാരങ്ങളിൽ തീരുമാനമുണ്ടാകാത്തതു മൂലമാണ് അവശേഷിക്കുന്ന മിച്ചഭൂമി കൂടി ഏറ്റെടുക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്.

ഏറ്റെടുത്ത 80,831 ഏക്കർ ഭൂമിയിൽ 52,927 സ്ഥലം 85,167 കുടുംബങ്ങൾക്കായി വിതരണം ചെയ്തു കഴിഞ്ഞു. ഈ ഗുണഭോക്താക്കളിൽ 39,366 പേരും പട്ടികജാതി—പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. അവർക്ക് ലഭിച്ച ഭൂമിയുടെ വിസ്തൃതിയാകട്ടെ 23,109 ഏക്കറും. കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത 2,941 ഏക്കർ ഭൂമി മാത്രമേ വിതരണം ചെയ്യാനായി അവശേഷിക്കുന്നുള്ളു. ഇതിൽ 2500 ഏക്കർ ഭൂമി ഇക്കൊല്ലം വിതരണംചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിനകം 234 ഏക്കർ ഭൂമി ഈ വർഷം വിതരണം ചെയ്തു.

## നിക്ഷിപ്ത വനഭൂമി

1971-ലെ കണ്ണൻദേവൻ ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ച്, യാതൊരു പ്രതിഫലവും നൽകാതെ, കണ്ണൻ



ദേവൻ കമ്പനിയുടെ കൈവശമുണ്ടായിരുന്ന 70,552 ഏക്കർ ഭൂമി ഗവൺമെൻറ് ഏറ്റെടുത്തു. അക്കൊല്ലംതന്നെ സ്വകാര്യ വനഭൂമി (നിക്ഷിപ്തമാക്കലും വിതരണവും) നിയമവും നിയമസഭ പാസ്സാക്കുകയുണ്ടായി. ഈ രണ്ടു നിയമങ്ങളും മുഖേന ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് ധാരാളം ഭൂമി ഗവൺമെൻറിന് ലഭ്യമായി. രണ്ടാമത്തെ നിയമമനുസരിച്ച് പ്രതിഫലം നൽകാതെ ഏറ്റെടുത്ത വനഭൂമിയിൽ 10,168 ഹെക്ടർ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. ഇതിൽ 8,301 ഹെക്ടറാണ് വിതരണത്തിനായി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വനഭൂമിയിൽ 6,737 ഹെക്ടർ റവന്യൂവകുപ്പ് ഏറ്റെടുക്കുകയും 3,414 ഹെക്ടർ വിതരണം നടത്തുകയും ചെയ്തു. നിക്ഷിപ്ത വനഭൂമിയിൽ 50 ശതമാനം ഗിരിവർഗ്ഗക്കാർക്കും 20 ശതമാനം പട്ടികജാതിക്കാർക്കുമായി സംവരണം ചെയ്തിട്ടുണ്ട്.

കർഷകത്തൊഴിലാളികൾ താമസിച്ചിരുന്ന വീടുകളുടെയും, ചുറ്റുമുള്ള നിയമം അനുശാസിക്കുന്ന ഭൂമിയുടെയും ഉടമസ്ഥാവകാശം അവർക്ക് നൽകുക, മിച്ചഭൂമി ഏറ്റെടത്തു വിതരണം ചെയ്യുക എന്നീ കാര്യങ്ങളിൽ നാം അഭൂതപൂർവ്വമായ പുരോഗതി നേടിക്കഴിഞ്ഞു. ഈ നടപടികളുടെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും ഭൂരഹിതരായ കർഷകത്തൊഴിലാളികളും ഹരിജനങ്ങളുമാണ്. എന്നാൽ തങ്ങൾക്കു ലഭിച്ച ഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള സാമ്പത്തികശേഷി അവർക്കില്ല. ഇതിനായി അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടി അനുസരിച്ച് ഒരേക്കറിന് 100 രൂപ ഗ്രാൻറായും ദീർഘകാല കാർഷിക പ്രവർത്തനങ്ങൾക്ക് 100 രൂപ ഗ്രാൻറും 100 രൂപ വായ്പയുമായും നല്കിയിരുന്നു. 1979-80 വരെ 32,49,550 രൂപ വിതരണം ചെയ്തു. അതിൽ 25,50,986 രൂപയും ഗ്രാൻറ് ആയിരുന്നു. ഈ പദ്ധതി 1979—80 ൽ പുതുക്കുകയുണ്ടായി. മിച്ചഭൂമി ലഭിച്ചവർക്ക് ഹെക്ടറിന് ഇപ്പോൾ 1,000 രൂപ ഗ്രാൻറ് ലഭിക്കുന്നുണ്ട്. കഴിഞ്ഞ മാർച്ചു വരെ ഈയിനത്തിൽ 27,82,000 രൂപയുടെ ഗ്രാൻറ് വിതരണം ചെയ്തു.

### ഭവന നിർമ്മാണപദ്ധതികൾ

മുൻ കുടികിടപ്പുകാരെ സഹായിക്കുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും ഗവൺമെൻറ് കുടുംബമൊന്നിന് 1,000 രൂപ ഗ്രാൻറ് നൽകുകയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് 3,000 രൂപ വീതം കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു. കൊല്ലം, അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ മുൻ കുടികിടപ്പുകാർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. ഇതേവരെ 14,708 പേരുടെ വായ്പക്കുള്ള അപേക്ഷകൾ ഗവൺമെൻറ് ബാങ്കിന് സമർപ്പിച്ചു. ഗ്രാൻറിനത്തിൽ മാത്രം 63,22,500 രൂപയാണ് വിതരണം ചെയ്തത്.

മേൽപ്പറഞ്ഞ പദ്ധതിക്കു പുറമെ, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകൾ ഒഴികെയുള്ള എല്ലാ സ്ഥലത്തെയും കുടികിടപ്പുകാർക്ക് ഭവന നിർമ്മാണത്തിനായി സഹായം നൽകുന്ന മറ്റൊരു പരിപാടിയും നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതിപ്രകാരം, കുടികിടപ്പുകാരുടെ ക്ഷേമനിധിയിൽ നിന്ന് 1,000 രൂപ വീതം ഗ്രാൻറും ഭവന നിർമ്മാണ ബോർഡു മുഖേന 4,000 രൂപ വായ്പയും നൽകുന്നതാണ്. ഗ്രാൻറ് നൽകുന്നതിന് അഞ്ചു ലക്ഷം രൂപ ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചുകഴിഞ്ഞു.

ഭൂപരിഷ്ക്കരണം മൂലം അവശത അനുഭവിക്കുന്നവരെ സഹായിക്കുന്നതിന് ഖാദി-ഗ്രാമവ്യവസായ ബോർഡ് മുഖേന ചെറുകിട വ്യവസായ യൂണിറ്റുകളും നടത്തുന്നുണ്ട്. ഓരോ യൂണിറ്റിലും ഇത്തരത്തിലുള്ള 20 പേർക്കു വീതം ജോലി ലഭിക്കും. അതേപോലെ കറവപ്പശുക്കൾ, എരുമകൾ എന്നിവ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും കുടുംബമൊന്നിന് 10,000 രൂപ വരെയും നിശ്ചിത വ്യവസായ—തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിന് 7,000 രൂപ മുതൽ 10,000 രൂപ വരെയും സാമ്പത്തികസഹായം നൽകിവരുന്നു. ഇതിൽ മൂന്നിലൊരു ഭാഗം ഗ്രാൻറായാണ് അനുവദിക്കുന്നത്.



5

# കൃഷിത്തൊഴിലാളിക്ക് കൂടുതൽ കൂലി

കുമ്പിളിൽ കിട്ടുന്ന കഞ്ഞികൊണ്ട് തൃപ്തിയടഞ്ഞിരുന്ന കോരനും ചിരുതയ്ക്കും മത്തായിക്കും മമ്മതിനും രാമനും കുറുപ്പിനും തൊഴിലിന് തക്ക കൂലിയും മറ്റ് അവകാശങ്ങളും കിട്ടാൻ വ്യവസ്ഥ.

''നെല്ലിൻ ചുവട്ടിൽ മുളയ്ക്കും കാട്ടുപുല്ലല്ല സാധു പുലയൻ........'' കേരളത്തിലെ പാവപ്പെട്ട കറുത്ത വർഗ്ഗക്കാരന് നീതി നിഷേധിച്ച വ്യവസ്ഥയുടെ മുഖത്ത് രോഷത്തോടെ നോക്കി കുമാരനാശാൻ പാടി. ആ പാട്ട് ഒരു സാമൂഹ്യ വിപ്ലവത്തിന് തുടക്കംകുറിച്ചു.

''അവശൻമാർ, ആർത്തൻമാർ, ആലംബഹീനൻമാർ അവരുടെ സങ്കടമാരറിവാൻ....'' ചങ്ങമ്പുഴ ഉള്ളുരുകി വിലപിച്ചു. ആ ഗാഥ കേട്ടുണർന്ന ഒരു തലമുറ അതിനും ഉത്തരം നല്കി — പ്രവൃത്തിയിലൂടെതന്നെ. അവശൻമാർക്കും ആർത്തൻമാർക്കും കൃഷിഭൂമി നല്കി അവർ ആലംബം കൊടുത്തു. കരിക്കാടി കുടിച്ച് കരിമുണ്ടുടുത്ത് മൂവന്തിയോളം ജൻമിയുടെ പാടത്ത് കട്ടയുടയ്ക്കുകയും, ഉഴവുചാൽ കീറുകയും, വിത്തിടുകയും വെള്ളം തേവുകയും, കാവലിരിക്കുകയും, ചിങ്ങത്തിലും മകരത്തിലും നെൻമണി കൊയ്ത് ജൻമിയുടെ പത്തായം നിറയ്ക്കുകയും, കുമ്പിളിൽ കിട്ടുന്ന കഞ്ഞികൊണ്ട് തൃപ്തിയടയുകയും ചെയ്ത കോരനും കുഞ്ഞനും ചിരുതയ്ക്കും മത്തായിക്കും രാമനും മമ്മതിനും പ്രയത്നത്തിനുള്ള കൂലിയും പതവും നല്കാനുള്ള വ്യവസ്ഥ ഇവിടെ ഉണ്ടായി

## കർഷകത്തൊഴിലാളികളുടെ അവകാശപത്രിക

കേരള കർഷകത്തൊഴിലാളി വേതന നിയമം മണ്ണിൽ പണിയെടുക്കുന്നവൻെറ അവകാശപത്രികയാണ്. ഈ കൃഷിത്തൊഴിലാളിയുടെ ജോലി സമയം നിയമപ്രകാരം എട്ടു മണിക്കൂറായി നിജപ്പെടുത്തി. പുരുഷൻമാർക്ക് കുറഞ്ഞ വേതനം 9.20 രൂപയായും സ്ത്രീകൾക്ക് 7.45 രൂപയായും വ്യവസ്ഥ ചെയ്തു. ഒരു തൊഴിലാളി സ്വന്തം കാളകൾ ഉപയോഗിച്ച് നിലം ഉഴുകയാണെങ്കിൽ നാലു മണിക്കൂറിലെ ജോലിക്ക് 17.25 രൂപയും കർഷകൻെറ കാളകൊണ്ട് ഉഴവു നടത്തുകയാണെങ്കിൽ അത്രയും സമയത്തിന് 10.35 രൂപയും വേതനമായി ലഭിക്കും.

## വിവിധനിരക്കുകൾ

തൈകൾ ഇളക്കി നടുന്നതിനുള്ള ജോലിസമയം കുട്ടനാട്ടിലെ കായൽ നിലങ്ങളിൽ അഞ്ചു മണിക്കൂറായും മറ്റു സ്ഥലങ്ങളിൽ ആറു മണിക്കൂറായും ആണ് നിശ്ചയിച്ചിട്ടുള്ളത്. വേതനം സാധാരണ കർഷകത്തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽതന്നെ. പ്രായപൂർത്തിയാകാത്ത ജോലിക്കാർക്ക് ഈ നിരക്കുകളുടെ മുക്കാൽ ഭാഗം കൂലിയായിരിക്കും നൽകുക.

കൊയ്ത്തിനും മെതിക്കും ഉള്ള കൂലി നിരക്കുകളും തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പാലക്കാട്ടുജില്ലയിൽ കൊയ്ത്തിൻെറ ഏഴിലൊരു ഭാഗമാണ് പതമായി നൽകുന്നത്. മറ്റു സ്ഥലങ്ങളിൽ പതത്തിൻെറ നിരക്ക് നിലവിലുണ്ടായിരുന്നതു തന്നെയായിരിക്കണമെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. അതേപോലെതന്നെ 'തീർപ്പ്', 'വെള്ളം കുടി' എന്നീ സൗജന്യങ്ങൾ നിലവിലുള്ള സ്ഥലങ്ങളിൽ അവ അതേപടി തുടരണമെന്നും വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എൺപത്തിഒന്നു ഹെക്ടർ പാടത്തിന് ഒരു കറ്റക്കളം എന്ന തോതിൽ മെയ്ത്തിന് പാടത്തു സൗകര്യം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ കറ്റ ചുമന്നുകൊണ്ടു പോകുന്നതിന് കർഷകത്തൊഴിലാളികൾക്ക് പ്രത്യേക വേതനം നൽകേണ്ടതുണ്ട്. ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ കൂലിയിൽ കൂടുതൽ വേതന നിരക്കുകൾ നിലവിലുള്ള സ്ഥലങ്ങളിൽ ആ നിരക്കുകളിൽത്തന്നെ വേതനം ലഭിക്കുവാൻ തൊഴിലാളികൾക്ക് അവകാശമുണ്ട്. അതുപോലെ കൂലി ഉല്പന്നമായി നൽകുന്ന ഇടങ്ങളിലും ആ ഏർപ്പാട് അതേപടി തുടരേണ്ടതാണ്.

തെങ്ങിൻതോപ്പുകളിൽ തടം പിടിയ്ക്കുക, തൈകൾ നടുന്നതിനുള്ള കുഴികൾ വെട്ടുക എന്നീ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്കും സാധാരണ കർഷകത്തൊഴിലാളികൾക്കു നൽകുന്ന കൂലി തന്നെ കിട്ടും. ഒരു തെങ്ങിൽ നിന്ന് തേങ്ങ ഇടുന്നതിനുള്ള കൂലി 18 പൈസയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 25 തെങ്ങിനോ അതിൻെറ അംശത്തിനോ രണ്ടു തേങ്ങ 'കൊറ്റാ'യി തൊഴിലാളിക്കു നൽകേണ്ടതാണ്.

## വാർധക്യത്തിൽ അല്പമാശ്വാസം

ആരോഗ്യമുള്ള കാലത്തോളം കഠിനമായി കായികാദ്ധ്വാനം ചെയ്യുന്ന കർഷകത്തൊഴിലാളികൾക്ക് വാർദ്ധക്യകാലത്തേയ്ക്കുവേണ്ടി എന്തെങ്കിലും സമ്പാദിച്ചുവെയ്ക്കാൻ കഴിയുകയില്ലല്ലോ. അതിനാൽ മറ്റുള്ളവരെ ആശ്രയിച്ചു കഴിയുവാൻ അവർ നിർബന്ധിതരായിത്തീരുന്നു. അതിനാൽ അവർക്ക് അല്പമെങ്കിലും ആശ്വാസം നൽകാൻവേണ്ടി 60 വയസ്സു കഴിഞ്ഞ നിർദ്ധനരായ

കർഷകത്തൊഴിലാളികൾക്ക് ഗവൺമെൻറ് പെൻഷൻ അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകത്തൊഴിലാളികൾക്കു മാത്രമാണ് ഈ സൗജന്യം ഇപ്പോൾ ലഭിക്കുന്നത്.

കർഷകത്തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഏർപ്പാട് കേരളത്തിൽ പൂർണ്ണമായി അവസാനിച്ചു എന്ന് നമുക്ക് അവകാശപ്പെടാൻ കഴിയില്ല. ഈ ചൂഷണം പൂർണ്ണമായി അവസാനിപ്പിക്കുവാനും അവർക്ക് വർധിച്ച വേതനം ഉറപ്പു വരുത്തുവാനും അങ്ങനെ അവരുടെ ജീവിത നിലവാരം ഉയർത്തുവാനും ഉദ്ദേശിച്ചുകൊണ്ടാണ് ഇരുപതിന പരിപാടിയിൽ ഈ പ്രശ്നത്തിന് പ്രമുഖമായ സ്ഥാനം കല്പിച്ചിട്ടുള്ളത്.



# 6 അടിമപ്പണിക്കാരുടെ പുനരധിവാസം

**ഇക്കൊല്ലം 387 അടിമപ്പണിക്കാരെ പുനരധിവസിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. നിർബന്ധിത കരാർപ്പണിയുടെ സ്വഭാവത്തിലുള്ള അടിമവേല സമ്പ്രദായം പ്രബുദ്ധമായ കേരളീയ ജനസമൂഹത്തിൽനിന്ന് എത്രയും വേഗം ഉച്ചാടനം ചെയ്യണം.**

കേരളത്തിലെ ഗിരിവർഗ്ഗക്കാർ മൊത്തം ജനസംഖ്യയുടെ ഒരു ശതമാനത്തോളമുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. 1976—78 കാലഘട്ടത്തിൽ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് നടത്തിയ ഒരു പഠനമനുസരിച്ച് ഇവരുടെ സംഖ്യ 200,042 ആയിരുന്നു. 1980—82 കാലഘട്ടത്തിൽ നടത്തപ്പെട്ട മറ്റൊരു പഠനമനുസരിച്ച്, സംയോജിത ഗിരിവർഗ്ഗ വികസന പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളിടങ്ങളിൽ താമസിക്കുന്നവരായി 1,18,902 പേരുണ്ടായിരുന്നു. ഈ പദ്ധതി പ്രദേശങ്ങളിലെ മൊത്തം കുടിയിടങ്ങൾ 25,093 ആണെന്നും വെളിപ്പെട്ടു. സംസ്ഥാനത്ത് പൊതുവെ എല്ലായിടത്തും ഗിരിജനങ്ങൾ കാണപ്പെടുന്നുണ്ടെങ്കിലും ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലാണ് ഇവർ കൂടുതലായി പാർക്കുന്നത്.

കാസർഗോഡ് പ്രദേശങ്ങളില കൊറഗർ, വയനാടൻ മലയോരങ്ങളിലെ കുറിച്ച്യർ, അടിയർ, പണിയർ, കുറുമർ, കാട്ടുനായ്ക്കർ എന്നീ ഗിരിവർഗ്ഗക്കാരും അട്ടപ്പാടിമലകളിലെ കുറുമ്പർ, മുടുകർ, ഇരുളർ എന്നിവരും, ഹൈറേഞ്ചിലെ മന്നാൻ, ഊരാളി, മുതുവാൻ, മലമ്പുലയൻ, പളിയാൻ എന്നിവരും, തൊടുപുഴയിലെ മലയരയൻമാരും പത്തനാപുരം താലൂക്കിലെ മലപ്പണ്ടാരങ്ങളും നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിലെ കാണിക്കാരുമെല്ലാം സവിശേഷതകളുള്ള ഗിരിവർഗ്ഗ ജനങ്ങളാണ്.

## 1976—ലെ നിയമം

മുഖ്യമായും കൃഷിയെ ആശ്രയിച്ചും, കൃഷിയുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകൾ ചെയ്തുമാണ് ഗിരിവർഗ്ഗക്കാർ ഉപജീവനം നടത്തുന്നത്. സ്വന്തം ഭൂമിയിൻമേലുള്ള കടബാധ്യതകളും അന്യർ ബലാൽക്കാരമായി വസ്തുവകകൾ കൈവശപ്പെടുത്തുന്നതും ഇക്കൂട്ടരെ അലട്ടുന്ന പ്രശ്നങ്ങളായിരുന്നു. ഇക്കാര്യം ബോധ്യപ്പെട്ട സംസ്ഥാന ഗവൺമെൻറ് ഗിരിവർഗ്ഗക്കാർക്ക് അവകാശപ്പെട്ട കൃഷിഭൂമി കൈയടക്കിവച്ചിട്ടുള്ളവരിൽനിന്നും അത് വീണ്ടെടുക്കാൻ 1975—ൽ ഒരു നിയമനിർമ്മാണം നടത്തുകയുണ്ടായി. ഈ നിയമപ്രകാരം 1960 ജനുവരി ഒന്നിനുശേഷം ഗിരിജനങ്ങളുടെ കൈവശമുള്ള ഭൂമി ഗിരിജനങ്ങൾ അല്ലാത്തവർ വാങ്ങിയിട്ടുണ്ടെങ്കിൽ ആ ക്രയവിക്രയം അസാധുവാകുന്നതാണ്. ഗിരിവർഗ്ഗക്കാർക്കിടയിൽ, വിശേഷിച്ചും മലബാർ പ്രദേശത്തെ അടിയർ പണിയർ എന്നിവർക്കിടയിൽ, നിലനിന്നു പോന്നിരുന്ന അടിമവേലസമ്പ്രദായം ഇക്കൂട്ടരുടെ മറ്റൊരു ശാപമായിരുന്നു. ഇത് മനസ്സിലാക്കിയ കേന്ദ്രഗവൺമെൻറ് 1976—ൽ അടിമപ്പണി നിറുത്തലാക്കൽ നിയമം പാസ്സാക്കുകയുണ്ടായി. അതേത്തുടർന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അടിമപ്പണിചെയ്യുന്നവരെ തിരിച്ചറിയുന്നതിനും സ്വതന്ത്രരാക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ഇതിൻെറ മുഖ്യചുമതല സംസ്ഥാന ഗവൺമെൻറുകളെ ഏല്പിക്കുകയാണുണ്ടായത്. കേരളത്തെ സംബന്ധിച്ചിടത്തോളം അടിമപ്പണി നിലവിലുണ്ടായിരുന്ന മലപ്പുറം, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിൽ ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ 'വിജിലൻസ് കമ്മറ്റികൾ' രൂപീകരിക്കപ്പെട്ടു. ഇപ്പോൾ ഈ സമിതികൾ കോഴിക്കോട്, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്.

1976—78 കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെൻറ് നടത്തിയ ഒരു സർവ്വേപ്രകാരം സംസ്ഥാനത്ത് മൊത്തം 1162 അടിമപ്പണിക്കാരുണ്ടെന്ന് കണക്കാക്കപ്പെട്ടു. ഇവരിൽനിന്നും, കണ്ണൂർ ജില്ലയിൽ 17, വയനാട് ജില്ലയിൽ 545, കോഴിക്കോട് ജില്ലയിൽ 117, മലപ്പുറം ജില്ലയിൽ 150 എന്നിങ്ങനെ മൊത്തം 829 പേരെ തിരിച്ചറിയുകയും വിമോചിതരാക്കുകയും ചെയ്തു.

## അടിമപ്പണിക്കാരുടെ പുനരധിവാസം

1978—79 സാമ്പത്തിക വർഷത്തിൽ അടിമപ്പണിക്കാരുടെ പുനരധിവാസത്തിനുവേണ്ടി കേന്ദ്രഗവൺമെൻറ് ഒരു പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി. ഇതനുസരിച്ച് ഒരാൾക്ക് 2000 രൂപ എന്ന പരിധിക്ക് വിധേയമായി ധനസഹായത്തിൻെറ അമ്പത് ശതമാനം കേന്ദ്രഗവൺമെൻറിൽനിന്നും ലഭിക്കുന്നതാണ്. സ്വതന്ത്രരാക്കപ്പെട്ട 829 ഗിരിവർഗ്ഗക്കാരിൽ 447 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിത്തീർന്നിട്ടുണ്ട്. ഇവരിൽ 249 പേർ വയനാട് ജില്ലയിലും 60 പേർ കോഴിക്കോട്ട് ജില്ലയിലും 138 പേർ മലപ്പുറം ജില്ലയിലും പുനരധി

വസിക്കപ്പെട്ടിരിക്കുന്നു. നടപ്പു സാമ്പത്തികവർഷത്തിൽ വയനാട് ജില്ലയിൽ 60 പേരെയും മലപ്പുറം ജില്ലയിൽ 12 പേരെയും പുനരധിവസിപ്പിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിലെ പൂക്കോട് ക്ഷീരവികസന കൂട്ടുകൃഷി ഫാം, കോഴിക്കോട് ജില്ലയിലെ വട്ടച്ചിറ കൂട്ടുകൃഷി ഫാം, മലപ്പുറം ജില്ലയിലെ ചോക്കാട് ഗിരിവർഗ്ഗക്കോളനി എന്നിവിടങ്ങളിലെ പുനരധിവാസപ്രവർത്തനങ്ങൾക്ക് കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ പ്രത്യേക പരിഗണന ലഭിച്ചുവരുന്നു.



# 7

# ഹരിജന-ഗിരിജനക്ഷേമം

**കേരളത്തിലെ ജനങ്ങളുടെ പത്തിലൊരുഭാഗം വരുന്ന ഹരിജന—ഗിരിജന വിഭാഗങ്ങളെ മുഖ്യജീവിതധാരയിലേക്ക് ആനയിക്കാനുള്ള തീവ്രശ്രമം.**

നൂറ്റാണ്ടുകളായി അവഗണിക്കപ്പെട്ടുപോന്നിരുന്ന ജന വിഭാഗങ്ങളാണ്, സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ പത്തു ശതമാനത്തോളംവരുന്ന ഹരിജനങ്ങളും ഗിരിജന ങ്ങളും. സ്വാതന്ത്ര്യത്തിനു ശേഷം, വിശേഷിച്ചും കേരള പ്പിറവിക്കു ശേഷം, പല ക്ഷേമ പദ്ധതികളും ആവിഷ്ക്ക രിച്ചു ഈ വിഭാഗം ജനങ്ങളെ ഉദ്ധരിക്കാനും മറ്റു സമുദായ ങ്ങളോടൊപ്പം ജീവിക്കുന്നതിനു പ്രാപ്തമാക്കുവാനും ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ആറാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ യനുസരിച്ച് രാഷ്ട്രത്തിലെ ഹരിജന—ഗിരിജന വിഭാഗ ങ്ങളുടെ സാമ്പത്തികമായ ഉന്നമനം അടുത്ത പത്തു വർഷ ത്തിനുള്ളിൽ കൈവരുത്തേണ്ടതുണ്ട്. ഇതനുസരിച്ച് ആറാം പദ്ധതിക്കാലത്ത് ഈ വിഭാഗങ്ങളിലെ അമ്പതു ശതമാനം കുടുംബങ്ങളെയെങ്കിലും ദാരിദ്ര്യരേഖ മറികടക്ക ത്തക്കവിധം സാമ്പത്തികമായി പുനരുദ്ധരിക്കണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഹരിജന—ഗിരിജന വിഭാഗ ങ്ങളുടെ സാമൂഹ്യ—സാമ്പത്തിക-വിദ്യാഭ്യാസ നില മെച്ച പ്പെടുത്താൻ കുടുംബാധിഷ്ഠിത ക്ഷേമ പദ്ധതികൾക്ക് പ്രാമുഖ്യം നൽകി പദ്ധതിക്കാലത്തെ ഓരോ വർഷത്തിലും പത്തു ശതമാനം കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവരണം. ഈ ഉദ്ദേശ്യത്തോടെയാണ്, സാധാരണ പദ്ധതി പ്രവർത്തനങ്ങൾക്കു പുറമെ, പ്രധാന മന്ത്രിയുടെ നിർദ്ദേശപ്രകാരം പ്രത്യേക കേന്ദ്രസഹായം സംസ്ഥാനങ്ങൾക്കു നൽകുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും നടപ്പു സാമ്പത്തികവർഷം ഈ ഇനത്തിൽ കേരള ത്തിന് 2.77 കോടി രൂപ ലഭിക്കുന്നതായിരിക്കും. ഏഴാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ പട്ടിക ജാതി—പട്ടികവർഗ്ഗക്കാരെ മറ്റു സമുദായങ്ങൾക്കൊപ്പം എത്തിക്കുന്നതിനുള്ള ഒരു പ്രക്രിയയിലാണ് കേന്ദ്രവും സംസ്ഥാന സർക്കാരുകളും ഇന്നു വ്യാപൃതമായിരിക്കു ന്നത്.

## ഹരിജനക്ഷേമ പ്രവർത്തനങ്ങൾ

1982—83 സാമ്പത്തിക വർഷത്തിലെ ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കായി 19 കോടിയിൽപ്പരം രൂപ സംസ്ഥാനത്ത് ചെലവഴിക്കപ്പെടും. ഇതിൽ 11.68 കോടി രൂപ പദ്ധതിയിതര ഇനത്തിലും 4.06 കോടി രൂപ പദ്ധതി യിനത്തിലും 3.4 കോടി രൂപ കേന്ദ്രാഭിമുഖ്യത്തിലുള്ള പദ്ധതികൾക്കായും ചെലവിടുന്നതാണ്. ഹരിജനക്ഷേമ വകുപ്പു ചെലവഴിക്കുന്ന മേൽപ്പറഞ്ഞ തുകകൾക്കു പുറമെ സ്പെഷ്യൽ കമ്പോണൻറ് പ്ലാൻ എന്നിറിയപ്പെടുന്ന പ്രത്യേക പദ്ധതിയനുസരിച്ച് സർക്കാരിൻെറ മറ്റു വകു പ്പുകൾ തങ്ങളുടെ പദ്ധതിവിഹിതത്തിൻെറ പത്തു ശത മാനം ഹരിജന—ഗിരിജന ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവിടുന്നതായിരിക്കും. 1982—83 വർഷത്തിൽ, ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ 24 വികസന വകു പ്പുകളിൽ കൂടി മൊത്തം 2088.51 ലക്ഷം രൂപ ചെലവഴി ക്കുന്നതായിരിക്കും. അതോടൊപ്പം, സംസ്ഥാന പട്ടിക ജാതി—പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ തങ്ങൾ ഏറ്റെടുത്തിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കായി 1.35 കോടി രൂപയും ചെലവുചെയ്യും.

ഹരിജന-ഗിരിജന വിഭാഗങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിദ്യാഭ്യാസം, സാമ്പത്തികോന്നമനം, സാമൂഹ്യോന്നമനം എന്നിങ്ങനെയുള്ള മൂന്നു മേഖലകളി ലായി വ്യാപിപ്പിച്ചിരിക്കുകയാണ്.

## വിദ്യാഭ്യാസത്തിലൂടെ അഭിവൃദ്ധി:

നിലവിലുള്ള 150 ബാലവാടികൾക്കു പുറമെ, ഈ വർഷം 25 ബാലവാടികൾ കൂടി പ്രവർത്തനമാരംഭിക്കും. ഇതിന്നായി 14 ലക്ഷം രൂപയും, പ്രൈമറി—സെക്കൻററി വിദ്യാഭ്യാസ സംബന്ധമായി ലംപ്സം ഗ്രാൻറ്, പ്രതി മാസ സ്റ്റൈപ്പെൻറ് എന്നീ ഇനങ്ങളിലായി 304 ലക്ഷം രൂപയും ഈ വർഷം ചെലവഴിക്കും. ഹരിജൻ വിദ്യാർ ത്ഥികൾക്ക് സൗജന്യമായ താമസസ്ഥലം നൽകുന്നതിന് നിലവിലുള്ള 81 വെൽഫെയർ ഹോസ്റ്റലുകൾക്കു പുറമെ ഈ വർഷം മൂന്നു ഹോസ്റ്റലുകൾ കൂടി ആരംഭിക്കുന്നതാണ്. ഇതിലേക്ക് 45 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കോളേജ് വിദ്യാഭ്യാസം നട ത്തുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ്, പ്രതിമാസ സ്റ്റൈപ്പെൻറ് എന്നിവ നൽകുന്നതിലേക്ക് 310 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഹരിജന വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്കു വേണ്ടി സംസ്ഥാനത്തിപ്പോൾ 14—ഉം വിദ്യാർത്ഥിനികൾക്കു വേണ്ടി നാലും കോസ്മോ പൊളിററൻ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം കൊല്ലം കേന്ദ്രമാക്കി ഒരു കോസ്മോ പൊളിററൻ ഹോസ്റ്റൽ ആരംഭിക്കുന്ന താണ്. മൊത്തം 1140 കോളേജ് വിദ്യാർത്ഥികൾക്കു

പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി ഈ വർഷം 24.7 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്. സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, പ്രോത്സാഹന സമ്മാനങ്ങൾ എന്നിവ നൽകുന്നതിനുള്ള പദ്ധതി, ബുക്ക്ബാങ്ക് പദ്ധതി, പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെൻററുകളും ഐ.ഏ.എസ്. കോച്ചിംഗ് സെൻററുകളും നടത്തുന്ന പദ്ധതികൾ, ഉദ്യോഗം നേടുന്നതിന് പരിശീലനം നൽകുന്ന പദ്ധതി തുടങ്ങിയവയ്ക്കാവശ്യമായ തുകകളും വകകൊള്ളിച്ചിരിക്കുന്നു.

## പ്രത്യേക തൊഴിൽദാനപദ്ധതികൾ

അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്കായി ചില പ്രത്യേക തൊഴിൽദാന പരിപാടികൾ സംസ്ഥാന ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഹരിജനങ്ങളുടെ തൊഴിൽ കാര്യങ്ങളെപ്പറ്റി പഠിക്കുകയും അവർക്ക് പൊതുമേഖലയിൽ കഴിയുന്നത്ര തൊഴിൽ നൽകുവാൻ സഹായിക്കുകയും ചെയ്യുന്നതിനു മാത്രമായി ഒരു എംപ്ലോയ്മെൻറ് സെൽ പ്രവർത്തിക്കുന്നു. ആകെ ഗവൺമെൻറ് ഉദ്യോഗങ്ങളുടെ പത്തു ശതമാനം പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കുമായി സംവരണം ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ വിഭാഗക്കാർക്കു വേണ്ടി ഉയർന്ന തസ്തികകളിലേയ്ക്ക് നേരിട്ടു നിയമനം നടത്താനുള്ള പരിപാടിയും ഇപ്പോൾ നിലവിലുണ്ട്.

കേരളത്തിലെ ഹരിജന വിഭാഗങ്ങളുടെ സാമ്പത്തിക സ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ വിവിധ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയാണ് 1972-ൽ കേരള പട്ടികജാതി—പട്ടികവർഗ്ഗ വികസന



കോർപ്പറേഷൻ രൂപവൽകൃതമായത്. ഹരിജനങ്ങൾക്കു വേണ്ടി ആണ്ടുതോറും പതിനായിരം വീടുകൾ നിർമ്മിക്കുക, അതിനാവശ്യമായ വിവിധ നിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിക്കുക, തദ്ഫലമായുണ്ടാകുന്ന തൊഴിൽ സൗകര്യങ്ങൾ മുഴുവനും ഹരിജനങ്ങൾക്കു തന്നെ ലഭ്യമാക്കുക, കോഴി വളർത്തൽ, മാടുവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക, ചെറുകിട വ്യവസായം, കച്ചവടം, കൈത്തൊഴിലുകൾ എന്നിവയിൽ ഏർപ്പെടുന്നതിനാവശ്യമായ ധനസഹായം നൽകുക, വീടുവയ്ക്കുന്നതിനോ കൃഷി ചെയ്യുന്നതിനോ ആവശ്യമായ ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുക എന്നിങ്ങനെ ഒട്ടേറെ പ്രായോഗിക പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കുന്നുണ്ട്. 1982–83 ലെ വാർഷിക പദ്ധതിയിൽ ഇത്തരത്തിലുള്ള അമ്പതോളം പദ്ധതികൾ കോർപ്പറേഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## ഗിരിജനക്ഷേമം

സംസ്ഥാനത്തെ ഗിരിവർഗ്ഗ ജനങ്ങൾക്കു വേണ്ടിയുള്ള ക്ഷേമ പരിപാടികൾ കാര്യക്ഷമമായും ത്വരിതഗതിയിലും നടപ്പാക്കുന്നതിലേക്കായി 1975-ൽ ഒരു പ്രത്യേക വകുപ്പ് — ഗിരിജനക്ഷേമ വകുപ്പ് — തന്നെരൂപവൽക്കരിക്കപ്പെട്ടു. ഈ വകുപ്പിന്റെ ആവിർഭാവത്തോടു കൂടി സംസ്ഥാനത്തെ ഗിരിജനക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു ആക്കവും ആവേഗവും കൈവന്നു. രാജ്യത്തിന്റെ പൊതുവായ വികസനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നല്ലൊരു ശതമാനം, ഗിരിവർഗ്ഗ പ്രദേശങ്ങളുടെ അഭിവൃദ്ധിക്കായി നീക്കിവയ്ക്കണമെന്ന് അഞ്ചാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് 1976–നു ശേഷം ഗിരിവർഗ്ഗക്കാർക്കുവേണ്ടിയുള്ള 'ട്രൈബൽ സബ് പ്ലാൻ' നടപ്പാക്കുകയുണ്ടായി. ഗിരിവർഗ്ഗക്കാർ 51 ശതമാനമോ അതിലധികമോ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് അഞ്ചു ഗിരിജന മേഖലകൾ രൂപവൽക്കരിക്കപ്പെട്ടു. അവ തിരുവനന്തപുരം, കൊല്ലം ജില്ലകൾ ഉൾപ്പെടുന്ന പുനലൂർ മേഖല, ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകൾ ഉൾപ്പെടുന്ന ഇടുക്കി മേഖല, മലപ്പുറം, കോഴിക്കോട് ജില്ലകൾ ഉൾപ്പെടുന്ന നിലമ്പൂർ മേഖല, വയനാട്, കണ്ണൂർ ജില്ലകൾ ഉൾപ്പെടുന്ന മാനന്തവാടി മേഖല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖല എന്നിവയാണ്. സംസ്ഥാനത്തെ ഏതാണ്ട് 37 ശതമാനം ഗിരിജനങ്ങൾ മേൽപ്പറഞ്ഞ അഞ്ചു മേഖലകളുടെ പരിധിയിൽ വരുന്നുണ്ട്.

ഗിരിജനങ്ങളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി സംസ്ഥാന ഗവൺമെന്റ് 1982–83 സാമ്പത്തിക വർഷത്തിൽ മൊത്തം 310 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്. കഴിഞ്ഞ വർഷം ഈ ഇനത്തിൽ ചെലവഴിച്ചത് 290 ലക്ഷം രൂപയായിരുന്നു. ആറാം പദ്ധതി (1980–85) കാലത്താകട്ടെ, സംസ്ഥാന വിഹിതമായി 23.73 കോടി രൂപ ഗിരിജനക്ഷേമ പദ്ധതികൾക്ക് ലഭ്യമാകും.

## നടപ്പുവർഷത്തിൽ

നടപ്പു സാമ്പത്തിക വർഷത്തിലെ ഗിരിജനക്ഷേമ പ്രവർത്തനങ്ങളിൽ 6.5 ലക്ഷം രൂപയുടെ ചെലവുവരുന്ന വ്യാവസായിക പരിശീലന പദ്ധതികൾ, 46 ലക്ഷം രൂപ ചെലവുവരുന്ന സെക്കണ്ടറി വിദ്യാഭ്യാസം, 14 ലക്ഷം രൂപ ചെലവു വരുന്ന കോളേജ് വിദ്യാഭ്യാസം, 31 ലക്ഷം രൂപ ചെലവുവരുന്ന 18 ട്രൈബൽ ഹോസ്റ്റലുകളുടേയും 52 ജി. ആർ. ബി. ഹോസ്റ്റലുകളുടേയും പ്രവർത്തനം, എന്നിവ ഉൾപ്പെടുന്നു. കൊല്ലം ജില്ലയിലെ കരിങ്കുളം, മാനന്തവാടി താലൂക്കിലെ പനമരം എന്നീ കോളണൈസേഷൻ പദ്ധതികൾക്കു വേണ്ടി നാലു ലക്ഷം രൂപയും ഭവനനിർമ്മാണ പദ്ധതിക്കു വേണ്ടി 20 ലക്ഷം രൂപയും ചെലവഴിക്കുന്നതാണ്. ഈ പദ്ധതിയനുസരിച്ച് അർഹതയുള്ള ഗിരിജന കുടുംബങ്ങൾക്ക് 4000 രൂപ മുതൽ 4800 രൂപ വരെ ഭവനനിർമ്മാണ ഗ്രാന്റ് നൽകുന്നതാണ്. അട്ടപ്പാടിയിലും മറ്റു വനപ്രദേശങ്ങളിലും പണികഴിപ്പിക്കുന്നത് 8000 രൂപ ചെലവുവരുന്ന കോൺക്രീറ്റു വീടുകളായിരിക്കും. ഈ വർഷം മൊത്തം 256 വീടുകൾ പുതുതായി നിർമ്മിക്കുന്നതും 1157 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതുമാണ്. "ഊരു" (Hamlet) കളുടെ വികസനത്തിന് 15 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. റോഡു വികസനം, ഭൂവികസനം, ഭവന നിർമ്മാണം, ശുദ്ധജല വിതരണം,. വൈദ്യുതീകരണം തുടങ്ങിയ വികസന പ്രക്രിയകളിലൂടെയാണ് ഈ പദ്ധതി പ്രയോഗത്തിൽ വരുത്തുന്നത്. തൊടുപുഴ, പുനലൂർ, കാഞ്ഞിരപ്പള്ളി, നിലമ്പൂർ, കൽപ്പറ്റ, ഇരിട്ടി, അട്ടപ്പാടി എന്നിവിടങ്ങളിൽ ഓരോന്നു വീതവും മാനന്തവാടിയിൽ മൂന്നും അടക്കം ആകെ 10 ഊരുകൾ നടപ്പുവർഷം വികസിപ്പിക്കും. മാനന്തവാടി ഊരുവികസന പദ്ധതിയോടനുബന്ധിച്ച്, മുമ്പ് അടിമപ്പണിക്കാരായിരുന്ന 20 വിമുക്ത ഗിരിജനങ്ങളെ പുനരധിവസിപ്പിക്കുന്നതുമാണ്. നിലവിലുള്ള കോടഞ്ചേരി, വട്ടച്ചിറ കൂട്ടുകൃഷി ഫാമുകളുടെ തുടർന്നുള്ള പ്രവർത്തനത്തിനും വടക്കൻ വയനാട് താലൂക്കിൽ പുതുതായാരംഭിക്കുന്ന എരുമത്തൂർ കോളണൈസേഷൻ പദ്ധതിക്കും വേണ്ടി ആറു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മൊത്തത്തിൽ നോക്കുമ്പോൾ സംസ്ഥാനത്തെ ഹരിജന – ഗിരിജന ക്ഷേമ പ്രവർത്തനങ്ങൾക്ക് കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും ആവശ്യാനുസരണം വിഹിതം ലഭിക്കുന്നുണ്ടെന്നു കാണാം. പുറമെ, ഹരിജനങ്ങൾക്കു വേണ്ടിയുള്ള ''സ്പെഷ്യൽ കോമ്പോണന്റ് പ്ലാൻ'', ഗിരിജനങ്ങൾക്കു വേണ്ടിയുള്ള ''ട്രൈബൽ സബ് പ്ലാൻ'' എന്നീ പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന വിശേഷാൽ കേന്ദ്ര വിഹിതവും ലഭിക്കുന്നുണ്ട്. എന്നിരുന്നാലും, കേരളത്തിലെ ഹരിജന–ഗിരിജന ക്ഷേമ പദ്ധതികൾ കൊണ്ടുള്ള പ്രയോജനം പല കാരണങ്ങൾകൊണ്ടും ബന്ധപ്പെട്ട വിഭാഗങ്ങൾക്കു വേണ്ടത്ര ലഭിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. എന്നാൽ ഭാഗ്യവശാൽ, ഈ രംഗത്ത് ഇന്ന് പ്രസരിച്ചുകൊണ്ടിരിക്കുന്ന അർപ്പണബോധത്തോടെയുള്ള കർമ്മചൈതന്യം ഈ രീതിയിൽ മുന്നോട്ടുപോയാൽ മലമടക്കുകളിലും താഴ്വാരങ്ങളിലും ഗ്രാമഗ്രാമാന്തരങ്ങളിലും അദ്ധ്വാനിച്ചുകഴിയുന്ന ഹരിജന–ഗിരിജനങ്ങളുടെ ജീവിതം കൂടുതൽ ശോഭനമാകും.

# 8

## ഗ്രാമങ്ങൾക്ക് ശുദ്ധജലം

**ശുദ്ധജലത്തിനുവേണ്ടി ദാഹിക്കുന്ന ആയിരത്തിലധികം ഗ്രാമങ്ങൾ കേരളത്തിലുണ്ട്. അവയ്ക്കും മറ്റ് ജനപദങ്ങൾക്കും കുടിനീർ എത്തിക്കാനുള്ള ബ്രഹത് പദ്ധതി ഗവൺമെൻറ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ വർഷം നൂറു ഗ്രാമങ്ങളിലെങ്കിലും ശുദ്ധ ജലം ലഭ്യമാക്കാൻ യത്നിക്കുന്നു.**

കുടിക്കാനുള്ള ശുദ്ധജലം ലഭിക്കുകയെന്നുള്ളത് മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽ ഒന്നാണല്ലോ. അതുകൊണ്ടുതന്നെയാണ് പുതിയ ഇരുപതിന സാമ്പത്തികപരിപാടിയിൽ ഈ പ്രശ്നത്തിനു വമ്പിച്ച പ്രാധാന്യം നൽകി ഉൾപ്പെടുത്തിയിരിക്കുന്നത്. കുടിനീരിന് മുട്ടുള്ള എല്ലാ ഗ്രാമങ്ങളിലും ശുദ്ധജലം എത്തിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

1.6 കിലോമീറ്റർ ദൂരത്തിനകത്തോ 15 മീറ്റർവരെ താഴ്ചയിലോ ശുദ്ധജലം ലഭ്യമല്ലാത്ത ഗ്രാമങ്ങൾക്കും അനാരോഗ്യകരമായ ലവണങ്ങളും ഖനിജങ്ങളും കോളറാ തുടങ്ങിയവയുടെ അണുക്കളും അടങ്ങിയിരിക്കുന്ന ജലം മാത്രം ലഭ്യമാകുന്ന ഗ്രാമങ്ങൾക്കും ആണ് മുൻഗണന നൽകുന്നത്. 1980–ലെ സർവ്വെപ്രകാരം ഈ വിഭാഗത്തിൽപ്പെട്ട 1164 പ്രശ്നഗ്രാമങ്ങളാണ് കേരളത്തിലുള്ളത്.

ഗ്രാമങ്ങളിൽ ശുദ്ധജലവിതരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ കാര്യമായ ശ്രദ്ധ ആദ്യകാലത്ത് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. 1977–78 മുതൽ നൂറുശതമാനം കേന്ദ്രസഹായമുള്ള 'ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീം' നടപ്പിലായിത്തുടങ്ങിയതോടെയാണ് കേരളത്തിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് ആക്കം കൂടിയത്. 110 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും നാല് നഗരശുദ്ധജല വിതരണ പദ്ധതികളും 1980–81 വർഷത്തിൽ പൂർത്തിയാക്കുകയുണ്ടായി. 83 ഗ്രാമീണ പദ്ധതികളാണ് 1980–81-ൽ പൂർത്തിയാക്കിയത്. അതോടെ സംസ്ഥാനത്ത് നടപ്പിലായ ഗ്രാമീണ പദ്ധതികളുടെ എണ്ണം 833 ആയി. ഇതോടെ ഗ്രാമീണ ജനതയിൽ 25 ശതമാനം പേർക്ക് ശുദ്ധജലവിതരണം സാധ്യമാകുകയുണ്ടായി. 1981–82 ൽ കേന്ദ്ര സഹായത്തിൽ 24 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കി. 578.62 ലക്ഷം രൂപ ഇതിനുവേണ്ടി ചെലവാക്കുകയുണ്ടായി. പട്ടികജാതിക്കാർക്കു മാത്രമായ അറുപതു പദ്ധതികളും പട്ടിക വർഗ്ഗക്കാർക്കു മാത്രമായ എട്ടു പദ്ധതികളും മറ്റ് നാലു പദ്ധതികളും 418.5 ലക്ഷം രൂപ ചെലവിൽ സംസ്ഥാന ഗവൺമെൻറും ഈ കാലയളവിൽ നടപ്പിലാക്കി. 107 പ്രശ്ന ഗ്രാമങ്ങളിൽ ഭാഗികമായി ശുദ്ധജലവിതരണം സാധ്യമാക്കുന്ന 153 കേന്ദ്രസഹായ പദ്ധതികളും സംസ്ഥാന ഗവൺമെൻറിന്റേതായ ഹരിജനങ്ങൾക്കു പ്രയോജനം ചെയ്യുന്ന 321 പദ്ധതികളും ഗിരിജനങ്ങൾക്കു പ്രയോജനം ചെയ്യുന്ന 23 പദ്ധതികൾ, മറ്റു 23 പൊതുവായ പദ്ധതികളും ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 1164 പ്രശ്നഗ്രാമങ്ങളിൽ 551 എണ്ണത്തിൽ ഭാഗികമായും ആറെണ്ണത്തിൽ പൂർണ്ണമായും ശുദ്ധജലവിതരണം സാധ്യമാക്കാൻ 1982 അവസാനമാകുമ്പോഴേയ്ക്കും സാധ്യമാകും. അവശേഷിക്കുന്ന പ്രശ്ന ഗ്രാമങ്ങളിലെ ജനങ്ങളിൽ മൂന്നിലൊരു ഭാഗത്തിന് ആറാം പദ്ധതി അവസാനിക്കും മുമ്പ് ശുദ്ധജലം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

### 1982–83–ൽ

1982–83 വർഷത്തിൽ ഗ്രാമീണ ശുദ്ധജലവിതരണത്തിന് 615 ലക്ഷം രൂപ കേന്ദ്രപദ്ധതികളിലൂടെ ചെലവഴിക്കുന്നതാണ്. 35 പ്രശ്ന ഗ്രാമങ്ങളിൽ ഭാഗികമായെങ്കിലും ശുദ്ധജലവിതരണം ഏർപ്പെടുത്താൻ ഈ തുക വിനിയോഗിക്കും. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ സഹായത്തോടെ സംസ്ഥാന ഗവൺമെൻറ് 553.6 ലക്ഷം രൂപയും ഗ്രാമീണ ശുദ്ധജലവിതരണത്തിനായി ഉപയോഗപ്പെടുത്തുന്നതാണ്. അങ്ങനെ കേന്ദ്രത്തിന്റേതും സംസ്ഥാനത്തിന്റേതുമായി 108 സ്കീമുകളെങ്കിലും 1982–83-ൽ നടപ്പിലാവുമെന്ന കാര്യം തീർച്ചയാണ്. ഇതിൽ 60 എണ്ണം ഹരിജനങ്ങൾക്കു വേണ്ടിയും അഞ്ചെണ്ണം ഗിരിജനങ്ങൾക്കുവേണ്ടിയും ഉള്ളവയാണ്. നാനൂറ്റി എൺപത്തിനാലു പഞ്ചായത്തുകളിലെ 16 ലക്ഷം ജനങ്ങൾക്ക് ഉപയോഗപ്രദമായ നിലയിൽ 876 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ ഇപ്പോൾ പ്രവർത്തനത്തിലുണ്ട്. 415 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അവയിൽ 200 എണ്ണം ഈ വർഷം തന്നെ പൂർത്തിയാകും. ഇവയിൽ വക്കം–അഞ്ചുതെങ്ങ്, കുട്ടനാട്, അയിരൂർ–നെൻമാറ, ശബരിമല എന്നീ നാലു വൻകിട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും ഉൾപ്പെടുന്നു. യൂണിസെഫ് സമ്മാനിച്ച ഡ്രില്ലിംഗ് യൂണിറ്റുകൾ ഉപയോഗിച്ച് 200 കുഴൽക്കിണറുകൾ ഈ വർഷം ഗ്രാമങ്ങളിൽ നിർമ്മിക്കുന്നതാണ്. ഈ പദ്ധതികൾ എല്ലാം പൂർത്തിയായി വരുമ്പോൾ 50 ശതമാനം പ്രശ്ന ഗ്രാമങ്ങളിൽ ശുദ്ധമായ കുടിജലം എത്തിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറിന്റെ പ്രതീക്ഷ.

1982–83 സാമ്പത്തിക വർഷം കഴിയുമ്പോൾ ഗ്രാമീണ ശുദ്ധജലവിതരണ കാര്യത്തിൽ അഭിമാനകരമായ ഒരു നേട്ടം നമുക്കുണ്ടാകുമെന്നതു തീർച്ചയാണ്. അന്താരാഷ്ട്ര

ശുദ്ധജല ദശകത്തിന്റെ സന്ദേശവും ആറാം പദ്ധതി അവസാനിക്കും മുമ്പ് എല്ലാ പ്രശ്നഗ്രാമങ്ങൾക്കും കുടിനീർ എത്തിക്കണമെന്ന ഇന്ത്യാഗവൺമെന്റിന്റെ നിർദ്ദേശവും നമുക്ക് സ്വീകരിക്കേണ്ടതുണ്ട്. എല്ലാ ഗ്രാമങ്ങളിലും ശുദ്ധമായ പൈപ്പുവെള്ളം എത്തിക്കണമെന്നാണ് കേരള ഗവൺമെന്റിന്റെ ആഗ്രഹം. ഈ ആഗ്രഹം നടപ്പിൽ വരുത്താൻ 300 കോടി രൂപയെങ്കിലും ആറാം പദ്ധതിയിൽ നമുക്ക് ചെലവഴിക്കേണ്ടിവരും. കഴിയുന്നിടത്തോളം സഹായങ്ങൾ കിട്ടുന്നേടങ്ങളിൽനിന്നെല്ലാം സ്വീകരിക്കാനുള്ള യത്നത്തിലാണ് ഗവൺമെന്റ്. എൽ. ഐ. സി. പോലുള്ള സ്ഥാപനങ്ങളുടെ സഹായം ഇതിനു മുമ്പേതന്നെ നാം സ്വീകരിച്ചിട്ടുണ്ട്. ലോക ബാങ്കിന്റെയും യുനെസ്കോയുടെയും നെതർലാന്റ്, ഡെൻമാർക്ക് എന്നീ രാജ്യങ്ങളുടെയും സഹായ സഹകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ചിറയിങ്കീഴ് റീജിയണൽ ജലവിതരണ പദ്ധതിക്കും നാട്ടിക ഫർക്ക റീജിയണൽ ജലവിതരണ പദ്ധതിക്കുമായി യഥാക്രമം 342 ലക്ഷം രൂപയും 674 ലക്ഷം രൂപയും നെതർലാന്റിൽ നിന്നു സഹായം ലഭിക്കും. ചിറയിൻകീഴ് താലൂക്കിൽ ആറു പഞ്ചായത്തുകളിലായി രണ്ടു ലക്ഷം ആളുകൾക്കും നാട്ടിക ഫർക്കയിൽ (തൃശൂർ ജില്ലയിലെ 10 തീരദേശ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശം) 140 ചതുരശ്ര കിലോമീറ്ററിനുള്ളിൽ വസിക്കുന്നവർക്കും ഈ പദ്ധതികൾ മൂലം ശുദ്ധജലം ലഭ്യമാകും. കുട്ടനാടു ശുദ്ധജലവിതരണ പദ്ധതിക്ക് 10.68 കോടി രൂപ നെതർലാന്റ് സഹായം പ്രതീക്ഷിക്കുന്നു. നാലു നഗരങ്ങളിലെയും ഏതാനും ഗ്രാമങ്ങളിലെയും ശുദ്ധജലവിതരണ പദ്ധതികൾക്കായി 50 കോടി രൂപയുടെ ലോകബാങ്കു സഹായവും ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. ഭൂഗർഭജലം പരമാവധി ചൂഷണം ചെയ്യുന്നതിനുവേണ്ടി ഒരു ഭൂഗർഭജലവിതരണ അതോറിട്ടി അധികം വൈകാതെ രൂപീകരിക്കുന്നതാണ്.

1982–83 ൽ ആകെ 3309.60 ലക്ഷം രൂപ ശുദ്ധജലവിതരണ പദ്ധതികൾക്കുള്ള അടങ്കലായി വകകൊള്ളിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കോളനികൾ, ഹരിജൻ–ഗിരിജൻ കോളനികൾ എന്നിവിടങ്ങളിലെല്ലാം ഒരു വർഷത്തിനകം ശുദ്ധജലം എത്തിക്കാൻ ഗവൺമെന്റ് ഊർജിതമായ ശ്രമങ്ങൾ നടത്തിവരുന്നു. ഇതിന്റെ ജോലികൾ മൂന്നു മാസത്തിനകം ആരംഭിക്കുന്നതാണ്. സാമൂഹ്യ വികസന ബ്ലോക്കുകൾ വഴി ഗ്രാമങ്ങളിൽ കിണറുകൾ കുഴിച്ചു നൽകുന്ന പദ്ധതിയും ഊർജ്ജിതപ്പെടുത്തുന്നതായിരിക്കും. ഈ ശ്രമങ്ങൾക്ക് ഊർജ്ജസ്വലത പകരാൻ പുതിയ ഇരുപതിന സാമ്പത്തിക പരിപാടി പര്യാപ്തമാവും.



# 9

## പാവപ്പെട്ട ഗ്രാമീണർക്ക് പാർപ്പിടസൗകര്യം

**സമഗ്രമായ ഭവനനിർമ്മാണപരിപാടി പല ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇക്കൊല്ലം ഇരുപതിന പരിപാടിപ്രകാരം പതിനായിരം പാവപ്പെട്ട ഗ്രാമീണർക്ക് വീടു വയ്ക്കാനുള്ള സ്ഥലം അനുവദിക്കാനും രണ്ടായിരത്തി അഞ്ഞൂറു പേർക്ക് ധനസഹായം നൽകാനും ഉദ്ദേശിക്കുന്നു.**

''സ്വന്തമായി ഇത്തിരി മണ്ണും കേറിക്കിടക്കാൻ ഒരു കൂരയും''—ഏതൊരു മനുഷ്യന്റെയും എക്കാലത്തെയും ആഗ്രഹങ്ങളിൽ ഒന്നാണിത്. ആഗ്രഹം മാത്രമല്ല, ആഹാരവും വസ്ത്രവും പോലെ ഒഴിച്ചുകൂടാൻ വയ്യാത്തതാണ് താമസിക്കാൻ സ്വന്തമായി ഒരു പാർപ്പിടം ഉണ്ടാവുകയെന്നത്.

ഉയർന്ന ജനസാന്ദ്രതയും സാമ്പത്തിക പിന്നോക്കാവസ്ഥയും ഭൂവിസ്തൃതിയുടെ പരിമിതിയും കേരളത്തിലെ പാർപ്പിട പ്രശ്നത്തെ രൂക്ഷമാക്കുന്നു. എന്നാൽ കേരളത്തിൽ നടപ്പിലാക്കിയ സമഗ്രമായ ഭൂപരിഷ്ക്കരണ പരിപാടികളുടെയും ജനാധിപത്യ ഗവൺമെന്റുകൾ അതാതു കാലത്തു പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിൽ കാണിച്ച താത്പര്യത്തിന്റെയും ഫലമായി മറ്റു പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് പാർപ്പിടം സ്വന്തമായി ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം ഇവിടെ വളരെ കുറവാണെന്നുള്ളത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്നു. പാവപ്പെട്ടവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് കേരളം കൈക്കൊണ്ട 'ലക്ഷംവീടു പദ്ധതി' പോലെയുള്ള സംരംഭങ്ങൾ മറ്റു സംസ്ഥാനങ്ങൾക്കുപോലും മാതൃകയായി.

കേരളത്തിൽ ഭവന നിർമ്മാണരംഗത്ത് ഒട്ടധികം ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. റവന്യുബോർഡ്, പൊതുമരാമത്ത്, പോലീസ്, ഹരിജനക്ഷേമം, ഗിരിജനക്ഷേമം എന്നീ സർക്കാർ വകുപ്പുകൾ, കേരള സംസ്ഥാന ഹരിജന—ഗിരിജന കോർപ്പറേഷൻ, സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ, കേരള മത്സ്യത്തൊഴിലാളിക്ഷേമ കോർപ്പറേഷൻ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്, എൽ. എൽ. ഐ. സി., ബാങ്കുകൾ, ഹഡ്കോ തുടങ്ങിയവ ഈ രംഗത്തു സജീവമായി പ്രവർത്തിക്കുന്ന ഏജൻസികളാണ്. പാവപ്പെട്ടവർക്കും മറ്റു ദുർബല വിഭാഗങ്ങൾക്കും വീടുകൾ നിർമ്മിച്ചു നല്കുന്നതിനും, വീടു വയ്ക്കാൻ സഹായം നല്കുന്നതിനും ഈ ഏജൻസികളുടെ ആഭിമുഖ്യത്തിൽ നിരവധി പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

### സ്ഥലവും സാമ്പത്തികസഹായവും

ഭൂരഹിതരായ ഗ്രാമീണതൊഴിലാളികൾക്കു വീടു വയ്ക്കാനുള്ള സ്ഥലം പതിച്ചു നൽകുന്നതും വീടു വയ്ക്കാൻ സാമ്പത്തികസഹായം അനുവദിക്കുന്നതുമായ പ്രവർത്തനമാണ് പാവപ്പെട്ട ഗ്രാമീണരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഊർജ്ജിതമായി നടപ്പാക്കിവരുന്ന ഒരു പരിപാടി. കേരളത്തിൽ ഉണ്ടെന്നു കണക്കാക്കിയിട്ടുള്ള 2. 72 ലക്ഷം ഭൂരഹിത കുടുംബങ്ങളിൽ 2.2 ലക്ഷവും ഗ്രാമങ്ങളെ അധിവസിക്കുന്നവരാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ പരിപാടിക്കു കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ ഭൂരഹിതർക്ക് നാലോ അഞ്ചോ സെന്റു ഭൂമി വീതം വീടു വയ്ക്കുന്നതിനു പതിച്ചു നൽകുകയെന്നതാണ് റവന്യു ബോർഡ് നടപ്പിലാക്കിവരുന്ന ഈ പരിപാടിയുടെ സത്ത. എല്ലാ പട്ടികജാതി—പട്ടിക വർഗ്ഗക്കാർക്കും ആറാം പദ്ധതിക്കാലത്ത് വീടു വയ്ക്കാനുള്ള സ്ഥലം നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി മാത്രം 5000 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള ശ്രമത്തിലാണ് റവന്യുബോർഡ്. 1980—82 കാലത്ത് റവന്യുവകുപ്പ് 416 ഏക്കർ ഭൂമി ഏറ്റെടുക്കുകയും 12659 പേർക്ക് അത് വിതരണം ചെയ്യുകയും ഉണ്ടായി. ഇങ്ങനെ ഭൂമി ലഭിച്ചവരിൽ 50 ശതമാനം പട്ടികജാതി—പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്.

### വീടുപണിയാൻ ഭൂമിയും സഹായവും

ഭൂമി പതിച്ചു നൽകുന്നതോടൊപ്പം വീടു വച്ചു കൊടുക്കുന്നതിനും വീടു പണിയാൻ സഹായം നൽകുന്നതിനും ഉള്ള ഒരു പദ്ധതി 1980—81 മുതൽ ഗവൺമെന്റ് നടപ്പാക്കിവരുന്നു. ലക്ഷംവീടു പദ്ധതിയുടെ ഭാഗമായി ഭൂമി പതിച്ചു കൊടുത്തവർക്ക് വീടു പണിയുന്നതിന് 3000 രൂപ വായ്പയും 1000 രൂപ ഗ്രാന്റും അനുവദിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളികൾക്കായി 40,000 വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി അതിവേഗം പൂർത്തിയായിവരുന്നു. 1980—81ൽ 191.23 ലക്ഷം രൂപയും 1981—82 ൽ 189 ലക്ഷം രൂപയും വീടു വയ്ക്കുന്നതിനുള്ള സഹായമായി നൽകിക്കഴിഞ്ഞു. നടപ്പുസാമ്പത്തിക വർഷത്തിൽ ഈ പദ്ധതി വിപുലമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ഭവന നിർമ്മാണ വകുപ്പ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റേയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെയും സഹായത്തോടെ നടപ്പാക്കിവരുന്ന മറ്റൊരു ബ്രഹത് പദ്ധതിയാണ് ചെങ്കൽച്ചൂള ഭവന നിർമ്മാണ പദ്ധതി. ചേരിവാസികൾക്ക് ആധുനിക രീതിയിലുള്ള

ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. 700 കുടുംബങ്ങൾക്ക് ഫ്ളാറ്റുകൾ സൗജന്യമായി നല്കാനാണ് പരിപാടി. ഇതിനകം 344 ഫ്ളാറ്റുകൾ പണി പൂർത്തിയാക്കി വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി 356 ഫ്ളാറ്റുകളുടെ പണി ഈ വർഷംതന്നെ ആരംഭിക്കാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 72 ലക്ഷം രൂപ ചെങ്കൽച്ചൂള പദ്ധതിക്കുവേണ്ടി ഗവൺമെൻറ് നല്കിയിട്ടുണ്ട്. നിർമ്മാണച്ചെലവു മാത്രം 20,000 രൂപയോളം വരുന്ന ഫ്ളാറ്റുകൾ സൗജന്യമായി പാവപ്പെട്ടവർക്കു നല്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

## വിവിധ പരിപാടികൾ

സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ ജനവിഭാഗങ്ങളെയും ഉദ്ദേശിച്ച് നിരവധി ഭവന നിർമ്മാണ പദ്ധതികൾ ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്.

(1) പുറമ്പോക്കു ഭൂമി പതിച്ചു കിട്ടിയവർക്കും രണ്ടേക്കറിലധികം ഭൂമി സ്വന്തമായി ഇല്ലാത്ത കാർഷിക തൊഴിലാളികൾക്കും 1500 രൂപ വീതം വീടുവെയ്ക്കാൻ സഹായം നൽകുന്നു. 1100 രൂപ ഗ്രാൻററായും 400 രൂപ കടമായും ആണ് നൽകുന്നത്. ഈ ആനുകൂല്യത്തിൽ 50 ശതമാനം പട്ടികജാതി—പട്ടിക വർഗ്ഗക്കാർക്കാണ് ലഭിച്ചുവരുന്നത്.

(2) കേരള സർക്കാർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സഹകരണബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഹഡ്കോ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ പാവപ്പെട്ടവർക്കു വീടു



വയ്ക്കാൻ 3800 രൂപവരെ സഹായം നല്കുന്നു. 1980.81 ൽ ഈ സഹായം ഉപയോഗപ്പെടുത്തി 3696 ഭവനങ്ങൾ നിർമ്മിക്കുകയുണ്ടായി. 1980–81 ൽ 50 ലക്ഷം രൂപയും 81–82 ൽ 40 ലക്ഷം രൂപയും ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ഗവൺമെൻറ് ഭവന നിർമ്മാണ ബോർഡിന് അനുവദിച്ചു. ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുമുണ്ട്.

(3) ഹഡ്കോ (Housing and Urban Development Corporation) യുടെ സഹായത്തോടെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്തിലെ 40,000 കുടികിടപ്പുകാർക്ക് വീടു വയ്ക്കാൻ സഹായം നൽകുന്നു. ഘട്ടം ഘട്ടമായാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. 1981–82 ൽ 326 പേർക്കായി 25 ലക്ഷം രൂപ പാർപ്പിട നിർമ്മാണ സഹായമായി അനുവദിച്ചിട്ടുണ്ട്.

(4) ഗിരിജനക്ഷേമ ഡയറക്ടറേറ്റ് ഗിരിജനങ്ങൾക്കുവേണ്ടി പാർപ്പിടങ്ങൾ നിർമ്മിച്ച് സൗജന്യമായി നൽകുന്നു. 1981 മാർച്ചുവരെ 5581 വീടുകൾ ഇപ്രകാരം നിർമ്മിച്ചു നൽകുകയുണ്ടായി. 1980–81ൽ 174 വീടുകളും 1981–82 ൽ 411 വീടുകളും ഗിരിജനങ്ങൾക്കായി നിർമ്മിച്ചു നൽകിയിട്ടുണ്ട്. 25243 ഗിരിജന കുടുംബങ്ങളെക്കൂടി കുടിലിൽനിന്നു മോചിപ്പിക്കേണ്ടതുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത്രയും വീടുകൾ കൂടി നിർമ്മിച്ചു നൽകി ഗിരിജന വിഭാഗങ്ങളുടെ പാർപ്പിടപ്രശ്നം അതിവേഗം പരിഹരിക്കാനാണ് ഗവൺമെൻറിൻെറ ശ്രമം.

(5) ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി മുഖേന പാവപ്പെട്ടവർക്കു വീടു വെയ്ക്കാൻ സഹായം ലഭിക്കുന്നു. സമഗ്ര ഗ്രാമവികസനത്തിൻെറ ഒരു ഭാഗമെന്ന നിലയിലാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമങ്ങളിലെ 4000 രൂപയിലധികം വാർഷിക വരുമാനം ഇല്ലാത്ത ആളുകൾക്കു മാത്രമേ വീടു വയ്ക്കുന്നതിനുള്ള ഈ സഹായത്തിന് അർഹതയുണ്ടായിരിക്കൂ. ഈ പദ്ധതിയിലും പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകിയിട്ടുണ്ട്. 1981–82 ലെ പോലെ തന്നെ ഈ വർഷവും 24 പഞ്ചായത്തുകളിൽ ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി അനുവദിച്ചുകൊണ്ട് ഗവൺമെൻറ് ഉത്തരവായിട്ടുണ്ട്.

(6) ഹരിജനക്ഷേമഡയറക്ടറേറ്റ് ഹരിജന കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുന്നു. 1981 മാർച്ച് വരെ 11,000 വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. 1980–81 ൽ ഈ പദ്ധതിക്ക് ഗവൺമെൻറ് 100 ലക്ഷം രൂപ ചെലവിടുകയുണ്ടായി. 1981–82 ൽ 75 ലക്ഷം രൂപയും ഹരിജനങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതികൾക്കായി വിനിയോഗിച്ചു. ഹരിജന കുടുംബങ്ങൾക്ക് മുഴുവനും സ്വന്തമായ പാർപ്പിടം ലഭ്യമാക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും ഗവൺമെൻറ് ആരാഞ്ഞുവരുന്നു.

(7) ഹഡ്കോയുടെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മത്സ്യത്തൊഴിലാളിക്ഷേമ കോർപ്പറേഷൻ പാർപ്പിടങ്ങൾ നിർമ്മിച്ചു നൽകുന്നു. 4000 രൂപ വീതം ചെലവു വരുന്ന 20,000 വീടുകൾ രണ്ടു ഘട്ടങ്ങളിലായി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 10,000 വീടുകൾ ഇതിനകം നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്.

(8) പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കു വേണ്ടി കേരള സംസ്ഥാന പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വീടുകൾ നിർമ്മിച്ചുകൊടുക്കുന്നു. വിപുലമായൊരു പദ്ധതിയാണ് കോർപ്പറേഷനുള്ളത്. ആദ്യ ഘട്ടത്തിൽ വീടൊന്നിന് 5000 രൂപ ചെലവു വരുന്ന 2200 വീടുകളും രണ്ടാം ഘട്ടത്തിൽ വീടൊന്നിന് 3000 രൂപ ചെലവുവരുന്ന 9246 വീടുകളും മൂന്നാംഘട്ടത്തിൽ വീടൊന്നിന് 9984 രൂപ ചെലവുവരുന്ന 2749 വീടുകളും പൂർത്തിയാക്കുകയുണ്ടായി. കോഴിക്കോട് കോർപ്പറേഷനിലെ ഹരിജൻ തോട്ടിത്തൊഴിലാളികൾക്കുവേണ്ടി മറ്റൊരു ഭവന നിർമ്മാണ പദ്ധതിയും കോർപ്പറേഷൻ ഏറ്റെടുത്തു നടത്തിവരുന്നു.

(9) കാസർകോഡ്–ഹോസ്ദുർഗ്ഗ് താലൂക്കുകളിലെ പട്ടിക ജാതി—പട്ടിക വർഗ്ഗക്കാർക്കുവേണ്ടി ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നു. കൊറഗർക്ക് 68 വീടുകളും ഹരിജനങ്ങൾക്ക് 55 വീടുകളും നിർമ്മിക്കാനാണ് പരിപാടി. 1981–82 ൽ 1,82 ലക്ഷം രൂപ ഈ പദ്ധതിക്ക് ചെലവഴിക്കുകയുണ്ടായി.

(10) തോട്ടം തൊഴിലാളികൾക്കു പാർപ്പിട നിർമ്മാണത്തിന് സഹായം നല്കുന്നു. 1975 മുതൽ നടപ്പാക്കി വരുന്ന ഒരു കേന്ദ്ര ഗവൺമെൻറ് പദ്ധതിയാണിത്. 1980–81ൽ 217 വീടുകളും 1981–82 ൽ 50 വീടുകളും ഈ പദ്ധതിപ്രകാരം നിർമ്മിക്കുകയുണ്ടായി. 67,000 പേർക്ക് വീടു വയ്ക്കാൻ സ്ഥലം അനുവദിക്കാനും 8400 പേർക്ക് വീടു നിർമ്മിക്കുന്നതിന് ധനസഹായം നല്കാനും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്കായി 1155 വീടുകൾ നിർമ്മിച്ചു നൽകാനും ഉള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെൻറ് വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെൻറും സമാനമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതാണ്.

ഇത്തരത്തിൽ വിപുലമായ ഒട്ടധികം പരിപാടികൾ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനായി ഗവൺമെൻറ് നടപ്പിലാക്കിവരികയാണ്. സംസ്ഥാനത്തെ മുഖ്യ ഭവന നിർമ്മാണ ഏജൻസിയായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കുറെക്കൂടി വിപുലമായ ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതായിരിക്കും.

**10**

## ചേരിപരിഷ്കരണം

**കേരളത്തിലെ 25 പട്ടണങ്ങളിൽ പന്തീരായിരത്തോളം കുടുംബങ്ങൾ ഇന്നും ചേരികളിൽ കഴിഞ്ഞുവരുന്നു. ഇവരെ ആരോഗ്യകരമായ ചുറ്റുപാടുകളിലേക്ക് മാറ്റി പാർപ്പിക്കാൻ ഇരുപതുകോടി രൂപയെങ്കിലും വേണം.**

ചേരി നിർമ്മാർജ്ജനത്തിനായി സംസ്ഥാന വ്യാപകമായി വിപുലമായ പദ്ധതികളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ 25 പട്ടണങ്ങളിൽ ചേരികൾ നഗരജീവിതത്തിൻെറ കറുത്ത പൊട്ടുകളായി അവശേഷിക്കുന്നു. കേരളത്തിൽ 12,000 കുടുംബങ്ങൾ ചേരികളിൽ ജീവിക്കുന്നു. ഈ ചേരികൾ പൂർണമായി നിർമ്മാർജ്ജനം ചെയ്ത് അവിടെ വസിക്കുന്നവരെ ആരോഗ്യകരമായ ചുറ്റുപാടുകളിൽ പുനരധിവസിപ്പിക്കുന്നതിന് 20 കോടി രൂപയെങ്കിലും വേണ്ടിവരും. 10 വർഷത്തെ നിരന്തരമായ ശ്രമവും ഇതിന് ആവശ്യമാണ്. അതുകൊണ്ട് ചേരി നിർമ്മാർജനവും ചേരി പരിഷ്കരണവും എന്ന ദ്വിമുഖ സമീപനമാണ് ഗവൺമെൻറ് കൈക്കൊണ്ടുവരുന്നത്. ഈ അടിസ്ഥാനത്തിൽത്തന്നെ സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും ഉൾ



പ്പെടുത്തിക്കൊണ്ട് 10 കൊല്ലം നീണ്ടു നിൽക്കുന്ന ഒരു സമയ ബന്ധിത പരിപാടിക്ക് ഗവൺമെൻറ് രൂപം നൽകിയിരിക്കയാണ്. ആദ്യഘട്ടമെന്ന നിലയിൽ 1980–81 കാലത്ത് 1.3 കോടി രൂപയുടെ ഒരു പദ്ധതി ഗവൺമെൻറ് നടപ്പിലാക്കുകയുണ്ടായി. 1981–82 ൽ ഒരു കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിയത്. നടപ്പു സാമ്പത്തിക വർഷത്തിലും ചേരി പരിഷ്കരണയത്നങ്ങൾക്കായി ഒരുകോടി രൂപ ചെലവഴിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ കുറെക്കൂടി കാര്യക്ഷമമായും ജാഗ്രതയായും ചേരി പരിഷ്ക്കരണ കാര്യങ്ങളിൽ ഗവൺമെൻറ് ശ്രദ്ധിക്കുന്നതായിരിക്കും. ആറാം പദ്ധതിക്കാലത്ത് 5000 കുടുംബങ്ങളെ, പുതിയ വീടുകൾ നിർമ്മിച്ചു നൽകി, ചേരിയുടെ അനാരോഗ്യ പരിതസ്ഥിതികളിൽനിന്ന് മോചിപ്പിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

### നഗരപ്രദേശങ്ങളിൽ

സംസ്ഥാന ഗവൺമെൻറിൻെറ നിർദ്ദേശങ്ങൾക്കു വിധേയമായി കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും മറ്റുമാണ് ഈ പദ്ധതികൾ പ്രാവർത്തികമാക്കി വരുന്നത്. 1980–81ൽ 1500 കുടുംബങ്ങളേയും 1981–82 ൽ 2000 കുടുംബങ്ങളേയും ഈ പദ്ധതികൾമൂലം പുനരധിവസിപ്പിക്കാൻ കഴിഞ്ഞു. കുറഞ്ഞത് 1500 പേരെയെങ്കിലും ഈ വർഷം പുനരധിവസിപ്പിക്കാൻ ശ്രമിക്കുകയാണ്. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ചുറ്റുപാടുകളിലാണ് ചേരിവാസികളെ മാറ്റി പാർപ്പിക്കുന്നത്. കുളിമുറി, കക്കൂസ്, പൊതുനിരത്ത്, വൈദ്യുതിസൗകര്യം, കളിസ്ഥലം തുടങ്ങിയ സൗകര്യങ്ങളും പുനരധിവാസകേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തുച്ഛമായ വാടക ഇനത്തിലാണ് ആദ്യം വീടു നൽകുന്നത്. വീടു വയ്ക്കുന്നതിനുവേണ്ടി ചെലവായ തുക 10 വർഷംകൊണ്ട് അടച്ചു തീർക്കാവുന്ന ഇൻസ്റ്റാൾമെൻറായി വാടക ഈടാക്കാനാണ് വ്യവസ്ഥ. ഭൂമിയുടെ വിലയോ മറ്റു ചെലവുകളോ ഒന്നുംതന്നെ വാടക നിർണ്ണയനത്തിന് ബാധകമാക്കുന്നില്ല. നിർദ്ദിഷ്ടമായ വാടക അടച്ചുതീരുമ്പോൾ വീടിൻെറ ഉടമാവകാശം താമസക്കാരന് കൈമാറുകയും ചെയ്യും. തിരുവനന്തപുരത്ത് ചെങ്കൽച്ചൂളയിൽ ചേരി പരിഷ്ക്കരണത്തിൻെറ ഭാഗമായി നിർമ്മിച്ചു നൽകിയിട്ടുള്ളത് ആധുനിക രീതിയിലുള്ള ഫ്ളാറ്റുകളാണ്.



## II

# വൈദ്യുതി വികസനത്തിന്

**വിദ്യുച്ഛക്തി ഉത്പാദനം വർദ്ധിപ്പിക്കുക; ഉപഭോഗത്തിന്റെ തോത് ഉയർത്തുക; ഇലക്ട്രിസിറ്റി അതോറിട്ടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും എല്ലാ ഗ്രാമങ്ങളും സമ്പൂർണ്ണമായി വൈദ്യുതീകരിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.**

ഉരുക്ക്, ഇരുമ്പ് തുടങ്ങിയ അടിസ്ഥാന ലോഹങ്ങൾ ഇല്ലാത്ത കേരളത്തിന്റെ അക്ഷയസമ്പത്ത് ജലനിപാതശക്തിയിൽ നിന്നുയിർക്കൊള്ളുന്ന വൈദ്യുതിയാണ്. സംസ്ഥാനത്തിന്റെ ജല വൈദ്യുതോത്പാദനശേഷി 3000 മെഗാവാട്ട് ആണെങ്കിലും ഇടുക്കി ജലവൈദ്യുത



പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായിട്ടും 1011.5 മെഗാവാട്ട് വിദ്യുച്ഛക്തി ലഭ്യമാക്കാനേ കഴിഞ്ഞിട്ടുള്ളു. എന്നാലും ഇടുക്കി പ്രവർത്തനക്ഷമമായതോടെ വൈദ്യുതിയുടെ കാര്യത്തിൽ ഇന്ത്യയിലെ ഏക മിച്ച സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. പക്ഷേ ട്രാൻസ്മിഷൻ സൗകര്യങ്ങളുടെ കുറവും, വോൾട്ടേജ് പോരായ്മയും ഇടയ്ക്കിടെയുള്ള ലൈൻതകരാറും കാരണം വൈദ്യുതി വിതരണം കുറ്റമറ്റതാക്കാൻ പലപ്പോഴും കഴിയാതെവരുന്നു. 1980–81ൽ ഒരാളിന്റെ വൈദ്യുതി ഉപയോഗനിരക്ക് 96 കിലോവാട്ട് (KWH) മാത്രമായിരുന്നു. ഇത് ഇന്ത്യയ്ക്കൊട്ടാകെയുള്ള നിരക്കിനേക്കാൾ കുറവാണ്.

അതിനാൽ വൈദ്യുതിയെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ നില ഇതാണ് — ഉയർന്ന ഉത്പാദനവും താഴ്ന്ന നിരക്കിലുള്ള പ്രതിശീർഷവിനിയോഗവും. ഇരുപതിനപരിപാടി വിഭാവനം ചെയ്യുന്നത് വിദ്യുച്ഛക്തി ഉത്പാദനം വർദ്ധിപ്പിക്കുകയും ഇലക്ട്രിസിറ്റി അതോറിട്ടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിക്കുകയും ചെയ്യാനുള്ള പ്രവർത്തനങ്ങളാണ്.

### പൂർത്തിയാകാനുള്ള പദ്ധതികൾ

പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ശബരിഗിരി, ഷോളയാർ, പെരിങ്ങൽക്കുത്ത്, ഇടുക്കി എന്നിവയാണ് കേരളത്തിലെ പ്രധാന വൈദ്യുതോല്പാദന കേന്ദ്രങ്ങൾ. ഇടമലയാർ, മാനന്തവാടി, ലോവർപെരിയാർ, പൂയാൻകുട്ടി, കക്കാട് ശബരിഗിരി അനുബന്ധം, ഇടുക്കി രണ്ടാം ഘട്ടം എന്നിവയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ വൈദ്യുതോല്പാദനശേഷി കാര്യമായി വർദ്ധിക്കും. ഇതോടൊപ്പം കൂടുതൽ സബ്സ്റ്റേഷനുകൾ നിർമ്മിക്കുകയും, വൈദ്യുതിവിതരണ സംവിധാനം ഗണ്യമായി മെച്ചപ്പെടുത്തുകയും ചെയ്യുമ്പോൾ കേരളത്തിലെ വിദ്യുച്ഛക്തി ഉപഭോഗം കൂടുമെന്നതിന് സംശയമില്ല.

മിക്കവാറും എല്ലാ ഗ്രാമങ്ങളിലും വിദ്യുച്ഛക്തി എത്തിയിട്ടുണ്ടെങ്കിലും വീടുകളിൽ കണക്ഷൻ ലഭിക്കാൻ അടുത്തകാലംവരെ പ്രയാസം അനുഭവപ്പെട്ടിരുന്നു. എന്നാൽ കഴിഞ്ഞ മാർച്ച് 31 വരെയുള്ള ഒരു വർഷം കൊണ്ട് 86,838 പമ്പ്സെറ്റുകൾക്ക് കണക്ഷൻകൊടുക്കാൻ കഴിഞ്ഞു. ഇക്കൊല്ലം 12,000 പമ്പുസെറ്റുകൾക്ക് വിദ്യുച്ഛക്തി നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗ്രാമവൈദ്യുതീകരണ കോർപ്പറേഷൻ 2500 പമ്പുസെറ്റുകൾക്കും നാലായിരം ഗ്രാമവ്യവസായങ്ങൾക്കും, ഒന്നേകാൽ ലക്ഷം വീട്ടാവശ്യത്തിനുള്ള കണക്ഷനും വൈദ്യുതി നൽകാൻ പരിപാടിയിട്ടിട്ടുണ്ട്. കഴിഞ്ഞ ഡിസംബർവരെ തൊണ്ണൂറ്റിമൂവായിരത്തിലധികം പമ്പുസെറ്റിന് വിദ്യുച്ഛക്തി നൽകി.

1980–81ൽ ഗ്രാമവൈദ്യുതീകരണത്തിന് 18.21 കോടി രൂപ നീക്കിവച്ചിരുന്നു എങ്കിലും 42.66 കോടി രൂപ ചെലവാക്കാൻ കഴിഞ്ഞുവെന്നതുതന്നെ ഈ ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള ഉത്സാഹം വെളിവാക്കുന്നു.



12

# വളരുന്ന കാടുകൾ...... കൂടുതൽ മരങ്ങൾ

**കാവുകളുടെയും ഫലവൃക്ഷങ്ങളുടെയും നാടായിരുന്ന കേരളം ഇന്ന് ഓർമ്മ മാത്രമായി മാറിയിരിക്കുന്നു. പരിഃസ്ഥിതിയിലെ സന്തുലിതാവസ്ഥ തകർന്നു. കാലവർഷമേഘങ്ങൾ ഘനീഭവിക്കാതെ പോകുന്നു. ഇതിനൊരു പോംവഴി മാത്രമേയുള്ളു. 'തൈ' പത്തുവച്ച് 'കായ്' പത്ത് ഉണ്ടാക്കി ആപത്ത് ഒഴിവാക്കുക.**

പുതിയ ഇരുപതിന പരിപാടിയിൽ വനം വളർത്തൽ, ഉദ്യാനങ്ങളുണ്ടാക്കൽ, കൃഷിയിടങ്ങൾക്കു സമീപം മരം നട്ടുവളർത്തൽ എന്നീ പരിപാടികൾക്ക് പ്രമുഖസ്ഥാനം നൽകിയിരിക്കുന്നു. വനങ്ങളെ സംബന്ധിച്ച ദേശീയ നയത്തിൽ ഭൂവിസ്തൃതിയുടെ 33 ശതമാനം വനപ്രദേശമായിരിക്കുന്നത് നന്നായിരിക്കുമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും കേവലം 22.8 ശതമാനം വനപ്രദേശമേ നമുക്കിപ്പോഴുള്ളു. നിലവിലുള്ള ഈ വനപ്രദേശം കൊണ്ട് രാജ്യത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെയാണിരിക്കുന്നത്. അതിനു പുറമെ, പ്രകൃതി വിഭവങ്ങളിൽ ആകൃഷ്ടനായ മനുഷ്യൻ യാതൊരു വീണ്ടുവിചാരവുമില്ലാതെ കാടുകൾ വെട്ടിത്തെളിക്കുക കൂടി ചെയ്തതോടെ സ്ഥിതിഗതികൾ അതീവ ഗുരുതരമായി മാറിയിട്ടുണ്ട്. നദികൾ വറ്റിവരളുകയും മണ്ണിന്റെ വളക്കൂറ് നശിക്കുകയും ചെയ്തത് ഇതിന്റെ അനന്തരഫലമാണ്. മലഞ്ചെരുവുകളിൽ മണ്ണൊലിപ്പ് നിയന്ത്രണാതീതമായി. ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിനാധാരമായ സൗരോർജ്ജത്തെ ഉപഭോഗയോഗ്യമായ ഭക്ഷണപദാർത്ഥമാക്കി മാറ്റുന്നതിനുള്ള അദ്ഭുതാവഹമായ സിദ്ധിയുടെ ഉടമയായ വൃക്ഷങ്ങൾ നശിപ്പിക്കപ്പെട്ടതോടെ പ്രകൃതിയുടെ സന്തുലിതജീവിതക്രമത്തിൽ ഗുരുതരമായ പ്രതിസന്ധി പ്രത്യക്ഷപ്പെട്ടു തുടങ്ങി. അപകടസാധ്യത മനസ്സിലായതോടെ പുതിയൊരു സമീപനം കൈക്കൊള്ളാൻ നാം നിർബന്ധിതരായി. ഈ പശ്ചാത്തലത്തിലാണ് വനവത്ക്കരണം, സാമൂഹ്യ വനവത്ക്കരണം തുടങ്ങിയ നടപടികൾക്ക് വർദ്ധിച്ച സാംഗത്യം അനുഭവപ്പെട്ടു തുടങ്ങിയത്.

സാമൂഹികാവശ്യങ്ങൾക്കു വേണ്ടി വനം വളർത്തൽ പരിപാടി ഏറ്റെടുക്കുന്നതിന് സംസ്ഥാനങ്ങൾക്കു പ്രേരണനൽകുക എന്ന ഉദ്ദേശ്യത്തോടെ അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പൊതുസ്ഥലങ്ങളിൽ പലതരം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക, മരങ്ങൾ കുറവായിത്തുടങ്ങിയ വനപ്രദേശങ്ങളിൽ മരങ്ങൾ നട്ടുവളർത്തുക, തണൽവൃക്ഷങ്ങൾ വളർത്തിയെടുക്കുക എന്നീ പദ്ധതികൾ ആരംഭിക്കുകയുണ്ടായി. കേന്ദ്രാഭിമുഖ്യത്തിൽ തുടങ്ങിയ ഈ പദ്ധതികൾ 1979–80 മുതൽ സംസ്ഥാന മേഖലയിൽ ഉൾപ്പെടുത്തി. എന്നാൽ നടപ്പു പദ്ധതിക്കാലത്ത് (1980–85) നൂറു ജില്ലകളിൽ വിറകിനു വേണ്ടി മരങ്ങൾ വച്ചുപിടിപ്പിക്കാനും ഉദ്യാനങ്ങൾ ഉണ്ടാക്കാനുമായി കേന്ദ്ര ഗവൺമെൻറ് നൂറു കോടി രൂപയോളം ചെലവാക്കുന്നതാണ്. ഗ്രാമങ്ങളിലെ പാഴ്ഭൂമികളിലും പൊതുസ്ഥലങ്ങളിലും റോഡുവക്കുകളിലും തോടരികുകളിലും റെയിൽപ്പാതകളുടെ അരികിലും മറ്റും വിറകിന് ഉപയോഗിക്കാവുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുക, കൃഷിയിടങ്ങൾക്കു സമീപം വച്ചുപിടിപ്പിക്കാൻ വേണ്ടി കർഷകർക്കു വൃക്ഷത്തൈകൾ നല്കുക, 'ഓരോ കുഞ്ഞിനും ഒരു മരം വീതം.' പദ്ധതിയിൻകീഴിൽ നട്ടുവളർത്താൻ വേണ്ടി ഫലവൃക്ഷത്തൈകൾ കുട്ടികൾക്ക് സൗജന്യമായി വിതരണം ചെയ്യുക എന്നിവയാണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്.

സംസ്ഥാന ഗവൺമെൻറിന്റെ കീഴിലുള്ള വനം വകുപ്പ്, പുതിയ ഇരുപതിന പരിപാടിയിൻ കീഴിൽ വനവത്ക്കരണം, സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായുള്ള ഗ്രാമീണ വിറകുമരത്തോട്ട പദ്ധതി, ഗ്രാമീണ തൊഴിൽദാന പദ്ധതി (ഇതിൽ സാമൂഹ്യ വനവത്ക്കരണവും ഉൾപ്പെടുന്നു) എന്നിവയാണ് ഏറ്റെടുത്തിരിക്കുന്നത്.

## വനവത്ക്കരണം (Forestation)

ഗവൺമെൻറ് അധീനതയിലുള്ള ഭൂമിയിൽ തോട്ടം വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണിത്. തേക്ക്, വ്യവസായാവശ്യങ്ങൾക്കുള്ള മരങ്ങൾ, തടിക്കും വിറകിനും വേണ്ടിയുള്ള വൃക്ഷങ്ങൾ എന്നിവ ഈ പദ്ധതിപ്രകാരം വൻതോതിൽ നട്ടുവളർത്തുന്നു. ഈ പദ്ധതിയുടെ ഭാഗമായി 1982–83-ൽ ഇതുവരെ 1500 ഹെക്ടർ സ്ഥലത്ത് തോട്ടങ്ങൾ രൂപപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്.

## ഗ്രാമീണ വിറകുമരത്തോട്ട പദ്ധതി (Rural fuel wood plantation scheme)

കേന്ദ്ര ഗവൺമെൻറിന്റെ സാമ്പത്തിക സഹായത്തോടെ വനം വകുപ്പ് കേരളത്തിലെ മൂന്നു ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. കണ്ണൂർ, കോഴിക്കോട് തിരുവനന്തപുരം ജില്ലകളിൽ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്ന് 150 ലക്ഷം രൂപ ലഭിക്കും. പദ്ധതിയുടെ മൊത്തം ചെലവ് 383 ലക്ഷം രൂപയാണ്.

ഗ്രാമീണ വിറകുമരത്തോട്ട പദ്ധതിയുടെ ഭാഗമായി ആറാം പദ്ധതിക്കാലത്തിനുള്ളിൽ (1980–85) 2500 ഹെ

ക്ടർ സ്ഥലത്ത് തോട്ടങ്ങൾ വച്ചുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു പുറമെ 120 ലക്ഷം തൈകൾ ചെറുതോട്ടങ്ങൾ സജ്ജീകരിക്കാൻ ഉപയോഗപ്പെടുത്തുന്നതാണ്. ഇവയ്ക്കു രണ്ടിനും പുറമെ 170 ലക്ഷം തൈകൾ പൊതുജനങ്ങൾക്ക് നട്ടുവളർത്താനായി സൗജന്യമായി വിതരണംചെയ്യുന്നതുമാണ്.

ഈ പദ്ധതി പ്രകാരം 1982-83-ൽ ഇതുവരെ 1100 ഹെക്ടർ സ്ഥലത്ത് തോട്ടങ്ങൾ വച്ചുപിടിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. 34 ലക്ഷം തൈകൾ ഇതുവരെ വിതരണം ചെയ്തുകഴിഞ്ഞിട്ടുമുണ്ട്.

'സാമൂഹ്യവനവത്ക്കരണം' ഈ വിഭാഗത്തിലെ മുഖ്യ പദ്ധതിയാണ്. സംസ്ഥാന വനംവകുപ്പിലെ സാമൂഹ്യ വനവത്ക്കരണ വിഭാഗത്തിൻെറ ആഭിമുഖ്യത്തിലാണ് ഇതിലുൾപ്പെട്ട പരിപാടികൾ നടപ്പിലാക്കുന്നത്.



കേരളത്തിലെ സാമൂഹ്യവനവത്ക്കരണ പ്രക്രിയയ്ക്കു മുതൽക്കൂട്ടായിത്തീരുമെന്നു പ്രതീക്ഷിക്കുന്ന ''എക്കോഡവലപ്പ്മെൻറ്—കം—സോഷ്യൽ ഫോറസ്ട്രി''യാണ് ഇതിൽ പ്രധാനം. 45 കോടി രൂപ ചെലവുചെയ്ത് പത്തു വർഷംകൊണ്ടു പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്കു വേണ്ടി അതിവിപുലമായ തയ്യാറെടുപ്പുകളാണ് നടത്തിവരുന്നത്. പരിപാടിയുടെ മുന്നോടിയായി നടത്തിയ സർവ്വേ ഇതിനകം പൊതുജനശ്രദ്ധ നേടിയെടുത്തുകഴിഞ്ഞു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 360 ഗ്രാമങ്ങളിലും 40 പട്ടണങ്ങളിലുമായി ഉദ്ദേശം 40,000.ത്തോളം ഭവനങ്ങൾ സന്ദർശിച്ച് അവരുടെ കൈവശഭൂമിയിലെ ഇപ്പോഴത്തെ വൃക്ഷവിളവുകളുടെ ബാഹുല്യം, മറ്റു കാർഷിക വിളകൾ, തടിയുടെയും വിറകിൻെറയും ഇപ്പോഴത്തെയും അടുത്ത അഞ്ചു കൊല്ലത്തെയും ആവശ്യം, വീട്ടുവളപ്പിൽ കൂടുതൽ മരങ്ങൾ നട്ടുവളർത്തുന്നതിനോടുള്ള സമീപനം തുടങ്ങി പല വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ, ജനങ്ങളുടെ കൈവശഭൂമിയിൽ, നിലവിലുള്ള ഭൂവിനിയോഗ രീതിയിൽ യാതൊരു മാറ്റവും വരുത്താതെ തന്നെ ഏകദേശം പതിനൊന്നു കോടി മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള സാധ്യതയുണ്ടെന്നു കാണാം. 1982—83 കാലത്തേക്കു മാത്രം ഈ പദ്ധതിക്ക് 10 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിക്കഴിഞ്ഞിട്ടുണ്ട്.

തുടക്കമെന്ന നിലയിൽ ഈ മഴക്കാലത്തുതന്നെ വിതരണം ചെയ്യുന്നതിന് 100 ലക്ഷത്തോളം വിവിധയിനം വൃക്ഷത്തൈകൾ തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്തുവരുന്നു. കേന്ദ്ര സഹായത്തോടെ കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നടപ്പാക്കിവരുന്ന വിറകുമരത്തോട്ട പദ്ധതിയെയും ഈ പരിപാടിയുടെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതിയിൽ ഏകദേശം 120 ലക്ഷം രൂപയാണ് സാമൂഹ്യ വനവത്ക്കരണത്തിനായി നീക്കിവച്ചിരിക്കുന്നത്.

തൊഴിൽദാന പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ നടപ്പിലാക്കുന്നതും, നടപ്പിലാക്കിയതുമായ മറ്റു കാര്യങ്ങളിൽ ഇവയുംപെടുന്നു:

(1) നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ തുടങ്ങിയ റോഡുകളുടെ വശത്ത് സൗകര്യമുള്ളിടത്തൊക്കെ പൂമരങ്ങൾ, തണൽമരങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുക.

(2) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഒഴിവായിക്കിടക്കുന്ന സ്ഥലങ്ങളിലെല്ലാം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക (കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകൾ, കോഴിക്കോട് സർവ്വകലാശാല, കാര്യവട്ടം യൂണിവേഴ്സിററി സെൻറർ എന്നിവിടങ്ങളിൽ ഈ പദ്ധതി പ്രകാരം വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചുകഴിഞ്ഞു).

(3) സ്കൂളുകളെയും കോളേജുകളെയും കേന്ദ്രീകരിച്ച് പ്രകൃതി—വൃക്ഷ സ്നേഹികളടങ്ങുന്ന ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുക.

(4) ഗിരിജന കോളനികളിൽ പാർപ്പിട—ഗതാഗത ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്തുക (വയനാട് ഫോറസ്റ്റ് ഡിവിഷനിൽ ഈ നടപടി നടപ്പിലായിക്കഴിഞ്ഞു).

(5) സാമൂഹ്യ വനവത്ക്കരണ പരിപാടിയെ ഒരു പൊതുജന പരിപാടിയായി മാറ്റുന്നതിനു സഹായകമായ രീതിയിൽ പ്രകൃതി—വൃക്ഷ സ്നേഹികളും ജനപ്രതിനിധികളും അടങ്ങിയ കമ്മറ്റിക്ക് രൂപം നല്കിയിട്ടുണ്ട്.

(6) സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ മാതൃകാതോട്ടങ്ങൾ ആരംഭിക്കുക.

(7) വിറക്, തടി എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് 1500 ഹെക്ടർ സ്ഥലത്ത് വിറകിനു പറ്റിയ മരങ്ങൾ വളർത്തിയെടുക്കുക.

1981—82 വർഷത്തിൽ ഈ വിഭാഗത്തിൽ 107 ലക്ഷം രൂപയാണ് ചെലവഴിച്ചത്. 1982—83 ൽ 167 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്. 1981—82 ൽ 17000 നഴ്സറി ബഡ്ഡുകൾ രൂപപ്പെടുത്തിയെടുത്തു. 600 ഹെക്ടർ സ്ഥലത്തായി അവ നട്ടുവളർത്തിവരികയാണ്. വിവിധ സ്ഥലങ്ങളിലായി ഏതാണ്ട് 300 കിലോമീറ്റർ ദൈർഘ്യത്തിൽ റോഡരുകിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

വനവത്ക്കരണം, സാമൂഹ്യവനവത്ക്കരണം, ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതി എന്നീ മൂന്നിനങ്ങളിലുമായി 1981—82ൽ 167 ലക്ഷം തൈകളും 1982—83ൽ 452 ലക്ഷം തൈകളും കേരളത്തിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്.



**13**

# ചെറിയ കുടുംബം

**സ്വമേധയാ സ്വീകരിക്കുന്ന ജനകീയ പ്രസ്ഥാനമായി കുടുംബാസൂത്രണം ഊർജ്ജിതപ്പെടുത്തുക. കുടുംബാസൂത്രണത്തിനും മാതൃ—ശിശു സംരക്ഷണത്തിനും സമയ ബന്ധിതപരിപാടി നടപ്പാക്കുക; കുടുംബക്ഷേമ ബോധവത്കരണപ്രവർത്തനം വ്യാപകമാക്കുക.**

ഭാരതത്തിന്റെ ജനസംഖ്യ സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ഏതാണ്ട് ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. 1947-ൽ 34.2 കോടിയായിരുന്നത് 1981-ൽ 68.4 കോടിയായി ഉയർന്നു. കേരളത്തിലെ സ്ഥിതിയും മറിച്ചല്ല. 1957-ൽ 14.4 ദശലക്ഷമായിരുന്നു കേരളത്തിലെ ജനസംഖ്യ; 1981-ലെ സെൻസസ് അനുസരിച്ച് 25.4 ദശലക്ഷവും — 1,24,87,961 പുരുഷൻമാരും 1,29,15,256 സ്ത്രീകളും. മുപ്പത്തിയാറു ലക്ഷത്തിൽപ്പരം ദമ്പതികൾ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിക്കേണ്ടവരായുണ്ടെന്നാണ് കണക്ക്.

അനിയന്ത്രിതമായ ജനസംഖ്യാ വർദ്ധന നമ്മുടെ വികസനപ്രവർത്തനങ്ങളുടെ നേട്ടങ്ങളെ വ്യർത്ഥമാക്കുന്നു.

ഏതാണ്ട് മുപ്പത്തിയഞ്ചു ശതമാനത്തോളം യുവ ദമ്പതികളെ ഏതെങ്കിലും കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിപ്പിക്കുവാൻ കഴിഞ്ഞകാലപ്രവർത്തനങ്ങൾമൂലം നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം 26 ലക്ഷത്തിലേറെ ജനനം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കണക്കാക്കപ്പെടുന്നു.

മരണ നിരക്കു കുറയ്ക്കുന്നതിലും ശിശുമരണം ഒഴിവാക്കുന്നതിലും കേരളം 2000—ാമാണ്ടിലേക്ക് നിശ്ചയിച്ചിരുന്ന ലക്ഷ്യം കൈവരിച്ചു കഴിഞ്ഞുവെങ്കിലും ജനന നിരക്കു കുറച്ചുകൊണ്ടു വരുന്നതിൽ വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. ജനനനിരക്ക് ആയിരത്തിന് 21 ആയി കുറയ്ക്കുക എന്നതാണ് ആറാം പദ്ധതിയിലെ നിർദ്ദിഷ്ട ലക്ഷ്യം. കേരളത്തിലെ ഇന്നത്തെ ജനന നിരക്ക് ആയിരത്തിന് 25.9 ആണ്.

കുടുംബാസൂത്രണം, മാതൃശിശു സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക ലക്ഷ്യം നിശ്ചയിച്ച് ഒരു സമയബന്ധിത പരിപാടിയായാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. 1982—83 സാമ്പത്തികവർഷത്തിൽ 1,60,000 വന്ധ്യംകരണ ശസ്ത്രക്രിയകളും 49,000 ഐ. യു. സി. ഡി. (ലൂപ്പ്) നിക്ഷേപങ്ങളും നടത്തണമെന്നാണ് ലക്ഷ്യംവച്ചിട്ടുള്ളത്. താത്ക്കാലിക മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ലക്ഷ്യം വേറെയും നിശ്ചയിച്ചിട്ടുണ്ട്.

കുടുംബക്ഷേമ പരിപാടി ആത്യന്തികമായും ജനങ്ങളുടെ പ്രസ്ഥാനമാണ്. 'ചെറിയ കുടുംബം' എന്ന ആശയം ഇന്ന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ജനകീയ പ്രസ്ഥാനങ്ങളും സംഘടനകളും വഴി ഈ ആശയം കൂടുതൽ ബോധ്യപ്പെടുത്തി ഏതെങ്കിലുമൊരു കുടുംബാസൂത്രണ മാർഗ്ഗം സ്വമേധയാ സ്വീകരിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് ഇരുപതിന പരിപാടിയുടെ ഉദ്ദേശ്യം.

## പ്രചാരണ പരിപാടി

കുടുംബാസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ച് ആവശ്യമായ അറിവു നല്കാനും പ്രേരിപ്പിക്കാനും നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള എല്ലാ ആരോഗ്യരക്ഷാ സ്ഥാപനങ്ങളിലും പരിശീലനം ലഭിച്ച ഉദ്യോഗസ്ഥൻമാരെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്. നഗരങ്ങളിലും ഗ്രാമങ്ങളിലും ആവശ്യമായ സേവന സൗകര്യങ്ങളും ഗർഭനിരോധന സാമഗ്രികളുടെ വിതരണത്തിനു സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

## സ്ത്രീകൾക്കുവേണ്ടി മാത്രം

സ്ത്രീകളുടെ പ്രസവാനന്തര ശസ്ത്രക്രിയയ്ക്കു മാത്രമായി സ്വകാര്യ ആശുപത്രികളുൾപ്പെടെ 25-ഓളം ആരോഗ്യരക്ഷാ കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പതിനേഴ് താലൂക്ക് ആശുപത്രികളിൽ സ്ത്രീകളുടെ വന്ധ്യംകരണശസ്ത്രക്രിയയ്ക്കുമാത്രമായി ആറു കിടക്കകൾ വീതമുള്ള വാർഡുകൾക്കു പുറമെ 50 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രസവമുറി ഓപ്പറേഷൻ തിയ്യേറ്ററാക്കി മാറ്റിയിട്ടുമുണ്ട്. ലാപ്രോസ്കോപിക് സമ്പ്രദായം സ്വീകരിക്കുന്നതിനുള്ള സംവിധാനം, അതിനു പരിശീലനം ലഭിച്ച ഡോക്ടർമാരുള്ള ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുമുണ്ട്. കൂടാതെ അർഹരായ സ്ത്രീകൾക്കുള്ള മിനിലാപ് ക്യാമ്പുകളും സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചുവരുന്നു.

പുരുഷൻമാരുടെ വന്ധ്യംകരണത്തിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇത് മിനി വാസക്ടമി ക്യാമ്പുകൾവഴി നൽകുന്ന സൗകര്യത്തിനു പുറമെയാണ്.

## പ്രോത്സാഹന നടപടികൾ

വന്ധ്യംകരണത്തിന് വിധേയരാകുന്ന ദമ്പതികൾക്ക് വേതന നഷ്ടപരിഹാരവും ഇവരെ കുടുംബാസൂത്രണ

മാർഗ്ഗം സ്വീകരിക്കുന്നതിനു പ്രോത്സാഹിപ്പിച്ച പ്രൊമോട്ടർമാർക്ക് പ്രോത്സാഹനത്തുകയും നല്കി കുടുംബാസൂത്രണം പ്രോത്സാഹിപ്പിച്ചുവരുന്നു. കൂടാതെ സന്നദ്ധ സംഘടനകൾ, അനൗദ്യോഗിക ഏജൻസികൾ എന്നിവ വഴിയായും പ്രവർത്തനങ്ങൾക്ക് ഉത്തേജനം നല്കിവരുന്നുണ്ട്.

നിയമവിധേയമാക്കപ്പെട്ട ഗർഭച്ഛിദ്രം നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 159 സ്ഥാപനങ്ങളിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഉണ്ട്.

കുടുംബാസൂത്രണം ജനനം തടയൽ മാത്രമല്ല. ഒരിക്കൽ വന്ധ്യംകരണത്തിനു വിധേയരായ ദമ്പതികൾക്ക് ആവശ്യമുള്ളപക്ഷം സന്താനോത്പാദനശേഷി വീണ്ടും പ്രദാനം ചെയ്യുന്നതിനുള്ള ഓപ്പറേഷനും സംസ്ഥാനത്തെ മേജർ ആശുപത്രികളിലുണ്ട്.

സ്ഥായിയായ ഗർഭനിരോധനത്തിനു പുറമെ അടുത്തടുത്തുള്ള പ്രസവം ഒഴിവാക്കി അടുത്ത കുട്ടിയുടെ ജനനം കുറെക്കാലത്തേക്ക് മാറ്റിവെയ്ക്കാൻ വൈദ്യോപദേശവും നിയന്ത്രണ സാമഗ്രികളും സൗജന്യമായി ലഭ്യമാക്കുന്നതിന് സംസ്ഥാനത്തുടനീളം വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുമുണ്ട്.

സർക്കാരിൽ നിന്നും ഈ വിധത്തിൽ ലഭ്യമാക്കുന്ന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഇത് തങ്ങളുടെയും രാഷ്ട്രത്തിന്റെയും അനിവാര്യമായ ആവശ്യമാണെന്ന് ബോധ്യപ്പെട്ട് അനുയോജ്യമായ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വമേധയാ സ്വീകരിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് ആവശ്യമായ ബോധനവും പ്രേരണയും നല്കുന്നതിൽ സാമൂഹ്യവും രാഷ്ട്രീയവും മതപരവും സാംസ്കാരികവുമായ സംഘടനകളുടെയും യുവജനങ്ങൾ, വനിതകൾ, ഉദ്യോഗസ്ഥർ, തൊഴിലാളികൾ തുടങ്ങിയവരുടെ സംഘടനകളുടെയും ശ്രമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ രംഗത്ത് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.



# 14

# ആരോഗ്യമുള്ള ജനത

**രോഗനിവാരണ നടപടികളും ആരോഗ്യസംരക്ഷണ ശ്രമങ്ങളും ശക്തിപ്പെടുത്തുക**
**കുഷ്ഠരോഗനിവാരണം, ക്ഷയരോഗനിവാരണം, അന്ധതാനിവാരണം എന്നിവയ്ക്ക് പ്രത്യേക പരിപാടികൾ.**

ആസൂത്രിത വികസനത്തിന്റെ ശ്രദ്ധേയമായ ഒരു സദ്ഫലമാണ് ആരോഗ്യ സംരക്ഷണ രംഗത്തെ ആശാസ്യമായ പുരോഗതി. സംഹാരരുദ്രകളായി താണ്ഡവമാടി വിഹരിച്ചിരുന്ന പ്ലേഗ്, മസൂരി തുടങ്ങിയ ഒട്ടേറെ സാംക്രമികരോഗങ്ങൾ പഴങ്കഥയാക്കി മാറ്റാൻ നമുക്കു കഴിഞ്ഞു. മലമ്പനി രോഗം ഏതാണ്ട് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങളെ പൂർണ്ണമായി നിയന്ത്രണാധീനമാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഒഴിവാക്കാവുന്ന അന്ധത പിടിപെട്ടവരും ധാരാളമുണ്ട്. പോഷകാഹാരക്കുറവ്, രോഗം, തിമിരം മുതലായവയാണ് അന്ധതയ്ക്കുള്ള കാരണങ്ങൾ. അതുപോലെതന്നെ പോഷകാഹാരക്കുറവ്, വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ, പരിസര ശുചീകരണമില്ലായ്മ എന്നിവമൂലമുണ്ടാകുന്ന രോഗങ്ങൾ വേറെയും.

## ലക്ഷ്യം നേടാൻ

2000–ാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം—ഇതാണ് നമ്മുടെ ലക്ഷ്യം. ഇന്ത്യയിലെ ജനങ്ങൾക്കെല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യം കൈവരുത്തുന്നതിന് ആവശ്യമായ സംവിധാനം സജ്ജീകരിക്കുകയാണ് ഇതിന് ആദ്യം വേണ്ടത്. രോഗ നിവാരണ നടപടികൾ, ആരോഗ്യസംരക്ഷണ നടപടികൾ എന്നിവ വഴിയും പോഷകാഹാര ലഭ്യത, ശുദ്ധജല വിതരണം, പരിസര ശുചീകരണം, ആരോഗ്യ വിദ്യാഭ്യാസം എന്നിവ മെച്ചപ്പെടുത്തുന്നതു മുഖേനയും ഇതിന് നാം യത്നിച്ചുകൊണ്ടിരിക്കുന്നു.

ഇതോടൊപ്പം ആരോഗ്യ സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി അവ പരിഹരിക്കുന്നതിന് അവരെ സ്വയം കഴിവുള്ളവരാക്കുക എന്നതും പ്രധാനമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, വിവിധോദ്ദേശ്യ ആരോഗ്യ പ്രവർത്തകർ, ആരോഗ്യമാർഗ്ഗനിർദ്ദേശകരായ സന്നദ്ധ പ്രവർത്തകർ എന്നിവർ വഴി കുടുംബാസൂത്രണം ഉൾപ്പെടെയുള്ള ആരോഗ്യവിഷയങ്ങളെക്കുറിച്ച് ജനങ്ങൾക്കു ബോധനം നല്കുകയും ആവശ്യമായ രോഗികളെ മാത്രം കൂടുതൽ ചികിത്സകൾക്കായി മറ്റു ശുശ്രൂഷാകേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയുമാണ് പരിപാടി. ഇതിലേക്ക് കേരളത്തിൽ 200 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആവശ്യമായി വരും. ആറാം പദ്ധതി അവസാനിക്കുമ്പോൾ ഈ ലക്ഷ്യം നേടുന്നതിനാണ് ശ്രമം. ഇപ്പോൾ 163 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. ഇനിയും ആവശ്യമായ 37 കേന്ദ്രങ്ങളിൽ 13 എണ്ണത്തിന് ഇതിനകംതന്നെ അനുവാദം നല്കിക്കഴിഞ്ഞു. ഈ വർഷം ഏഴു കേന്ദ്രങ്ങൾ ആരംഭിക്കും. ആകെയുള്ള 175 കേന്ദ്രങ്ങളിൽ ഒരെണ്ണം പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശത്തും നാലെണ്ണം പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെടുന്ന സ്ഥലങ്ങളിലുമാണ് സ്ഥാപിച്ചിട്ടുള്ളത്.

## സ്ത്രീകളും കുട്ടികളും

ജനസംഖ്യയുടെ അറുപതു ശതമാനത്തോളം സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. അതിനാൽ അവരുടെ ആരോഗ്യസംരക്ഷണം പ്രത്യേക ശ്രദ്ധ അർഹിക്കുന്നുണ്ട്. പ്രസവത്തോടു കൂടിയുള്ള മരണം, ശിശുമരണം തുടങ്ങിയ പലതും ഒഴിവാക്കാവുന്ന കാരണങ്ങൾ മൂലമാണ് സംഭവിക്കുക. അതിനാൽ മാതാക്കളുടെയും ശിശുക്കളുടെയും ആരോഗ്യസംരക്ഷണത്തിനും കുടുംബക്ഷേമത്തിനാവശ്യമായ ഉപദേശങ്ങളും സേവനങ്ങളും നല്കുന്നതിനുമായി 5000 പേർക്ക് ഒരു ഉപകേന്ദ്രം—സഞ്ചാര സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ 3000 പേർക്ക് ഒരു ഉപകേന്ദ്രം—വീതം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ 10000 പേർക്ക് ഒരു ഉപകേന്ദ്രമാണുള്ളത്. സംസ്ഥാനത്ത് ഇപ്പോൾ 1788 ഉപകേന്ദ്രങ്ങളും ഗിരിജൻ പ്രദേശത്ത് പ്രത്യേക സേവനങ്ങൾ നല്കുവാനുള്ള ഒമ്പത് മാതൃ–ശിശു സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ആയിരത്തിഅറുനൂറ്റിഅറുപത്തിയൊന്ന് ഉപകേന്ദ്രങ്ങൾ കൂടി ആരംഭിക്കുകയാണ് ആറാം പദ്ധതിയുടെ നിർദ്ദിഷ്ട ലക്ഷ്യം. പക്ഷെ 5000 പേർക്ക് ഒരു കേന്ദ്രം എന്ന ലക്ഷ്യം നേടുവാൻ കൂടുതൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടിവരും. പുതുതായി സ്ഥാപിക്കുന്ന ഉപകേന്ദ്രങ്ങളിൽ നിയോഗിക്കുന്നതിന് ആവശ്യമായ ആക്സിലറി നഴ്സ്-മിഡ്വൈഫുകളെ പരിശീലിപ്പിക്കുന്നതിന് നാല് സ്കൂളുകൾ ആരംഭിച്ചുകഴിഞ്ഞു.

1982–83 സാമ്പത്തിക വർഷത്തിൽ 150 ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. ഉപകേന്ദ്രങ്ങളുടെ ചെലവു മുഴുവൻതന്നെ കേന്ദ്ര ഗവൺമെൻറാണ് വഹിക്കുന്നത്.

## കുഷ്ഠരോഗ നിവാരണം

1954-ൽത്തന്നെ ദേശീയ കുഷ്ഠരോഗ നിയന്ത്രണ പരിപാടി ആവിഷ്കരിച്ചു നടപ്പാക്കിവന്നിരുന്നുവെങ്കിലും ആശാവഹമായ പുരോഗതി ഈ രംഗത്തു നേടുവാൻ നമുക്കു കഴിഞ്ഞിരുന്നില്ല. അതിനാലാണ് ഇരുപതിന പരിപാടിയിലുൾപ്പെടുത്തി, ഈ നൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പ്, ഈ രോഗം പൂർണ്ണമായും ഇല്ലാതാക്കാൻ ഊർജ്ജിത പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. തൊണ്ണൂറു ശതമാനം രോഗികളെ കണ്ടുപിടിക്കുന്നതിനും 40 ശതമാനമെങ്കിലും രോഗം ഭേദമാക്കുന്നതിനുമാണ് പദ്ധതിലക്ഷ്യം.



കേരളത്തിൽ നൂറനാട്, കൊരട്ടി, ചേവായൂർ എന്നീ സ്ഥലങ്ങളിൽ 1872 കിടക്കകളുള്ള മൂന്നു കുഷ്ഠരോഗാശുപത്രികൾ പ്രവർത്തിച്ചുവരുന്നു. തൃശ്ശൂരും, ആലപ്പുഴ ജില്ലയിൽ ചേർത്തലയിലും പട്ടണക്കാട്ടും, എറണാകുളത്തും സഹായധനം ലഭിക്കുന്ന സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എറണാകുളത്തും തിരുവനന്തപുരം ജില്ലയിൽ പിരപ്പൻകോട്ടും സന്നദ്ധ സംഘടനകൾ കുഷ്ഠരോഗ നിയന്ത്രണത്തിൽ വ്യാപൃതമാണ്.

നോൺ മെഡിക്കൽ സൂപ്പർവൈസർ, സർക്കിൾ സൂപ്പർവൈസർ എന്നിവരുടെ സഹായത്തോടെ രണ്ടു കുഷ്ഠരോഗ നിവാരണോദ്യോഗസ്ഥൻമാർ മേഖലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

നൂറനാട് കുഷ്ഠരോഗ ശുശ്രൂഷാകേന്ദ്രത്തോടനുബന്ധിച്ച് ഹെൽത്ത് വിസിറ്റർമാർക്ക് കുഷ്ഠരോഗത്തെ സംബന്ധിച്ച പരിശീലനം നല്കുന്നുണ്ട്. അൻപതു പേർക്കു വീതം ആറു മാസത്തെ പരിശീലനം നല്കുന്ന ഈ പരിപാടിയനുസരിച്ച് ആദ്യബാച്ച് പുറത്തിറങ്ങിക്കഴിഞ്ഞു. രണ്ടു ബാച്ചുകളുടെ പരിശീലനം നടന്നുവരുന്നു.

കേരളത്തിൽ കുഷ്ഠരോഗം അധികമുണ്ടെന്നു പറഞ്ഞുകൂടാ. ശരാശരി 0.4 ശതമാനത്തിനും 0.5 ശതമാനത്തിനും മധ്യേയേ ഉള്ളൂ. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഏതാണ്ട് ഒരു ശതമാനത്തോളമുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. 1979–82 വർഷങ്ങളിലേക്ക് അനുവദിച്ചിരുന്ന പരിപാടി 1980–81-ൽ നാം നടപ്പാക്കിക്കഴിഞ്ഞു.

1979-ൽ 5407 രോഗികളെ കണ്ടുപിടിക്കുകയും 3757 പേരെ ചികിത്സക്കു വിധേയരാക്കുകയുമുണ്ടായി. ആ വർഷത്തെ ലക്ഷ്യം 6150 ആയിരുന്നു. 1980–81-ൽ 4500 ലക്ഷ്യംവച്ചിരുന്നപ്പോൾ 3630 രോഗികളെ കണ്ടുപിടിക്കുവാനും 3216 പേരെ ചികിത്സാവിധേയരാക്കുവാനും സാധിച്ചു. 1981–82-ൽ ലക്ഷ്യവും കവിഞ്ഞ് പ്രവർത്തനം നടത്തുവാൻ നമുക്കു കഴിഞ്ഞു. ആറായിരത്തിഎഴുനൂറ്റിമുപ്പത്തിയഞ്ചു രോഗികളെ കണ്ടുപിടിക്കുവാനും 5137 പേരെ ചികിത്സാ വിധേയരാക്കുവാനും സാധിച്ചു. ലക്ഷ്യം 5000 മാത്രമായിരുന്നു. ഈ വർഷങ്ങളിൽ 5471 പേരെ പൂർണ്ണമായും രോഗവിമുക്തരാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

കുഷ്ഠരോഗ നിവാരണം ഇരുപതിന പരിപാടിയിൽ ഉൾപ്പെടുത്തുകയും പൂർണ്ണമായും കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതിയാക്കി മാറ്റുകയും ചെയ്തതു മൂലം ഈ രംഗത്തെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാൻ കഴിയും.

## ക്ഷയരോഗനിവാരണം

കുഷ്ഠരോഗം പോലെതന്നെ ആരോഗ്യരക്ഷാപ്രവർത്തനങ്ങളുടെ ഫലം പൂർണ്ണമായും ദൃശ്യമാകാത്ത ഒരു സാംക്രമികരോഗമാണ് ക്ഷയം. കേരളത്തെ സംബന്ധിച്ചിടത്തോളം ക്ഷയരോഗം പരക്കെ കാണാവുന്നതാണ്. ക്ഷയരോഗികളിൽ 80 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണെന്നതാണ് മറ്റൊരു പ്രത്യേകത.

രോഗ പ്രതിരോധ നടപടികളും രോഗചികിത്സാ നടപടികളും വളരെ നേരത്തെതന്നെ സംസ്ഥാനത്ത് നടപ്പിലാക്കിവരികയാണ്, സംസ്ഥാനത്തെ പത്ത് ജില്ലാ ആസ്ഥാനങ്ങളിൽ ടി. ബി. സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. സെൻററുകൾ ഇല്ലാത്ത ഇടുക്കി, വയനാട് ജില്ലകളിൽ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. രോഗികളെ കണ്ടുപിടിച്ച് വീട്ടിൽവച്ചുതന്നെ ചികിത്സ നടത്തുവാൻ നിർദ്ദേശിക്കുകയാണ് ടി.ബി. സെൻററുകൾ ചെയ്യുന്നത്.

പുലയനാർകോട്ട, മുളംകുന്നത്തുകാവ്, പരിയാരം എന്നിവിടങ്ങളിലെ മൂന്നു ടി.ബി. ആശുപത്രി കളിലായി 1200 പേരെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമുണ്ട്. കൂടാതെ പത്ത് ടി. ബി. ക്ലിനിക്കുകളും 39 ടി.ബി. സീൽവാർഡുകളും ക്ഷയരോഗ ചികിത്സയിൽ വ്യാപൃതമാണ്. നാല് വാർഡുകൾ പുതുതായി പണിയുന്നുമുണ്ട്.

ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കെല്ലാംതന്നെ രോഗ പ്രതിരോധ കുത്തിവെയ്പ്പ് (ബി.സി.ജി.) നൽകുന്നുണ്ട്. പുതുതായി ജനിക്കുന്ന കുട്ടി മുതൽ 19 വയസുവരെയുള്ള എല്ലാവരെയും പ്രതിരോധ ചികിത്സക്കു വിധേയരാക്കി രോഗം തടയുക എന്നതാണ് ഇരുപതിന പരിപാടിയുടെ ഒരു പ്രധാന ലക്ഷ്യം.

1982–83 വർഷത്തിൽ 35800 രോഗികളെയെങ്കിലും കണ്ടുപിടിച്ച് ചികിത്സിക്കുകയും ചികിത്സ വിധിച്ച് അവർ അതിനു വിധേയരാകുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നതാണ്.

ക്ഷയരോഗ നിവാരണ നടപടികൾ ഇരുപതിന പരിപാടിയിൽ ഉൾപ്പെടുത്തിയതോടെ ഇതുവരെ അമ്പതു ശതമാനം കേന്ദ്രസഹായം ലഭിച്ചിരുന്ന ഈ പരിപാടി പൂർണ്ണമായും കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതിയായിക്കഴിഞ്ഞു.

## അന്ധതാനിവാരണം

രോഗങ്ങൾ, പോഷകാഹാരക്കുറവ്, തിമിരം മുതലായ കാരണങ്ങളാൽ ഉണ്ടാകുന്നതും തടയാൻ കഴിയുന്നതുമായ അന്ധത ഉണ്ടാകാതെ സൂക്ഷിക്കാവുന്നതാണ്. അന്ധത 1.4 ശതമാനത്തിൽനിന്ന് ഒരു ശതമാനമായി കുറയ്ക്കുകയാണ് ആറാം പദ്ധതി ലക്ഷ്യം.

ഇന്ത്യയിൽ ഏതാണ്ട് 60 ലക്ഷം പേർ തിമിരം ബാധിച്ചവരായുണ്ടെന്നാണ് കണക്ക്. കൂടാതെ ഓരോ വർഷവും പത്തുലക്ഷം പേർക്ക് പുതുതായി തിമിരബാധ ഉണ്ടാകുന്നതായും കണക്കാക്കപ്പെടുന്നു. കേരളത്തിൽ ഇതു സംബന്ധിച്ച വ്യക്തമായ കണക്ക് ശേഖരിച്ചിട്ടില്ലെങ്കിലും ഈ വർഷത്തിൽ 50806 തിമിരരോഗികളെ ശസ്ത്രക്രിയ മൂലം കാഴ്ചശക്തിയുള്ളവരാക്കണമെന്നാണ് ലക്ഷ്യം.

ഇതിലേയ്ക്ക് തിരുവനന്തപുരം—കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ നയന ചികിത്സാവിഭാഗം ശക്തിപ്പെടുത്തുകയും ആവശ്യമായ ചികിത്സോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കോട്ടയത്തെ സഞ്ചരിക്കുന്ന നേത്രരോഗാശുപത്രിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നുണ്ട്. കോഴിക്കോട്ട് ഒരു സഞ്ചരിക്കുന്ന ആശുപത്രി ആരംഭിക്കുന്നുണ്ട്. കൊല്ലം, എറണാകുളം, തൃശൂർ, പാലക്കാട്, കണ്ണൂർ ജില്ലാ ആശുപത്രികൾക്ക് നയന ചികിത്സയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ നല്കിക്കഴിഞ്ഞു. ഇടുക്കി, മലപ്പുറം, വയനാട് ജില്ലാ ആശുപത്രികളെക്കൂടി ഈ ആവശ്യത്തിന് സജ്ജമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം, എറണാകുളം, തൃശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിലെ 12 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വീതം തെരഞ്ഞെടുക്കുകയും ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം, ഇടുക്കി, വയനാടു ജില്ലകളിലെ 30 കേന്ദ്രങ്ങൾകൂടി ഈ വർഷം നയന ചികിത്സയ്ക്ക് സജ്ജമാക്കുന്നതാണ്. നയനചികിത്സാരംഗത്ത് ആവശ്യമായ അസിസ്റ്റൻറുമാരെ പരിശീലിപ്പിക്കാൻ തിരുവനന്തപുരത്ത് ഒരു പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്.

ഗ്രാമപ്രദേശങ്ങളിൽ നേത്രചികിത്സാക്യാമ്പുകൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സഹായധനം നൽകുന്ന പരിപാടിയും നിലവിലുണ്ട്. നേത്രചികിത്സാരംഗത്തെ ഈദൃശപ്രവർത്തനങ്ങൾക്ക് പൂർണ്ണമായും കേന്ദ്രസഹായം ലഭിക്കുന്നുണ്ട്.

പോഷകാഹാരക്കുറവുമൂലം കാഴ്ചശക്തി നഷ്ടപ്പെടുന്നതു തടയാൻ ഗ്രാമപ്രദേശങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും ഈ പരിപാടിയുടെ ഭാഗമാണ്.

വിറ്റാമിൻ 'എ' യുടെ കുറവുമൂലം അന്ധതയുണ്ടാകുന്ന കുട്ടികൾക്കുവേണ്ടി പ്രസ്തുത ജീവകം നല്കുന്ന പരിപാടി അനുസരിച്ച് 1981—82 വർഷത്തിൽ 19 ലക്ഷം കുട്ടികൾക്ക് ആദ്യഡോസും 7.8 ലക്ഷം കുട്ടികൾക്ക് രണ്ടാം ഡോസും നൽകുകയുണ്ടായി.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെയും ജില്ലാ ആശുപത്രികളിലെയും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും നേത്രശുശ്രൂഷ നൽകാനും ശസ്ത്രക്രിയ നടത്താനുംവേണ്ടി സഞ്ചരിക്കുന്ന ആശുപത്രികൾ ഏർപ്പെടുത്തിയും സന്നദ്ധ സംഘടനകൾ നടത്തുന്ന ക്യാമ്പുകൾക്ക് ധനസഹായം നൽകിയും അന്ധതാനിവാരണ പരിപാടി ഊർജ്ജിതപ്പെടുത്തുകയാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം.



# 15

# ആരോഗ്യമുള്ള കുട്ടികൾ

സമഗ്രമായ മാതൃ–ശിശു സംരക്ഷണ പരിപാടികൾ. ശിശുക്കൾ രാഷ്ട്രത്തിന്റെ സമ്പത്താണ്; അവർക്ക് ആരോഗ്യവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുവാൻ ജാഗ്രതയോടെയുള്ള വിപുല ശ്രമങ്ങൾ.

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം എന്നിവ മെച്ചപ്പെടുത്താനുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനു പുറമെ സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടിയുള്ള പരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

സ്ത്രീകളും വികസനവും എന്ന ഒരധ്യായം പദ്ധതിയിൽ ആദ്യമായി ഉൾപ്പെടുത്തിയത് ആറാം പദ്ധതിയിലാണ്. സ്ത്രീധനം തുടങ്ങിയ ദുരാചാരങ്ങൾക്കെതിരെ പൊതുജനാഭിപ്രായം രൂപീകരിക്കുക, നിയമപരമായ ഉപരോധങ്ങൾ ഏർപ്പെടുത്തുക ഇവയാണ് സ്ത്രീകളുടെ സാമൂഹ്യമായ ഉന്നമനത്തിനുള്ള പരിപാടികൾ.

ആരോഗ്യ സംരക്ഷണ സൗകര്യങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടുകൂടി ആരോഗ്യം, പോഷകാഹാരം, ശിശുപരിപാലനം മുതലായവയെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവ് സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന നമ്മുടെ സംസ്ഥാനത്തുപോലും പരിമിതമാണ്. ഗ്രാമങ്ങളിലും തീരപ്രദേശങ്ങളിലും ഇത് കൂടുതൽ പ്രകടമാണ്.

## ത്രിമുഖ സമീപനം

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാം ഒരു 'ത്രിമുഖ' സമീപനമാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. വികസന വകുപ്പ്, ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ് എന്നിവ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നു.

വികസനവകുപ്പ് ഇതനുസരിച്ച് രണ്ടു പരിപാടികൾ നടപ്പാക്കുന്നു: പ്രയുക്ത പോഷകാഹാര പരിപാടിയും സമഗ്ര മാതൃശിശു സംരക്ഷണ പരിപാടിയും. ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യനിലവാരം ഉയർത്തുവാനും, അടുക്കളത്തോട്ടനിർമ്മാണം, കോഴിവളർത്തൽ, ആടു വളർത്തൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കുടുംബത്തിന് കൂടുതൽ പോഷകമൂല്യമുള്ള ആഹാരവും ആദായവും ലഭ്യമാക്കുവാനും പൊതുവിൽ സ്ത്രീകളുടെ സാമൂഹ്യസാമ്പത്തിക നിലവാരം ഉയർത്തുവാനും ആവിഷ്ക്കരിച്ചിട്ടുള്ളതാണ് പ്രയുക്ത പോഷകാഹാരപരിപാടി. ഇതിനുപുറമെ ശിശുക്കൾക്ക് പ്രീ–പ്രൈമറി (നേഴ്സറി) വിദ്യാഭ്യാസംകൂടി സൗജന്യമായി നല്കുന്നതിനുദ്ദേശിച്ചുള്ളതാണ് സമഗ്ര മാതൃശിശു സംരക്ഷണ പരിപാടി. ഇത് സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കിവരുന്നു. 1981–82 വർഷത്തിൽ സ്ഥാപിച്ച 150 ബാലവാടികൾ ഉൾപ്പടെ സംസ്ഥാനത്താകെ 2311 ബാലവാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നു. ഈ പരിപാടിയുടെ നിർവ്വഹണച്ചുമതല സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളെയാണ് ഏല്പിച്ചിരിക്കുന്നത്.

## ഉച്ചയ്ക്ക് ഒരു നേരം ആഹാരം

ഇതു കൂടാതെ 'ഉച്ചയ്ക്ക് ഒരു നേരം ആഹാരം' എന്ന ഒരു പരിപാടിയും ബ്ലോക്കുകൾ വഴി നടപ്പാക്കുന്നുണ്ട്. ഇതനുസരിച്ചുള്ള ഫീഡിംഗ് സെൻററുകൾ നടത്തുന്നതും മഹിളാസമാജങ്ങളാണ്. മേല്പ്പറഞ്ഞ മൂന്നു പരിപാടികളിലുമായി മൊത്തം 10335 ഫീഡിംഗ് സെൻററുകൾ പ്രവർത്തിക്കുന്നു. അഞ്ചു വയസ്സിനു താഴെയുള്ള എട്ട് ലക്ഷം കുട്ടികൾക്കും രണ്ടു ലക്ഷം അമ്മമാർക്കും തൻമൂലം പ്രയോജനം ലഭിക്കുന്നു.

സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കാത്ത കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും, കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചിട്ടുള്ള അമ്മമാർക്കും വേണ്ടിയുള്ളതാണ് ആരോഗ്യവകുപ്പു നടപ്പാക്കുന്ന പരിപാടി. പ്രധാനമായും പോഷകാഹാരക്കുറവുകൊണ്ടുണ്ടാകുന്ന പിത്തം തടയുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. ഡോക്ടറുടെ നിർദ്ദേശാനുസരണം ഇരുമ്പുസത്തും ഫോളിക് ആസിഡും ചേർന്ന ഗുളികകൾ ആക്സിലറി മിഡ്വൈഫുകൾ വഴിയും കുടുംബക്ഷേമ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികളിലെ ശിശുക്ഷേമവിഭാഗം തുടങ്ങിയവ വഴിയും വിതരണം ചെയ്യുന്നുണ്ട്. 1981–82 വർഷത്തിൽ 5.6 ലക്ഷം അമ്മമാർക്കും 5.9 ലക്ഷം ശിശുക്കൾക്കും സേവനം ലഭ്യമാക്കുകയുണ്ടായി. രണ്ടുവിഭാഗത്തിലും 5.5 ലക്ഷമായിരുന്നു ലക്ഷ്യം.

## ആരോഗ്യമുള്ള ശിശുക്കൾക്കുവേണ്ടി

മാതൃശിശു സംരക്ഷണ പദ്ധതിയനുസരിച്ച് ഡിഫ്ത്തീരിയ, ടെറ്റനസ്, വില്ലൻചുമ എന്നീ രോഗങ്ങൾ തടയുന്നതിനുള്ള വാക്സിനും, ഡിഫ്ത്തീരിയയും ടെറ്റ

നസ്സും മാത്രം തടയുന്ന വാക്സിനും ഏഴ് ലക്ഷം കുട്ടികൾക്ക് വീതവും, ടെറ്റനസ് ഫോക്സോയിഡ് അഞ്ചുലക്ഷം കുട്ടികൾക്കും ലഭ്യമാക്കി.

ശിശുക്കൾ രാഷ്ട്രത്തിന്റെ സമ്പത്താണെന്നും അവരുടെ ആരോഗ്യമാണ് രാഷ്ട്രത്തിന്റെ അടിത്തറയെന്നും പരിഗണിച്ചുള്ള സമഗ്രമായ ശിശുവികസന പരിപാടിയാണ് സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കുന്നത്. കഴിഞ്ഞ പദ്ധതികളുടെ ഗുണഫലങ്ങൾ എത്തേണ്ടിടത്ത് വേണ്ടത്ര എത്തിയില്ലെന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ ആവിഷ്ക്കരിച്ചതാണ് ഇത്.

ശിശുക്കളുടെ സർവ്വതോമുഖമായ വികസനത്തിനാവശ്യമായ എല്ലാ സേവനങ്ങളും ഏകോപിപ്പിച്ച് ലഭ്യമാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ശിശുക്കളുടെ മാനസികവും ശാരീരികവും ആയ വളർച്ചയ്ക്ക് ആവശ്യമായ അനുപൂരക പോഷകാഹാരങ്ങൾ രോഗപ്രതിരോധ നടപടികൾ, ആരോഗ്യപരിശോധന, ഉപരി ചികിത്സാ സൗകര്യങ്ങൾ, പോഷകാഹാര—ആരോഗ്യബോധനം നഴ്സറി വിദ്യാഭ്യാസം എന്നിവ ഉൾക്കൊള്ളുന്നതാണ് ഈ പരിപാടി.

1981–82-ൽ 23 പ്രോജക്ടുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി അഞ്ചുലക്ഷത്തിൽപ്പരം ശിശുക്കൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. 82–83-ൽ 17 പദ്ധതികൾകൂടി ആരംഭിക്കുവാൻ അനുവദിച്ചു കഴിഞ്ഞു. 1983–84 ൽ 12 പ്രദേശങ്ങൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

ഇവയ്ക്കു പുറമെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി പോഷകാഹാരം വിതരണം ചെയ്യുന്ന പരിപാടി വിദ്യാഭ്യാസവകുപ്പ് നടപ്പാക്കിവരുന്നു. പതിനാറു ലക്ഷത്തിൽപ്പരം വിദ്യാർത്ഥികൾക്കാണ് ഈ സേവനം ലഭ്യമാകുന്നത്.

ഇരുപതിന പരിപാടിയിൽ ഉൾപ്പെടുത്തി മാതൃ–ശിശു സംരക്ഷണം തീവ്രയത്ന പരിപാടിയായി നടപ്പാക്കുന്നതിനാൽ സംസ്ഥാനത്തെ എല്ലാ പ്രദേശത്തെയും ശിശുക്കൾക്കും 18–നും 45–നും മദ്ധ്യേയുള്ള അമ്മമാർക്കും ആരോഗ്യ ശുശ്രൂഷാരംഗത്ത് ആവശ്യമായ സേവനം ലഭ്യമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.



# 16

## സാക്ഷരത, പ്രാഥമികവിദ്യാഭ്യാസം

സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യാസം
നിരക്ഷരതാ നിർമ്മാർജ്ജനത്തിന് വയോജനവിദ്യാഭ്യാസം,
പ്രവൃത്ത്യുൻമുഖ സാക്ഷരതാപരിപാടി

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ്, പിന്നോക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിനു തടസ്സമുണ്ടായിരുന്ന കാലത്തുപോലും മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വിദ്യാഭ്യാസ രംഗത്ത് കേരളം മുന്നണിയിലായിരുന്നു. ഇന്നും ഇന്ത്യയിലെ ഏറ്റവും ഉയർന്ന സാക്ഷരതാനിരക്ക് കേരളത്തിലാണ്.



1981-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ സാക്ഷരതാ നിരക്ക് 69.17 ശതമാനമാണ്. പുരുഷൻമാരുടേത് 74.03 ശതമാനവും സ്ത്രീകളുടേത് 64.48 ശതമാനവും.

ആറു വയസ്സു മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിത സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തണമെന്ന് ഭരണഘടന അനുശാസിക്കുന്നു. കേരളത്തിലാകട്ടെ ഈ ലക്ഷ്യം നാം മിക്കവാറും നേടിക്കഴിഞ്ഞിരിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സ്കൂൾ പ്രവേശന ലക്ഷ്യത്തിന്റെ 95 ശതമാനവും നാം നേടിയിട്ടുണ്ട്.

ആകയാൽ വയോജന വിദ്യാഭ്യാസത്തിന് വലിയ പ്രസക്തിയില്ല എന്ന ധാരണ ഇതുമൂലമുണ്ടായേക്കാം. പക്ഷെ സംസ്ഥാനത്ത് 90 ലക്ഷം മുതിർന്നവർ നിരക്ഷരരാണെന്ന വസ്തുത അവഗണിക്കാവുന്നതല്ല. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളെ ഒഴിച്ചു നിർത്തിയാൽ നിരക്ഷരരുടെ എണ്ണം 50 ലക്ഷമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. നിരക്ഷരർ മറ്റുള്ളവരുടെ ചൂഷണത്തിനു വിധേയരാകാതിരിക്കാനും അവരിൽ സ്വാശ്രയബോധം വളർത്തുന്നതിനുമാണ് വയോജന വിദ്യാഭ്യാസ പരിപാടി ഏർപ്പെടുത്തിയിട്ടുള്ളത്. അവരിൽ ഉത്തമ പൗരൻമാർക്കു വേണ്ട ഗുണങ്ങൾ വളർത്തുക, ആരോഗ്യകരമായ ജീവിതചര്യ സ്വീകരിക്കാനുള്ള മനോഭാവം ഉളവാക്കുക എന്നിവയും പരിപാടിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ കേന്ദ്ര—സംസ്ഥാന ഗവൺമെന്റുകളുടെ സഹകരണത്തോടെ നടത്തുന്ന ഈ പരിപാടി അനുസരിച്ച് സംസ്ഥാനത്ത് ഇപ്പോൾ 4291 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഓരോ കേന്ദ്രത്തിലും 30 വിദ്യാർത്ഥികൾ വീതമാണുള്ളത്.

## പ്രവർത്ത്യുൻമുഖ സാക്ഷരതാ പരിപാടി

സാമൂഹ്യ സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളാനും ഫലപ്രദമായ രീതിയിൽ തൊഴിൽപരമായ കഴിവുകളും അഭിരുചികളും ഉപയോഗപ്പെടുത്താനും നിരക്ഷരരെ സഹായിക്കുന്ന, കുറെക്കൂടി സമഗ്രമായ ഒരു പരിപാടിയാണ് പ്രവർത്ത്യുൻമുഖ സാക്ഷരതാ പരിപാടി. 1972-ൽ കണ്ണൂർ ജില്ലയിൽ ആരംഭിച്ച ഈ പരിപാടി 1973-ൽ തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലേക്കും 1979-ൽ ആലപ്പുഴ ജില്ലയിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. മുഖ്യമായും ഓരോ പരിശീലന കേന്ദ്രത്തിലും 30 പേർക്കാണ് പരിശീലനം നല്കിവന്നത്. ആരംഭത്തിൽ എട്ടു ബ്ലോക്കുകളിൽ 30 കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവന്നതെങ്കിലും 1978-ൽ നാലു ജില്ലകളിലെ എട്ടു ബ്ലോക്കുകളിൽ 300 കേന്ദ്രങ്ങൾ വീതം ഏർപ്പെടുത്തുകയുണ്ടായി. ഈ പരിപാടിയനുസരിച്ച് 1981—82 ൽ പത്തു വികസന ബ്ലോക്കുകളിലെ 1500 കേന്ദ്രങ്ങൾ വഴി 42218 പേരെ സാക്ഷരരാക്കാൻ സാധിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത കേന്ദ്രങ്ങൾ വഴി 45000 പേരെ സാക്ഷരരാക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. ഈ പരിപാടി നടപ്പിലാക്കുന്നതിന് 31 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.



17

# ന്യായവിലയ്ക്ക് അവശ്യസാധനങ്ങൾ

**ഉപഭോക്താക്കളുടെ താത്പര്യം സംരക്ഷിക്കാൻ കേരളത്തിൽ വിപുലമായ പൊതു വിതരണ സമ്പ്രദായം; ഷോപ്പിംഗ് കോംപ്ലക്സുകൾ; ഉത്സവകാല ബസാറുകൾ.**

പൊതുവിതരണ സമ്പ്രദായം സംബന്ധിച്ച് ഇരുപതിന പരിപാടി വിഭാവനം ചെയ്യുന്ന പല കാര്യങ്ങളും വർഷങ്ങൾക്കു മുമ്പുതന്നെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. കേരളമാണ് റേഷൻ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കിയ ഇന്ത്യയിലെ ഏക സംസ്ഥാനം. പൊതുമേഖലയിലെ വിവിധ ഏജൻസികളെ ഉപയോഗപ്പെടുത്തി അവശ്യസാധനങ്ങളുടെ വിതരണം ഫലപ്രദമായി നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനവും കേരളംതന്നെ.

സംസ്ഥാനത്ത് ഇപ്പോൾ 43 ലക്ഷം റേഷൻകാർഡുടമകളുണ്ട്. 12000-ത്തോളം റേഷൻ ഷാപ്പുകൾ വഴി ഇവർക്കാവശ്യമായ അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണം ചെയ്തുവരുന്നു. ഇതിൽ 1800-ഓളം റേഷൻകടകൾ നടത്തുന്നത് സഹകരണസ്ഥാപനങ്ങളാണ്. 350 കുടുംബങ്ങൾക്കു വേണ്ട സാധനങ്ങളാണ് ഓരോ റേഷൻഷാപ്പിലും വിതരണം ചെയ്തുവരുന്നത്. 2000 ആളുകൾക്ക് ഒരു റേഷൻകട എന്നതാണ് കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദിഷ്ട ലക്ഷ്യം. കേരളമാകട്ടെ ഈ ലക്ഷ്യം നേടിക്കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്ത് 1850 ആളുകൾക്ക് ഒരു റേഷൻകട വീതമുണ്ട് എന്ന കാര്യം പ്രസ്താവ്യമാണ്. ഈ ന്യായവില ഷാപ്പുകൾക്കു പുറമെ സംസ്ഥാനത്തുടനീളം നിരവധി സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. തുണിത്തരങ്ങൾ, സസ്യഎണ്ണ, ഉള്ളി, മുളക് തുടങ്ങിയവ കുറഞ്ഞ വിലയ്ക്ക് ഇവിടെനിന്നും വിതരണം ചെയ്യുന്നു. പൊതു വിതരണ രംഗത്ത് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ പ്രവർത്തനവും എടുത്തു പറയത്തക്കതാണ്. ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും അവശ്യസാധനങ്ങൾ ശേഖരിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേകം ചന്തകൾ തുറന്ന്, ഉത്സവാവസരങ്ങളിൽ കച്ചവടക്കാരുടെ അമിതമായ ലാഭമെടുപ്പു തടയാനും വിലക്കയറ്റത്തിൻെറ കെടുതികളിൽനിന്ന് ഉപഭോക്താക്കളെ രക്ഷിക്കാനും കോർപ്പറേഷനു സാധിക്കുന്നു. അരി, ഗോതമ്പ്, മുളക്, പച്ചക്കറികൾ, പഞ്ചസാര, തേയില തുടങ്ങി പതിനെട്ടിൽപ്പരം സാധനങ്ങളാണ് കോർപ്പറേഷൻ വിതരണം ചെയ്തുവരുന്നത്.

## സഹകരണ മേഖലയുടെ പങ്ക്

പൊതുവിതരണ രംഗത്ത് സഹകരണ മേഖലയും പ്രശംസാർഹമായ സേവനമാണ് അനുഷ്ഠിച്ചുവരുന്നത്. ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളുടേയും കൺസ്യൂമർ ഫെഡറേഷൻേറയും കീഴിലുള്ള സഹകരണ സ്റ്റോറുകളും ഡിപ്പാർട്ടുമെൻറൽ സ്റ്റോറുകളും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. ഇലക്ട്രിക് ഉപകരണങ്ങൾ ഉൾപ്പെടെ വീട്ടാവശ്യത്തിനുള്ള മിക്ക സാധനങ്ങളും ഈ സ്റ്റോറുകളിൽ ലഭ്യമാണ്. ചിലയിടങ്ങളിൽ സഹകരണ സംഘങ്ങളുടെ വകയായി റേഷൻകടകളും പ്രവർത്തിച്ചുവരുന്നു.

നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ടു നടത്തുന്ന 90 മാവേലി സ്റ്റോറുകൾ ജില്ലാ തലസ്ഥാനങ്ങൾ, മുനിസിപ്പാലിറ്റികൾ, താലൂക്കു കേന്ദ്രങ്ങൾ തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടുതൽ മാവേലി സ്റ്റോറുകൾ തുറന്നും, ഗ്രാമ പ്രദേശങ്ങളിലേക്ക് മോബൈൽ മാവേലി സ്റ്റോറുകൾ അയച്ചും വ്യാപകമായ തോതിൽ ഈ പരിപാടി തുടർന്നു നടത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു.

കാർഡുടമകൾ 25 ശതമാനവും പട്ടിക വർഗ്ഗക്കാരാണെങ്കിൽ അത്തരം പ്രദേശങ്ങളിൽ അവരുടെ ആവശ്യമനുസരിച്ച് പരിക്കൻ അരിയും മറ്റു ധാന്യങ്ങളും വിതരണം ചെയ്യാനുള്ള പരിപാടിക്ക് രൂപം നല്കിക്കഴിഞ്ഞു. സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് മിതമായ വിലയ്ക്ക് നോട്ടുബുക്കുകൾ ലഭ്യമാക്കാനും കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്.

## ഷോപ്പിംഗ് കോംപ്ലക്സുകൾ

ഓണച്ചന്തകളുടേയും ക്രിസ്തുമസ് ബസാറുകളുടെയും പ്രവർത്തന വിജയം മുൻനിർത്തി പ്രധാനപ്പെട്ട നഗരങ്ങളിൽ സിവിൽ സപ്ലൈസ് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാനും ഉദ്ദേശിക്കുന്നു. പൊതു മേഖലാ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും ഉല്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ ഇത്തരം കേന്ദ്ര

ങ്ങൾ വഴി ന്യായവിലയ്ക്കു വിൽക്കാനുള്ള സംവിധാനം ഇവിടെ ഏർപ്പെടുത്തുന്നതായിരിക്കും. തൻമൂലം പൊതു ജനങ്ങൾക്ക് എല്ലാ അവശ്യ സാധനങ്ങളും ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിനു പുറമെ, പൊതു വിപണിയിൽ അത്തരം സാധനങ്ങളുടെ വിലക്കയറ്റത്തെ കടിഞ്ഞാണി ടാനും കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

പുരോഗമനപരവും ജനക്ഷേമകരവുമായ പരിപാ ടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിൽ എന്നും മുൻ പന്തിയിൽ നിന്നിട്ടുള്ള കേരളത്തിന് പൊതുവിതരണ രംഗത്തും മാതൃകാപരമായ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞു എന്നതു തികച്ചും അഭിമാനകരമായ ഒരു വസ്തു തയാണ്.



## 18

# വ്യവസായത്തിലൂടെ തൊഴിലവസരങ്ങൾ

**വ്യാവസായിക വികസന പദ്ധതികൾ നിശ്ചിത സമയപരിധിക്കകംതന്നെ പൂർത്തിയാക്കത്തക്കവിധത്തിൽ മുതൽമുടക്കു നടപടി ക്രമങ്ങൾ ഉദാരമാക്കുകയും വ്യാവസായികനയം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നു.**

ചെറുകിട വ്യവസായരംഗത്ത് ആറാം പദ്ധതിയിൽ ലക്ഷ്യം വച്ചിട്ടുള്ള 17,000 ചെറുകിട വ്യവസായ യൂണിറ്റുകളും പദ്ധതിക്കാലത്തുതന്നെ ആരംഭിക്കത്തക്കവിധത്തിൽ അവയുടെ രജിസ്ട്രേഷനിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികളെടുത്തു കഴിഞ്ഞു. താത്ക്കാലിക രജിസ്ട്രേഷനുള്ള അപേക്ഷ കിട്ടി ഒരു ദിവസത്തിനുള്ളിൽ ത്തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കി നല്കുന്നതിനുള്ള നടപടിക്രമമാണ് ഇപ്പോഴുള്ളത്. ഈ വർഷം (82.83) ആരംഭിക്കുവാനുദ്ദേശിച്ച 1633 ചെറുകിട വ്യവസായ യൂണിറ്റുകളിൽ 465 എണ്ണം ഇതിനകം തന്നെ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. വൻകിട, ഇടത്തരം വ്യവസായങ്ങൾക്കു വേണ്ടി കേന്ദ്ര ഗവൺമെൻറിനു അയയ്ക്കേണ്ട അപേക്ഷകൾ അവ ലഭിച്ച് രണ്ടാഴ്ചക്കകം സംസ്ഥാന ഗവൺമെൻറിൻെറ ശുപാർശകളോടെ അയയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പൂർത്തിയാക്കപ്പെടുന്ന പദ്ധതികളുടെ വിവരം അപ്പോഴപ്പോൾ ലഭിക്കത്തക്ക വിധം ഇൻഡസ്ട്രീസ് കമ്മീഷണർ ആൻറ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെയും വ്യവസായ വികസന കോർപ്പറേഷൻെറയും പ്രതിനിധികളടങ്ങിയ ഒരു മോനിട്ടറിംഗ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു.

### ചെറുകിട വ്യവസായങ്ങൾ

ചെറുകിട വ്യവസായ സംരംഭകർക്കു മുടക്കു മുതലിൻെറ പത്തു ശതമാനം വരെ മാർജിൻ മണിയായും ഇൻവെസ്റ്റ്മെൻറ് സബ്സിഡിയായും നല്കി സഹായിക്കുന്നതിനും വ്യവസായ നടത്തിപ്പിൽ പരിശീലനം നല്കുന്നതോടൊപ്പം അവർക്ക് 10,000 രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു. ചെറുകിട, പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഹരിജന-ഗിരിജന വിഭാഗങ്ങളിൽപ്പെട്ടവർക്കും ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാണ്. വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേക പ്രോത്സാഹന സൗജന്യങ്ങളും അനുവദിച്ചിട്ടുണ്ട്.

### കരകൗശലവും കൈത്തറിയും

കരകൗശല തൊഴിലുകാർക്ക് പരിശീലനം നല്കി ആധുനിക തൊഴിലുപകരണങ്ങൾ ലഭ്യമാക്കിവരുന്നു. ഇവർക്ക് സഹായ ധനത്തോടെ അസംസ്കൃത വസ്തുക്കൾ നല്കുന്നതിനുള്ള ഒരു പരിപാടിയും കരകൗശല കോർപ്പറേഷനും അപ്പക്സ് സൊസൈറ്റിയും വഴി ഏറ്റെടുത്തിട്ടുണ്ട്. ഈ വർഷം 82 കരകൗശല യൂണിറ്റുകൾ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതാണ്.

കൈത്തറി വികസനത്തിനുവേണ്ടി ആറാം പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 10.19 കോടി രൂപയും ലക്ഷ്യം കൈവരിക്കത്തക്ക വിധം ഫലപ്രദമായി ചെലവഴിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കൈത്തറിയുടെ വാർഷികോല്പാദനം 89 ദശലക്ഷം മീറ്ററിൽ നിന്ന് 155 ദശലക്ഷം മീറ്ററായി ഉയർത്തുവാനാണ് പരിപാടി. ഇതിലേയ്ക്ക് 5100 തറികൾ സഹകരണ മേഖലയിൽ കൊണ്ടുവരുന്നതിനും 1200 തറികൾ നവീകരിക്കുന്നതിനും നടപടികളെടുത്തു വരുന്നു. കൈത്തറി മേഖയിലെ സാങ്കേതിക വിദഗ്ധരുടെ അഭാവം പരിഹരിക്കുന്നതിന് ഒരു ഹാൻറ്ലൂം ടെക്സ്റ്റൈൽ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനും പരിപാടിയുണ്ട്.

300-ൽ പരം ഗ്രാമ വ്യവസായങ്ങൾ ഈ വർഷം കമ്മീഷൻ ചെയ്യുന്നതോടെ 15000 പേർക്കുകൂടി തൊഴിൽ ലഭിക്കുന്നതാണ്. ഖാദി ഗ്രാമവ്യവസായ കമ്മീഷനിൽ നിന്നും ഗ്രാൻറായും വായ്പയായും ലഭിച്ച 3.34 കോടി രൂപ വിനിയോഗിച്ചാണ് ഈ യൂണിറ്റുകൾ ആരംഭിക്കുന്നത്. വ്യവസായവല്ക്കരണം ത്വരിതപ്പെടുത്തുന്നതിനുള്ള പല നിർദ്ദേശങ്ങളും ഈ വർഷത്തെ ബജറ്റിലൂടെ പ്രഖ്യാപിക്കുകയുണ്ടായി. മുൻഗണനാക്രമത്തിൽ പുതിയ വ്യവസായങ്ങൾക്ക് ഉദാരമായ വ്യവസ്ഥയിൽ വിദ്യുച്ഛക്തി, വ്യാവസായിക അസംസ്കൃത സാധനങ്ങൾക്കും പാക്കിംഗിന് ആവശ്യമുള്ള സാധനങ്ങൾക്കും കുറഞ്ഞ നിരക്കിൽ നികുതി (നാലു ശതമാനം), 79 ഏപ്രിൽ ഒന്നിനു മുമ്പ് ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അഞ്ചുവർഷത്തേയ്ക്ക് വില്പന നികുതി വായ്പാ പദ്ധതി തുടങ്ങിയ ആനുകൂല്യങ്ങളാണ് ഈ പ്രഖ്യാപനത്തിൽ അടങ്ങിയിട്ടുള്ളത്. വ്യവസായത്തൊഴിലാളികൾ വാങ്ങുന്ന ഈറയ്ക്കും മുളയ്ക്കും സീനിയറേജ് ഫീസ് നിർത്തലാക്കിയതും ഇതിൽപ്പെടുന്നു. സ്വർണ്ണപ്പണിക്കാർ, ഇരുമ്പുപണിക്കാർ, വാർപ്പുപണിക്കാർ, കുലാലർ, ബാർബർ തുടങ്ങിയ പരമ്പരാഗത തൊഴിൽക്കാർക്ക് തൊഴിൽ നവീകരണാർത്ഥം പലിശ

സബ്സിഡി നല്കി 6 ശതമാനം നിരക്കിൽ 10,000 രൂപ വരെ വായ്പ നല്കുന്നതിനുള്ള മറ്റൊരു പദ്ധതിക്കും ബജറ്റിൽ രൂപം നല്കിയിട്ടുണ്ട്. താലൂക്കുതോറും ഒരു കോടി രൂപ മുതൽ മുടക്കിലുള്ള വ്യവസായങ്ങളിലൂടെ സംസ്ഥാനത്ത് ഒരു വ്യവസായ ശൃംഖലതന്നെ സൃഷ്ടിക്കുവാനുള്ള നിർദ്ദേശങ്ങളും ഇരുപതിന പരിപാടിയുടെ ലക്ഷ്യത്തിലേക്കുള്ള വ്യക്തമായ ഒരു കർമ്മ പദ്ധതിയാണ്.



# 19

## സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരെ

**പൂഴ്ത്തിവയ്പുകാർക്കും കള്ളക്കടത്തുകാർക്കും നികുതി വെട്ടിപ്പുകാർക്കും എതിരെ കർശന നടപടികൾ**



സാമ്പത്തിക കുറ്റങ്ങൾക്കെതിരെ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് പിടി മുറുക്കിയതിൻെറ ഫലമായി സമ്പദ്വ്യവസ്ഥയിൽ സംസ്ഥാനത്തുടനീളം സൽഫലങ്ങൾ ഉളവായിക്കൊണ്ടിരിക്കുകയാണ്. കള്ളക്കടത്തുകാരെ കൈകാര്യം ചെയ്യുന്നതിന് കുറ്റമറ്റ ഒരു സംവിധാനം ഏർപ്പെടുത്താൻ ഗവൺമെൻറിനു കഴിഞ്ഞു. കള്ളക്കടത്തു

സംബന്ധിച്ച എല്ലാ കേസുകളും ഹൈക്കോടതി ജഡ്ജിമാരടങ്ങിയ ഒരു അഡ്വൈസറി ബോർഡിനു വിടും. 'കോഫിപോസ' ആക്ടനുസരിച്ച് കള്ളക്കടത്തുമായി ബന്ധപ്പെട്ടവരെ തടവിൽ വയ്ക്കാം. എന്നാൽ ഇത്തരം തടഞ്ഞു വയ്ക്കൽ അഡ്വൈസറി ബോർഡു അംഗീകരിക്കണമെന്നാണ് വ്യവസ്ഥ. ബോർഡ് അനുവദിച്ചാൽ ഒരു വർഷംവരെ കുറ്റവാളികളെ തടവിൽ പാർപ്പിക്കുന്നതാണ്. കള്ളക്കടത്തു സംബന്ധിച്ച അഞ്ചുപേർ ഇപ്പോൾ ജയിലിലുണ്ട്. ഇതിൽ രണ്ടു പേരെ അഡ്വൈസറി ബോർഡ് ഒരു വർഷത്തെ തടവിന് വിധിച്ചിരിക്കുകയാണ്. ഇവരിൽ ഒരാൾ സുപ്രീം കോടതിയിലും മറ്റെയാൾ ഹൈക്കോടതിയിലും റിവിഷൻ ഹർജ്ജി നല്കിയെങ്കിലും അവരുടെ കേസുകൾ തള്ളിപ്പോയി. മറ്റു മൂന്നു പേരുടെ കാര്യം ഇപ്പോഴും അഡ്വൈസറി ബോർഡിന്റെ പരിഗണനയിലാണ്.

## സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം

സാമ്പത്തിക കുറ്റവാളികളെ ഫലപ്രദമായി നേരിടുന്നതിന് പോലീസിലെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം മൂന്നു റെയിഞ്ചുകളിലായി പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം എസ്. പി. യുടെ കീഴിലും കൊച്ചിയിൽ സിവിൽ സപ്ളൈസ് സെൽ എസ്. പി. യുടെ കീഴിലും കോഴിക്കോട്ട് ക്രൈം റിസർച്ച് സെൽ എസ്. പി. യുടെ കീഴിലുമാണിത്. വരുമാന നികുതി, വില്പന നികുതി, പൊതു വിതരണം, അളവും തൂക്കവും തുടങ്ങിയ വകുപ്പികളിലെ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ സാമ്പത്തിക കുറ്റങ്ങളെ സംബന്ധിച്ച വിവരം ശേഖരിക്കുക, നികുതി വെട്ടിപ്പിനെ സംബന്ധിച്ച പരാതികൾ അന്വേഷിക്കുക, കയറ്റുമതി ഇറക്കുമതി ലൈസൻസ് ദുരുപയോഗപ്പെടുത്തുന്ന കേസുകൾ കൈകാര്യം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലാണ് സാമ്പത്തിക കുറ്റാന്വേഷണവിഭാഗം ഏർപ്പെട്ടിരിക്കുന്നത്. ഇതിനകം 37 റെയിഡുകൾ നടത്തി. ഇതിൽ 24 എണ്ണം അളവും തൂക്കവും വകുപ്പ് കൺട്രോളറുടെ സഹായത്തോടെ നടത്തിയ ജോയിന്റ് റെയിഡുകളായിരുന്നു. 24 ആളുകളുടെ പേരിൽ നടപടികളെടുത്തിട്ടുണ്ട്. ഇതിൽ ഒരെണ്ണം അവശ്യ സാധന നിയമം മറികടന്ന് ബേബി ഫുഡ് സ്റ്റോക്ക് ചെയ്തതിനും മറ്റൊരെണ്ണം ഫോർവേർഡ് കോൺട്രാക്ട്സ് ആക്ടിനു വിപരീതമായി നിയമവിരുദ്ധമായ രീതിയിൽ കൊപ്ര വ്യാപാരം നടത്തിയതിനുമായിരുന്നു.



# 20

## പ്രവർത്തനനിരതമായ പൊതുമേഖല

**പൊതുമേഖലാ സംരംഭങ്ങളുടെ കാര്യക്ഷമതവർദ്ധിപ്പിച്ച് ഉത്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുക. പ്രവർത്തനം കൂടുതൽ സജീവമാക്കാൻ പ്രത്യേക വ്യവസായസെല്ല്.**

ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ വ്യാവസായിക രംഗത്ത് ഒരു പുതിയ ഉണർവ് സംജാതമായിട്ടുണ്ട്. ഇരുപതിന സാമ്പത്തിക പരിപാടിയുടെ വെളിച്ചത്തിൽ കൈക്കൊണ്ടിട്ടുള്ള വ്യാവസായിക സമീപനമാണ് ആശാവഹമായ ഈ മാറ്റം കുറിച്ചത്. വ്യാവസായികോല്പാദനത്തിൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ അടുത്ത കാലത്തായി സംസ്ഥാന ഗവൺമെൻറിന് കഴിഞ്ഞു. സംസ്ഥാന ഗവൺമെൻറ് നല്കിയിട്ടുള്ള പ്രോത്സാഹനത്തിൻെറയും കെ. എസ്. ഐ. ഡി. സി., കെ. എഫ്. സി., സിഡ്കോ, തുടങ്ങിയ വ്യവസായ വികസന ഏജൻസികളുടെ സംഘടിത ശ്രമത്തിൻെറയും ഫലമായി വ്യവസായ രംഗത്ത് മെച്ചപ്പെട്ട ഫലം ഉളവായി തുടങ്ങിയിട്ടുണ്ട്. ഇടത്തരം—ഘനവ്യവസായ രംഗത്ത് കെ. എസ്. ഐ. ഡി. സി. സംസ്ഥാനത്ത് ഒരു ഊർജ്ജിത പരിപാടി ആരംഭിച്ചിരിക്കുകയാണ്. എഴുപത്തിയെട്ട് വ്യവസായ സ്ഥാപനങ്ങളെ കെ. എസ്. ഐ. ഡി. സി. സഹായിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തു പോരുന്നു. നൂറ്റിയെഴുപത് പുതിയ വ്യവസായ സംരംഭങ്ങൾ ഇപ്പോൾ കെ. എസ്. ഐ. ഡി. സി. യുടെ പരിഗണനയിലുണ്ട്. റബർ വ്യവസായം, ഇലക്ട്രോണിക്സ്, ഘനേതര എഞ്ചിനീയറിംഗ്, രാസവസ്തു-ഔഷധ നിർമ്മാണ വ്യവസായം എന്നീ രംഗങ്ങളിൽ പുതിയ പദ്ധതികൾ കണ്ടെത്താനുള്ള ശ്രമത്തിലുമാണ് ഈ സ്ഥാപനം.

പൊതുമേഖലാ രംഗത്ത് കേന്ദ്രഗവൺമെൻറിൻെറ കേരളത്തിലെ മുതൽമുടക്ക് ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. കൊച്ചിയിൽ 147 കോടി രൂപയുടെ മുതൽ മുടക്കോടുകൂടി സ്ഥാപിക്കാൻ പോകുന്ന കാപ്രോലാക്ടം പ്രൊജക്ട് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഈ പദ്ധതി 1986-ൽ പ്രവർത്തനം ആരംഭിക്കും. പ്രതിവർഷം 2,20,000 ടൺ അമോണിയം സൾഫേറ്റ് ഉല്പാദിപ്പിക്കാനുള്ള ഫാക്ടിൻെറ വളം നിർമ്മാണ ശേഷി 27,000 ടൺ കൂടി കൂടുതലായി ഉല്പാദിപ്പിക്കത്തക്ക രീതിയിൽ വികസിപ്പിക്കും. നെടുമങ്ങാട് താലൂക്കിലെ വലിയമലയിൽ ഐ. എസ്. ആർ. ഓ. യുടെ 300 കോടി രൂപയുടെ ഉപഗ്രഹ വാഹിനി നിർമ്മാണ പദ്ധതി ആരംഭിക്കും. ഈ പദ്ധതി 1000 പേർക്ക് തൊഴിൽ നല്കും. പ്രതിവർഷം 300 ദശലക്ഷം നിരോധ് നിർമ്മിക്കാനായി 10 കോടി രൂപയുടെ ഒരു വികസന പരിപാടിക്ക് ഹിന്ദുസ്ഥാൻ ലാറ്റക്സിന് കേന്ദ്രം അനുമതി നല്കിയിട്ടുണ്ട്. മൂന്നുകോടി രൂപ മുതൽ മുടക്കി പാലക്കാട് ഒരു ഫ്ളൂയിഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കാനും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഏഴുകോടി രൂപ മുതൽ മുടക്കി ഇരിങ്ങാലക്കുടയിൽ പ്രീമോ പൈപ്പ് ഫാക്ടറി സ്ഥാപിക്കും. ഉദുമ, മലപ്പുറം, മാവേലിക്കര എന്നിവിടങ്ങളിൽ ഓരോ സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കാൻ പദ്ധതി രേഖ തയ്യാറാക്കി. അഞ്ഞൂറു കോടി രൂപ ചെലവാക്കി ഏഴിമലയിൽ സ്ഥാപിക്കുന്ന നാവിക അക്കാദമി ആ പ്രദേശത്തിൻെറ വികസനത്തെ ത്വരിതപ്പെടുത്തുന്നതാണ്.

ചെറുകിട വ്യവസായങ്ങളുടെ നിലനില്പ് ഭദ്രമാക്കുന്നതിന് ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർക്ക് നല്കി. പൊതുമേഖലാ വ്യവസായങ്ങളുടെ പ്രവർത്തനം സജീവമാക്കാൻ സെക്രട്ടറിയേറ്റിൽ ഒരു വ്യാവസായിക സെൽ രൂപീകരിക്കാൻ നടപടി കൈക്കൊണ്ടു കഴിഞ്ഞു. വ്യവസായ മേഖലയ്ക്ക് കേന്ദ്രത്തിൽ നിന്ന് കൂടുതൽ സാമ്പത്തിക സഹായം നേടാനായുള്ള ചർച്ചകൾ നടന്നു കഴിഞ്ഞു.

### കെൽട്രോൺ

കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ഇൻസ്ട്രുമെൻേറഷൻ സിസ്റ്റം, മൈക്രോപ്രോസസർ ബേസ്ഡ് സിസ്റ്റം തുടങ്ങിയ വൈവിദ്ധ്യവല്ക്കരണ പരിപാടികൾ നടപ്പാക്കി വരുന്നു. കെൽട്രോൺ ആരംഭിക്കാൻ പോകുന്ന പുതിയ റസിസ്റ്റർ യൂണിറ്റിൽ നിന്ന് ഇലക്ട്രോണിക്സ് ഉപയോഗിച്ചുള്ള വൈദ്യോപകരണങ്ങൾ നിർമ്മിക്കും. കെൽട്രോണിൻെറ മറ്റൊരു ഫാക്ടറി കുളത്തൂരിൽ സ്ഥാപിക്കാനായി നടപടികളെടുത്തിട്ടുണ്ട്.

കോർപ്പറേഷൻെറ മൊത്തം ഉത്പാദനം 1981—82-ൽ ഏകദേശം 30 കോടി രൂപയോളം എത്തിയിരുന്നു. ആ വർഷം 217 പേർക്ക് കൂടുതലായി തൊഴിൽ നല്കാനും കോർപ്പറേഷന് കഴിഞ്ഞു. ടെലിവിഷൻ സെറ്റ് നിർമ്മിക്കാനുള്ള കോർപ്പറേഷൻെറ ഒരു പുതിയ കേന്ദ്രം താമസിയാതെ മാളയിൽ പ്രവർത്തിച്ചു തുടങ്ങും. കേരള

സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പ്രവർത്തനം പ്രോത്സാഹജനകമാണ്. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് ഇൻഡസ്ട്രീസ്, കേരള സോപ്പ് ആന്റ് ഓയിൽ ലിമിറ്റഡ്, കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെയും ഇക്കൊല്ലത്തെ പ്രവർത്തനം മെച്ചമാണ്. ഈ കമ്പനികളുടെ മൊത്തം ഉല്പാദനവും മൊത്തം വില്പനയും യഥാക്രമം മുപ്പത്തിയാറും മുപ്പതും ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. കേരള മെറ്റൽസ് ആന്റ് മിനറൽസിന് അതിന്റെ പ്രവർത്ത



നശേഷി വർദ്ധിച്ച രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കമ്പനിയുടെ ഉല്പാദനത്തിന്റെ അളവിലും അതിൽനിന്നുള്ള വരവിലും വർദ്ധനവ് ഉണ്ടായി. 'കേരള ക്ലോറേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്' മാവേലിക്കര, 'ബാൽമർ ലാറി ആന്റ് കോ ലിമിറ്റഡ്' അരൂർ, 'ട്രാവൻകൂർ ഇലക്ടോ കെമിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്' ചിങ്ങവനം, 'സൗത്ത്ഇൻഡ്യൻ വയർ റോപ്പ്സ് ലിമിറ്റഡ്' ഇടത്തല, തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ 1980–81–ൽ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചു. ലാഭത്തിൽ നടന്നു വരുന്ന കമ്പനികളുടെ കൂട്ടത്തിൽ 'ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്' പ്രത്യേക പരാമർശമർഹിക്കുന്നു. കമ്പനിയുടെ ലാഭം അഞ്ചു ലക്ഷം രൂപയിൽ നിന്ന് (1980) 130 ലക്ഷം രൂപയായി (1981) വർദ്ധിച്ചു. 'ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്', 'ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്' എന്നീ രണ്ടു കമ്പനികളുടെ യഥാക്രമം 34 ലക്ഷം രൂപയുടെയും 75 ലക്ഷം രൂപയുടെയും നഷ്ടം ആ വർഷം യഥാക്രമം 34 ലക്ഷം രൂപയുടെയും 28 ലക്ഷം രൂപയുടേയും ലാഭമാക്കി മാറ്റാൻ കഴിഞ്ഞു.

## ഇന്ത്യാ ഗവൺമെന്റ് സ്ഥാപനങ്ങൾ

ഇന്ത്യാ ഗവൺമെന്റ് സ്ഥാപനങ്ങളായ കൊച്ചിൻ റിഫൈനറീസ്, ഫാക്ട്, മോഡേൺ ബേക്കറീസ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് എന്നിവ ലാഭത്തിലാണ്നടന്നു കൊണ്ടിരിക്കുന്നത്. വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറി വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം ഉടനെ ആരംഭിക്കുന്നതാണ്.

ഗവൺമെന്റിന്റെ കീഴിലുള്ള 75 കമ്പനികളുടെ കൂട്ടത്തിൽ 39 എണ്ണത്തിന്റെ മാത്രമേ ഓഡിറ്റ് ചെയ്ത കണക്കുകൾ ലഭിച്ചിട്ടുള്ളൂ. അതിൽ 26 എണ്ണം 1980–81–ൽ ലാഭത്തിലാണ് പ്രവർത്തിച്ചത്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള സംസ്ഥാന ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ രണ്ടു സ്ഥാപനങ്ങൾ യഥാക്രമം 15.97 ലക്ഷം രൂപയുടെയും 1.58 ലക്ഷം രൂപയുടെയും ലാഭവീതം നല്കിയിട്ടുണ്ട്. ലാഭത്തിൽ നടത്താൻ കഴിഞ്ഞ (1980–81) കമ്പനികൾ താഴെ പറയുന്നവയാണ് — കെ. എസ്. ഐ. ഡി. സി., സ്റ്റീൽ കോംപ്ളക്സ് ലിമിറ്റഡ്., കേരള ഫിഷിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്,കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരളാ സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേരളാ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ പ്ളൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, ദി റിഹാബിലിറ്റേഷൻ പ്ളാന്റേഷൻസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ദി പ്ളാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള അർബൻ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്ഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ്.

വ്യവസായം ആരംഭിക്കുന്നതിന് അവസരങ്ങൾ വേണ്ടുവോളമുള്ള സംസ്ഥാനമാണ് കേരളം. ആദായകരമായ മൂലധന നിക്ഷേപത്തിനും സാദ്ധ്യതകൾ ഇവിടെ ധാരാളമുണ്ട്. ഉത്സാഹശീലരും കഠിനാധ്വാനികളുമായ ജനങ്ങളും പ്രയോജനപ്പെടുത്താവുന്ന പ്രകൃതി വിഭവങ്ങളും ഇവിടെയുണ്ട്. വിദ്യുച്ഛക്തിക്ക് ഇവിടെ പഞ്ഞമില്ല. ദുർല്ലഭമായ ധാതുസമ്പത്ത്, വനവിഭവങ്ങൾ, സമുദ്രോല്പന്നങ്ങൾ, നാണ്യവിളകൾ, വിദഗ്ധ തൊഴിലാളികൾ, ആശയവിനിമയ–ഗതാഗത സൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിലും കേരളം അനുഗൃഹീതമാണ്.



ലക്ഷ്യബോധത്തോടെയുള്ള
ധാർമികമായ പരിശ്രമമേതും
വിജയപര്യവസായിയായിരിക്കും

സാമൂഹികജീവിതത്തിന്
സമ്യക്കായ വൃദ്ധിയും ഭദ്രതയും കൈവരുത്താൻ
സമയബന്ധിതമായി ശ്രമിക്കുമ്പോൾ
ചില തലങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്

സമൃദ്ധിയിലേക്കുള്ള ദേശീയ മഹാപ്രയാണത്തിൽ
പിന്നിടേണ്ട ആ സോപാനങ്ങളെ
ചൂണ്ടിക്കാണിക്കുക മാത്രമേ
ഇവിടെ ചെയ്തിട്ടുള്ളു

കർമചടുലതയോടെ
ഈ പടവുകൾ കടന്നേറാൻ
പ്രതിബദ്ധരാണ് നമ്മൾ

11497

(malayalam)
**samṛuddhiyilēkkuḷḷa sōpāṅam**
(stairs to prosperity)
–salient features of the
new 20 point programme

august 1982

not for sale

designed and produced by
the directorate of public relations
government of kerala trivandrum and
printed at the text book press thrikkakara



designed and produced by the directorate of
public relations, government of kerala

PRINTED BY THE MANAGING DIRECTOR KERALA BOOKS AND PUBLICATIONS SOCIETY
AT THE TEXT BOOK PRESS, THRIKKAKARA, COCHIN-682 030




11497

# സമൃദ്ധിയിലേക്കുള്ള സോപാനം

പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

Indic Digital Archive Foundation
gpura.org